M·S
476

476

# തിരുവിതാംകൂർ ആററ്ലസ് ഭൂമിശാസ്ത്രം.



## I.

### തിരുവിതാംകൂറിന് ഇന്നത്തെ രൂപം എങ്ങിനെ ഉണ്ടായി എന്ന്.

ഏകദേശം 400 സംവത്സരത്തിനു മുമ്പ് തിരുവിതാംകൂറിന്റെ കൂടുതൽ നീളം 70 മൈലും, കൂടുതൽ വീതി 30 മൈലും മാത്രമായിരുന്നു. പത്മനാഭപുരത്തിന് തെക്കുള്ള മുട്ടമല മുതൽ ഇടവാവരെ വ്യാപിച്ചിരുന്ന ഇതിന് വടക്ക് കൊല്ലം, ഇളയിടത്തുനാട് ഈ രാജ്യങ്ങളും. കിഴക്ക് സഹ്യപർവ്വതവും. തെക്ക് നാഞ്ചിനാടും, പടിഞ്ഞാറ് അറബിക്കടലുമായിരുന്നു അതിരുകൾ. നാഞ്ചിനാട് വിസ്താരംകൊണ്ട് വളരെ ചെറുതായിരുന്നു, എങ്കിലും ഏററവും ഫലപുഷ്ടമായതും ധാരാളം ജനപുഷ്ടിയുള്ളതുമായ ഒരു മൈതാനപ്രദേശമാണ്. ഇതിന്റെ കിഴക്കുഭാഗത്തുള്ള വിടവു നിമിത്തം പ്രകൃത്യാതന്നെ ഇത് തിരുനൽവേലിയുമായി യോജിച്ചുകിടക്കുന്നു. തിരുവിതാംകൂറിനെ വേർതിരിക്കത്തക്കവണ്ണം വടക്കുവശത്ത് പ്രകൃതിരക്ഷകൾ ഇല്ലാതിരുന്നതിനാൽ ഈ ചെറിയ രാജ്യം പണ്ടുപണ്ടേ തിരുവിതാംകൂറിന്റെ അധീനതയിൽ ആയിരുന്നു എങ്കിലും പാണ്ടിരാജാക്കന്മാരുടെ ആക്രമണകാലങ്ങളിൽ മേൽക്കോയ്മയിൽനിന്ന് യാതൊരു സഹായവും കിട്ടാതെ വരികയും, ദാനോപായംകൊണ്ട് ശത്രുക്കളെ വല്ല വിധേനയും പറഞ്ഞയച്ചുകഴിയുമ്പോൾ തിരുവിതാംകൂറിലെ സൈന്യങ്ങൾ രാജഭോഗം പിരിക്കുന്നതിന് എത്തുകയും ചെയ്തു പതിവായിരുന്നു. ഇങ്ങനെ പാണ്ഡ്യരാജാക്കന്മാരെക്കൊണ്ടും, തിരുവിതാംകൂറുകാരെക്കൊണ്ടും പീഡിതന്മാരായ ജനങ്ങൾ തങ്ങളെ രക്ഷിക്കുന്നതിന് ശക്തിയില്ലാത്ത തിരുവിതാംകൂർ രാജാവിനു കരം കൊടുക്കുന്നതല്ലെന്നു പാണ്ഡ്യം തീരുമാനിച്ചു. രവിവർമ്മ രാജാവിന്റെ കാലത്ത് അദ്ദേഹത്തിന്റെ നയവിശേഷംകൊണ്ട് അവരെ സമാധാനപ്പെടുത്തി, നാഞ്ചിനാട്ടിനെ 880-ാമാണ്ടിടയ്ക്ക് തിരുവിതാംകൂറിന്റെ പൂർണ്ണാധികാരത്തിൽ ആക്കിത്തീർത്തു. അനന്തരം ഉണ്ണിക്കേരളവർമ്മ, രാമവർമ്മ ഈ രാജാക്കന്മാരുടെ കാലത്ത്, രാജ്യത്തിൽ എട്ടുവീട്ടിൽപിള്ളമാരുടെയും മററും ഉപദ്രവങ്ങളും അന്തഃഛിദ്രങ്ങളും കൊണ്ട് കുഴപ്പം നേരിട്ടിരുന്നതിനാൽ രാജ്യവിസ്തൃതിക്കുള്ള ശ്രമം ഏകദേശം 25 സംവത്സരത്തേക്കുണ്ടായില്ല. അതിനുശേഷമുണ്ടായ അതിത്വരിതമായ രാജ്യവിസ്തൃതിയിൽ 903-ൽ രാജ്യഭാരം ആരംഭിച്ച മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ വീര്യപരാക്രമവും, സ്വാമിഭക്തനും മന്ത്രിസത്തമനുമായ രാമയ്യൻ ദളവായുടെ അക്ഷീണ പരിശ്രമവും, പ്രാധാന്യത്തെ അർഹിക്കുന്നു. രാജ്യഭാരം ആരംഭിച്ച ഉടൻ ശത്രുക്കളെ ഉൻമൂലനം ചെയ്ത്, അന്തഃഛിദ്രങ്ങളെ നിശ്ശേഷം നശിപ്പിച്ചതിന്റെശേഷം രാജ്യത്തെ വിസ്താരപ്പെടുത്തുന്നതിനുള്ള മഹോദ്യമം ആരംഭിച്ചു. അനവധി ചെറുരാജ്യങ്ങളുണ്ടായിരുന്നാലുള്ള അസ്വാസ്ഥ്യത്തെ ഓർത്തോ, അല്ല തന്റെ രാജ്യത്തെ ഏതെങ്കിലും പ്രകൃതിരക്ഷയുള്ള സ്ഥാനംവരെ വ്യാപിപ്പിക്കേണമെന്ന് കരുതിയോ, അഥവാ, ഒരു വലിയ രാജ്യത്തിൽ താമസിച്ചാലുണ്ടാകുന്ന കച്ചവടം, കൈത്തൊഴിൽ, സഞ്ചാരസൌകര്യം, പരിഷ്ക്കാരാഭിവൃദ്ധി, തുടങ്ങിയുള്ള ജനങ്ങളുടെ ഗുണത്തെമാത്രം ഉദ്ദേശിച്ചോ, ഏതായാലും രാജ്യസംവർദ്ധനത്തിൽ അത്യാസക്തനായ രാമയ്യന്റെ തീവ്രയത്നവും, സേനാനിയായ ഡിലനായിയുടെ സഹകരണവും ഉദ്ദിഷ്ടഫലപ്രാപ്തിക്ക് സഹായമായിത്തീർന്നു. 906-ൽ ചിറവാടിനെ (കൊല്ലത്തെ) യുദ്ധാനന്തരവും 910-ൽ ഇളയിടത്തു നാടിനെ, അവിടത്തെ റാണി [illegible] ത്തുണർ കൊടുത്തും, 924-ൽ കായംകുളം രാജാവിനെ യുദ്ധത്തിൽ തോല്പിച്ച് ഓടിച്ചും, 928-ന് ശേഷം ചെമ്പകശ്ശേരിയെ, രാജാവിനെ ബന്ധനസ്ഥനാക്കിയും തിരുവിതാംകൂറിനോട് ചേർത്തു. 920-ന് ഇടയ്ക്ക് പന്തളംരാജ്യത്തെ, അവിടത്തെ രാജാവ് സ്വമനസ്സാലെ വിട്ടുകൊടുത്തതിനാൽ കൂട്ടിച്ചേർക്കുന്നതിനിടയായി. തെക്കുംകൂർ, വടക്കുംകൂർ, ഇവിടങ്ങളിലെ രാജാക്കന്മാർ ശത്രുക്കളെ സഹായിച്ച കാരണത്താൽ രാമയ്യൻ ദളവാ ആ രാജ്യങ്ങളുമായുള്ള യുദ്ധത്തിന് സന്നാഹം കൂട്ടിവരുന്നു എന്നുള്ള വിവരമറിഞ്ഞ്, അവിടങ്ങളിലെ രാജാക്കന്മാർ ഓടി ഒളിക്കയാൽ ആ ദേശങ്ങളും 930-ന് മുമ്പ് തിരുവിതാംകൂറിൽ ലയിച്ചു. തോററോടിയ രാജാക്കന്മാർ കൊച്ചി രാജാവിന്റെ സഹായത്തോടുകൂടി തിരുവിതാംകൂറിനെ ആക്രമിക്കുന്നതിനായി പുറപ്പെട്ടെത്തി. ഈ സൈന്യത്തെ രാമയ്യൻ ദളവായും ഡിലനായിയുംകൂടി നിശ്ശേഷം തോല്പിക്കയും, കൊച്ചിയെ ആക്രമിക്കുന്നതിന് പുറപ്പെടുകയും ചെയ്തു. ഈ വിവരമറിഞ്ഞ് ഭയവിഹ്വലനായ കൊച്ചി രാജാവ്. ചാഴൂർ തമ്പാക്കന്മാരുടെ വകയായ കരപ്പുറം ദേശത്തെ തനിക്കുള്ള അധികാരം മുഴുവൻ വിട്ടൊഴിഞ്ഞു തിരുവിതാംകൂറിലേക്ക് കൊടുത്തു. ഇങ്ങനെ വടക്ക് അതുക്കാറിവരെയുള്ള പ്രദേശം തിരുവിതാംകൂറിലേക്ക് ലഭ്യമായി; എങ്കിലും, ആലങ്ങാട്, പറവൂർ ഈ രണ്ടു പ്രദേശങ്ങളും [illegible] യിരുന്നു.

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലശേഷം രാമവർമ്മ മഹാരാജാവ് രാജ്യഭാരമേററു. കൊച്ചി, തിരുവിതാംകൂർ ഈ രാജ്യങ്ങളെ പിടിച്ചടക്കണമെന്നുള്ള വ്യാമോഹത്തോടുകൂടിയ സാമൂതിരി 936-നിടയ്ക്ക് കൊച്ചിയെ ആക്രമിച്ചു. കൊച്ചിരാജാവ് സാമൂതിരിയെ ഓടിക്കുന്നതിനു തിരുവിതാംകൂറിന്റെ

സഹായം അപേക്ഷിക്കുകയാൽ, ഒരുടമ്പടിയുണ്ടാകുകയും അതിൻപ്രകാരം കൊച്ചിയുടെ വക കുറെ സ്ഥലം തിരുവിതാംകൂറിലേക്ക് വിട്ടുകൊടുക്കേണ്ടതായി വരികയും ചെയ്തു. കൊച്ചീരാജ്യത്തിന്റെ പടിഞ്ഞാറുവശം, വേമ്പനാട്ടു കായലിനെ അഴികാരാഴിയാൽ യോജിപ്പിക്കുന്ന അറബിക്കടലും, തെക്കും കിഴക്കും തിരുവിതാംകൂർ രാജ്യവും ആകയാൽ, തിരുവിതാംകൂറുമായുള്ള ഉടമ്പടിയെ ലംഘിക്കാതിരിക്കുന്നിടത്തോളം കാലം മേല്പറഞ്ഞ മൂന്നു മാർഗ്ഗങ്ങളിൽ കൂടിയും ശത്രുക്കൾ ആക്രമിക്കുന്നതിനു തരമില്ലെന്നും, അതുപോലെ വടക്കുഭാഗവും തിരുവിതാംകോട്ടുകാരുടെ വകയായിത്തീർന്നാൽ തന്റെ പ്രധാന സ്ഥലത്ത് ശത്രുക്കളുടെ ആക്രമണം എളുപ്പം ഉണ്ടാകുന്നതല്ലെന്നും നിശ്ചയിച്ച്, പടിഞ്ഞാറ് അറബിക്കടൽവരെ വ്യാപിച്ചുകിടക്കുന്നതും, വടക്കുവശത്ത് പ്രകൃത്യാ അടവില്ലാത്തതുമായ ആലങ്ങാട്, പറവൂർ, ഈ രണ്ടു രാജ്യങ്ങളിൽ തനിക്കുണ്ടായിരുന്ന മേൽക്കോയ്മയെ തിരുവിതാംകൂറിലേയ്ക്ക് വിട്ടുകൊടുക്കുകയും അതിൻപ്രകാരം, ധീരപുരുഷനും സ്വാർത്ഥപരിത്യാഗിയുമായ അയ്യപ്പൻ മാർത്താണ്ഡപിള്ളദളവാ സാമൂതിരിയെ തോല്പിച്ച് ഓടിക്കയും ചെയ്തു. ഈ ജയം കണ്ട് സന്തുഷ്ടമാനസനായ കൊച്ചീരാജാവ്, പുത്തൻചിറ എന്ന സ്ഥലം അദ്ദേഹത്തിന് ദാനം ചെയ്തു. അദ്ദേഹം സസന്തോഷം തന്റെ നാടിനോട് യോജിപ്പിച്ച ഈ സ്ഥലം, ഇന്നും തിരുവിതാംകൂറിന്റെ വടക്കുപടിഞ്ഞാറെ മൂലയിൽ ഒരു പൊട്ടുപോലെ ശോഭിക്കുന്നു. മുൻപറഞ്ഞ ഉടമ്പടി കഴിഞ്ഞ് രണ്ടു വർഷത്തോളമായശേഷം, ആലങ്ങാട്, പറവൂർ ഈ ദേശങ്ങളിലെ രാജാക്കന്മാർ പെൻഷൻ സ്വീകരിച്ചുകൊണ്ടു സ്വന്തമനസ്സാലെ തങ്ങളുടെ രാജ്യങ്ങളെ തിരുവിതാംകൂറിലേക്ക് വിട്ടുകൊടുത്തു. ദാനശീലനായ ബാലരാമവർമ്മ മഹാരാജാവിന്റെ കാലത്ത് ദിവാനായിരുന്ന് തിരുവിതാംകൂർ ചരിത്രത്തെ മലിനപ്പെടുത്തീട്ടുള്ള ജയന്തൻ ശങ്കരൻ നമ്പൂതിരി വെറും സേവകനായിരുന്നപ്പോൾ, കരപ്പുറം ദേശത്തെ കൊച്ചീരാജാവിന് തിരിച്ചുകൊടുത്തിരിക്കുന്നതായി നീട്ടെഴുതി തുല്യം ചാർത്തിച്ച് തോട്ടപ്പായി നമ്പൂതിരിവശം കൊടുത്തയച്ച വിവരമറിഞ്ഞ്, സ്വദേശസ്നേഹിയും വീരപുരുഷനുമായ രാജാ കേശവദാസൻ പിന്നാലെ എത്തി മാർഗ്ഗമദ്ധ്യേ അയാളെ പിടികൂടി ആ നീട്ട് തിരികെ വാങ്ങിച്ചില്ലായിരുന്നു എങ്കിൽ, നാളികേരവൃക്ഷങ്ങൾക്ക് കീർത്തിപ്പെട്ട ചേർത്തലത്താലൂക്ക് മുഴുവൻ ഇന്ന് കൊച്ചിവകയായിരിക്കുമായിരുന്നു.

## ചരിത്രസംബന്ധമായ പ്രധാന സ്ഥലങ്ങൾ.

1) **കന്യാകുമാരി**— പണ്ട് പാണ്ടി രാജാക്കന്മാരുടെ ആക്രമണത്തെത്തടുക്കുന്നതിനായി കടകുറെനിന്നും കെട്ടിയിട്ടുള്ള കോട്ട ഇതിനു സമീപം വന്നവസാനിക്കുന്നു.

2) **മഹാദാനപുരം**— അഗ്രഹാരങ്ങൾ കെട്ടി ബ്രാഹ്മണർക്ക് ദാനം ചെയ്ത സ്ഥലം.

3) **ശുചീന്ദ്രം**— കൊച്ചീരാജ്യത്തെ സാമൂതിരി ആക്രമിച്ചപ്പോൾ കൊച്ചിയും തിരുവിതാംകൂറുമായുണ്ടായ 936—ലെ ഉടമ്പടിപ്രകാരം, എന്നെന്നും നടന്നുകൊള്ളാമെന്ന് കൊച്ചിരാജാവ് ഇവിടെ വച്ചാണ് സത്യം ചെയ്തത്.

4) **കോട്ടാർ**— ഏകദേശം 4 നൂറ്റാണ്ടിനു മുമ്പ് തിരുവിതാംകോടിനെ ആക്രമിക്കുന്നതിനായി വന്ന മധുരയിലെ വിടുള രാജകുമാരന്റെ വടുക സൈന്യത്തെ ഫ്റാൻസിസ് സേവിയർ (ശവരിയാർ) ഇവിടെവച്ച് തോല്പിച്ചോടിച്ചു. ഇതു കണ്ട് സന്തുഷ്ടനായി അന്നത്തെ രാജാവായ ഉദയമാർത്താണ്ഡവർമ്മ, വേണാട്ടിൽ സ്വാതന്ത്ര്യമായി ക്രിസ്തുമതപ്രചരണം ചെയ്യുന്നതിന് അദ്ദേഹത്തിന് അനുവാദം കൊടുത്തു.

5) **അഴകിയ പാണ്ടിപുരം**— നാഞ്ചിക്കുറവന്റെ തലസ്ഥാനമായിരുന്നു.


6) **കുളച്ചൽ**— തിരുവിതാംകൂറിനെ ആകമാനം നശിപ്പിക്കേണമെന്നുള്ള അഹങ്കാരത്തോടുകൂടി 916—ാമാണ്ട് ഇവിടെ വന്നിറങ്ങിയ ഡച്ചുസൈന്യത്തെ നിശ്ശേഷം തോല്പിക്കയും സേനാനായകന്മാരായ ഡിലനായി, ഡോനടി, എന്നിവരെ തടവുകാരായി പിടിക്കയും ചെയ്തു. പിന്നീട്, വലിയ കപ്പിത്താൻ എന്നു പ്രസിദ്ധനായിത്തീർന്ന ഡിലനായി, അയൽരാജ്യങ്ങളുമായുണ്ടായ യുദ്ധങ്ങളിൽ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ വിശ്വസ്ത സേനാനായകനായിരുന്നു.

7) **ഇരണിയൽ**— ഇവിടത്തെ കൊട്ടാരത്തിൽവച്ച് ഒരു തമ്പുരാൻ ഉടലോടെ സ്വർഗ്ഗത്തു പോയതായി വിശ്വസിക്കപ്പെട്ടിരിക്കുന്നു.

(8) **തിരുവിതാംകോട്**— തിരുവിതാംകൂറിന്റെ പ്രാചീന തലസ്ഥാനം. നമ്മുടെ രാജ്യത്തിന് ഇന്നത്തെ പേർ സിദ്ധിച്ചത് ഇവിടെനിന്നാണ്.

9) **തേങ്ങാപ്പട്ടണം**— 250 വർഷം മുൻപ് ഡച്ചുകാരുടെ കച്ചവടസ്ഥലമായിരുന്നു.

10) **പത്മനാഭപുരം**— പ്രധാനമായി രണ്ടു കോട്ടകൊണ്ട് സംരക്ഷിച്ചിട്ടുള്ള പഴയ രാജധാനി. രാജദ്രോഹികളായ എട്ടുവീട്ടിൽ പിള്ളമാരേയും, മാടമ്പിമാരേയും ഇവിടെവച്ച് നിഗ്രഹിച്ചതായി പറയപ്പെട്ടിരിക്കുന്നു.




No 2

തിരുവിതാംകൂർ.

(400 വഷം മൻപ്)

11. തിരുവട്ടാർ— 850–ാമാണ്ടിടയ്ക്ക് തിരുവിതാംകൂറിനെ ആക്രമിച്ച, മുഗൾസർദാരെ കോട്ടയം കേരളവർമ്മരാജാവ് ഇവിടെവച്ചു യുദ്ധത്തിൽ തോല്പിച്ചു. ആധുനിക തിരുവിതാംകൂറിന്റെ സംസ്ഥാപനത്തിൽ ധീരധീരം പ്രവർത്തിച്ച രാമയ്യൻദളവായുടെ ബാല്യവാസം ഇവിടത്തെ അരുവിക്കര ഗ്രാമത്തിലായിരുന്നു.

12) തലക്കുളം— ബാലരാമവർമ്മ മഹാരാജാവിന്റെ കാലത്ത് ഏതാനും റസിഡൻറന്മാരുടെ അപ്രീതിയും, അധികാരപ്രമത്തതയുംനിമിത്തം വലഞ്ഞ്, അവരോടു പോരാടി ഗത്യന്തരമില്ലാതെ ആത്മഹത്തി ചെയ്യേണ്ടിവന്ന വേലുത്തമ്പി ദളവായുടെ ജനനസ്ഥലം.

13) തിരുവിറം— അയ്യപ്പൻ മാർത്താണ്ഡപിള്ള ദളവായുടെ ജനനസ്ഥലം.

14) കുന്നത്തൂർ— തിരുവിതാംകൂർ സംസ്ഥാനത്തെ, മൈസൂർ വ്യാഘ്രമായ ടിപ്പുസുൽത്താന്റെ ആക്രമണത്തിൽനിന്നു രക്ഷിച്ച രാജാകേശവദാസന്റെ ജനനസ്ഥലം.

15) നെയ്യാററിൻകര— ഇവിടത്തെ കൃഷ്ണസ്വാമിക്ഷേത്രത്തിനു സമീപമുള്ള പ്ലാവിന്റെ പൊത്തിൽ മാർത്താണ്ഡവർമ്മ മഹാരാജാവ് ബാല്യകാലത്തിൽ ശത്രുക്കളെ ഭയന്ന് ഒളിച്ചിരുന്നതായി പറയപ്പെടുന്നു.

16) പൂവാർ— ഇവിടത്തെ ഒരു മഹമ്മദീയ കച്ചവടക്കാരന്റെ എഴുത്തുപിള്ളയായി രാജാകേശവദാസൻ താമസിച്ചിരുന്നു.

17) വിഴിഞ്ഞം—
18) കോവളം— } ഈസ്റ്റിൻഡ്യാക്കമ്പനിക്കാരുടെ കച്ചവടസ്ഥലം.

19) ബാലരാമപുരം— ബാലരാമവർമ്മരാജാവിന്റെ സ്മാരകസ്ഥലം.

20) കണ്ണൻമൂല— വേലുത്തമ്പി ദളവായുടെ മൃതശരീരത്തെ, ഇംഗ്ലീഷ്കാർ തൂക്കിലിട്ടതു് ഇവിടെയാണ്.

21) കഴക്കൂട്ടം— 933–ൽ രാജ്യഭാരം ആരംഭിച്ച രാമവർമ്മമഹാരാജാവ് കുഞ്ഞായിരുന്നപ്പോൾ മാതാവിനോടുകൂടി പോകുംവഴിക്ക് ഇവിടെവച്ച് ശത്രുക്കൾ വളയുകയും, കിളിമാനൂർ കോയിത്തമ്പുരാന്റെ കൗശലപ്രയോഗത്താൽ രാജകുമാരനും രാജ്ഞിയും രക്ഷപ്പെടുകയും, അദ്ദേഹം അവരുടെ കൈയിൽ അകപ്പെട്ടു മരിക്കയും ചെയ്തു.

22) നെടുമങ്ങാട്— ഉമയമ്മറാണി ശത്രുക്കളെ ഭയന്നു മുകിലന്റെ ആക്രമണകാലത്ത് ഇവിടെ താമസിച്ചിരുന്നു.

23) വീരകേരളപുരം— (വീരളം) 338–ാമാണ്ടിനിടയ്ക്ക് വേണാടു ഭരിച്ച ശ്രീദേവ[illegible]രകേരളവർമ്മ മഹാരാജാവിന്റെ സ്മാരകസ്ഥലം.

24) അഞ്ചുതെങ്ങ്— ഈസ്റ്റിൻഡ്യാക്കമ്പനിക്കാർക്ക് ആററുങ്ങൽ രാജ്ഞി കൊടുത്ത ഈ സ്ഥലത്ത് അവർ കോട്ടകെട്ടി കച്ചവടം നടത്തിവന്നു. ഇപ്പോൾ ഇതു് ഇംഗ്ലീഷ്കാരുടെ അധീനത്തിലാണ്.

25) കിളിമാനൂർ— കഴക്കൂട്ടത്തുവച്ച് രാജകുമാരനേയും രാജ്ഞിയേയും രക്ഷിച്ചതിന് പ്രതിഫലമായി ഈ പ്രദേശം മുഴവൻ കരമൊഴിവായി കിളിമാനൂർ കൊട്ടാരത്തിലേക്ക് വിട്ടുകൊടുത്തു.

26) ഇടവാ— 200 വർഷം മുൻപ് ഇംഗ്ലീഷുകാർ ഇവിടെ കച്ചവടം നടത്തിവന്നു.

27) പരവൂർ— രാജാകേശവദാസൻ തോട്ടപ്പായ് നമ്പൂതിരിയുടെ പക്കൽനിന്നും, കരപ്പുറം ദേശം കൊച്ചിയിലേക്ക് വിട്ടുകൊടുത്തിരിക്കുന്നതായി മൂല്യം ചാർത്തിയ നീട്ട് ഇവിടെവച്ച് തിരിച്ചു വാങ്ങി.

28) തങ്കച്ചേരി ബ്രിട്ടീഷ് പട്ടാളം കിടന്നിരുന്ന ഇംഗ്ലീഷുകാരുടെ വക സ്ഥലം.

29) കൊല്ലം— ഡച്ചുകാരുടെ പ്രധാന കച്ചവടസ്ഥലമായിരുന്നു.

30) കുണ്ടറ— വേലുത്തമ്പിയുടെ വിളംബരം പ്രസിദ്ധപ്പെടുത്തിയ സ്ഥലം.

31) പടിഞ്ഞാറെക്കല്ലട— ഡച്ചുകാരുടെ കച്ചവടസ്ഥലമായിരുന്നു.

32) മണ്ട്റോത്തുരുത്ത്— ഗൌരി ലക്ഷ്മിഭായി റാണിയുടെ കാലത്ത് റസിഡൻറും ദിവാനുമായിരുന്ന്, തിരുവിതാംകൂറിന് വേണ്ട സഹായങ്ങൾ ചെയ്ത മണ്ട്റോ സായ്പിനു ദാനമായി കൊടുത്ത ഈ സ്ഥലം ഇപ്പോൾ മിഷ്യൻകാരുടെ വകയാണ്.

33) **മണ്ണടി**— ഇവിടെവച്ചാണ് വേലുത്തമ്പി ദളവാ ആത്മഹത്തി ചെയ്തതു്.

34) **ചെങ്കോട്ട**— ചൊക്കംപെട്ടി ജമിന്ദാരിൽനിന്ന് തിരുവിതാംകൂറിലേക്കു കിട്ടി.

35) **പുളിയറ**— സ്വാതി തിരുനാൾ തിരുമനസ്സിന്റെ കാലത്തു് അതിരു് നിർണ്ണയിച്ചപ്പോ[ൾ] നമ്മുടെ രാജ്യത്തോടു ചേർത്തു.

36) **കരുനാഗപ്പള്ളി**—<br>
37) **കായംകുളം**— } ഡച്ചുകാരുടെ കച്ചവടസ്ഥലങ്ങളായിരുന്നു.

38) **മാവേലിക്കര**— ഇവിടെയാണ് തിരുവിതാംകൂറിലെ പ്രധാന രാജകുഡുംബം; തിരുവിതാംകൂർ ചരിത്രത്തിൽ ഒരു പ്രധാന സ്ഥാനത്തെ അർഹിക്കുന്ന ഡച്ചുകാരുമായുള്ള ഉടമ്പടി ഇവിടെവച്ചാണ് നടന്നതു്.

39) **പന്തളം**— പന്തളം രാജ്യം ഭരിച്ചിരുന്ന രാജാക്കന്മാരുടെ താമസസ്ഥലം, (കവിയായിരുന്ന കേരളവർമ്മ തമ്പുരാന്റെ ജനനസ്ഥലം.)

40) **ഹരിപ്പാട്**— ഇതിനു സമീപമുള്ള അനന്തപുരത്തുകൊട്ടാരം, പ്രസിദ്ധ സാഹിത്യകാരനും കേരളപാണിനി എന്നു് പ്രസിദ്ധനുമായിരുന്ന രാജരാജവർമ്മ കോയിത്തമ്പുരാന്റെ ജനനസ്ഥലം.

41) **തോട്ടപ്പള്ളി**— 924-നിടയ്ക്കു് ചെമ്പകശ്ശേരി രാജാവിന്റെ സൈന്യങ്ങളുമായി ഇവിടെ വച്ച് യുദ്ധം നടന്നു.

42) **പുറക്കാട്**— തെക്കുംകൂർ, വടക്കുംകൂർ ഇവിടങ്ങളിലെ രാജാക്കന്മാർ കൊച്ചിയുടെ സഹായത്തോടുകൂടി തിരുവിതാംകൂറിനെ ആക്രമിച്ചു. രാമയ്യൻദളവാ ഇവിടെവച്ച് അവരെ വീണ്ടും പരാജിതരാക്കി.

43) **വള്ളാത്തുരുത്തി**— റസിഡന്റ് കർണ്ണൽ മക്കാളിയോടുള്ള വിരോധം നിമിത്തം, വേലുത്തമ്പി ദളവാ ഏതാനും യൂറോപ്യന്മാരെ ഇവിടത്തെ ആററിൽ കെട്ടിത്താഴ്ത്തുകയും, അവരോടുകൂടിയുണ്ടായിരുന്ന സ്ത്രീകളേയും കുട്ടികളേയും വേണ്ട രക്ഷയോടുകൂടി കൊച്ചിയിലേക്കയയ്ക്കുകയും ചെയ്തു.

44) **അമ്പലപ്പുഴ**— പഴയ രാജധാനി, കുഞ്ചൻനമ്പിയാരുടെ താമസസ്ഥലം.

45) **ആലപ്പുഴ**— രാജാകേശവദാസൻ സ്ഥാപിച്ച കച്ചവടസ്ഥലം.

46) **ആറന്മുള**— രാജാക്കന്മാരുടെ താമസസ്ഥലം.

47) **ചങ്ങനാശേരി**— വേലുത്തമ്പി സ്ഥാപിച്ച ചന്തസ്ഥലം, ഇവിടത്തെ ലക്ഷ്മീപുരത്തു കൊട്ടാരമാണ്, കേരളകാളിദാസനെന്ന് വിഖ്യാതനായിത്തീർന്ന കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ജനനസ്ഥലം.

48) **കുടമാളൂർ**— ചെമ്പകശ്ശേരി രാജാവിനെ ഇവിടെ ബന്ധനസ്ഥനാക്കി താമസിപ്പിച്ചിരുന്നു.

49) **പൂഞ്ഞാറ്**— പഴയ രാജകുടുംബം ഇവിടെയുണ്ടു്.

50) **ഈരാററുപേട്ട**— പണ്ടു് പാണ്ടിയുമായി കരമാർഗ്ഗം കച്ചവടം നടന്നിരുന്നു.

51) **മീനച്ചൽ**— ഒരു സാമന്തന്റെ തലസ്ഥാനമായിരുന്നു.

52) **രാമപുരം**— കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ കർത്താവായ രാമപുരം വാര്യരുടെ ജനനസ്ഥലം.

53) **ഇടപ്പള്ളി**— ഈ പേരോടുകൂടിയ ഒരു ചെറുരാജ്യത്തിന്റെ തലസ്ഥാനമായിരുന്നു. ഈ രാജകുടുംബം ഇപ്പോഴുമുണ്ടു്.

54) **ആലുവാ**— ടിപ്പുസുൽത്താനു്, അവിചാരിതമായ ആപത്തു സംഭവിച്ചതു് ഇവിടെ വച്ചാണ്.

55) **കാലടി**— ആദിശംകരാചാര്യർ സ്വാമികളുടെ ജനനസ്ഥലം.

56) **മാഞ്ഞാലി**— വേലുത്തമ്പി സ്ഥാപിച്ച ഒരു പ്രധാന ചന്തയായിരുന്നു. ഇപ്പോൾ ഇതിന്റെ പ്രാധാന്യം കുറഞ്ഞുവരുന്നു.

57) **പാറക്കടവു**— പറവൂർ തമ്പുരാക്കന്മാരുടെ താമസസ്ഥലം.

## II.

ഒരു രാജ്യത്തിന്റെ ഭൂമിശാസ്ത്രം പഠിക്കുന്നതിനു ഉത്തമമായ മാർഗ്ഗം ആദ്യമായി അതിന്റെ പടം വരച്ചു ശീലിക്കുകയാകുന്നു. ഭൂഗോളമാതൃകയിൽ (ഗ്ലോബിൽ) നിന്നു് കടലാസിലൊ, അതുപോലുള്ള പരന്ന തലത്തിലോ പടം പകർത്തുന്നതിനെപ്പററിയല്ല, ഇവിടെ വിവരിക്കുന്നതു്. പരന്ന ഒരു തലത്തിൽ പടം വരയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന സംഗതികളെപ്പററി മാത്രമാണ്.

(1) മിക്ക രാജ്യങ്ങളുടെയും അതിരു പ്രകൃതി സംബന്ധിച്ച—സമുദ്രം, നദി, പർവ്വതം ഇവയോ ഇവയിൽ ഏതെങ്കിലുമോ ആയിരിക്കും. (കാരണമെന്തു്) സമുദ്രമാണെങ്കിൽ വെറും രേഖകൊണ്ടും, നദിയാണെങ്കിൽ അതിന്റെ ഇരുകരകളിലും മാറിമാറിയുള്ള കുത്തുകൊണ്ടും; പർവ്വതമോ മററു സ്ഥലങ്ങളൊ ആയിരുന്നാൽ കുത്തുരേഖകൊണ്ടും അടയാളപ്പെടുത്തണം. (2) പർവ്വതങ്ങളെ തടിച്ച രേഖകൾകൊണ്ടും, ഇടയ്ക്കു കൊടുമുടികൾ ഉണ്ടെങ്കിൽ അവയെ ചെറിയ വൃത്തങ്ങൾകൊണ്ടും, കുറിക്കുന്നതല്ലാതെ മററുതരം കൃതിമ വേലകൾ ചെയ്യുന്നതു് സമയനഷ്ടവും അഭംഗിയുമാണ്. (3) പേരുകളെല്ലാം വൃത്തിയായി അച്ചടി അക്ഷരത്തിന്റെ വടിവിൽ ഒരേമുറയ്ക്കു് കഴിയുന്നതും വളവുകൂടാതെയും മുറിക്കാതെയും എഴുതണം. (5) വരയ്ക്കുന്ന പടത്തിന്റെ സ്കെയിൽ (ഒരിഞ്ചു എത്ര മൈൽ ആണെന്നു്) പ്രത്യേകം കുറിച്ചിരിക്കണം. എത്ര എങ്കിലും നീളത്തിൽ ഒരു രേഖ വരച്ചു് അതിന്റെ നീളം ഇത്രമൈലാണെന്നു കാണിച്ചിരിക്കയും ചെയ്യണം. സ്കെയിൽ അനുസരിച്ചു പടം വരയ്ക്കുന്നതിനു് ശ്രമിക്കുന്നതിനെക്കാൾ ഉത്തമമായിട്ടുള്ളതു്, ഓരോ പടത്തിനും നിർദ്ദിഷ്ടമായ ചട്ടങ്ങളനുസരിച്ചു സൂക്ഷ്മമായി വരച്ചശേഷം അതിന്റെ നീളമൊ വീതിയൊ അളന്നു് എത്ര ഇഞ്ചുണ്ടെന്നു കണ്ടു് അതുകൊണ്ടു് ആ രാജ്യത്തിന്റെ അതാതു ഭാഗത്തിന്റെ ദൂരത്തെ (രാജ്യത്തിന്റെ നീളം, വീതി ഇവ അറിയുന്നതിനു ഉപയോഗിക്കുന്ന അളവേതു്?) ഹരിച്ചു കണ്ടുപിടിക്കുകയാകുന്നു. അപ്പോൾ ഒരിഞ്ചു ഇത്ര മൈൽ എന്ന ശരിയായ ഒരു സ്കെയിൽ നിങ്ങൾ വരച്ച പടത്തിനു കിട്ടുന്നതാണ്. (6) വരയ്ക്കുന്ന പടത്തിനു് ദിക്കുകളെ കാണിക്കുന്ന ഒരു വടക്കുനോക്കി ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യവും അതിൽ വടക്കുഭാഗത്തിന്റെ പേരെങ്കിലും കുറിച്ചിരിക്കേണ്ടതു് നിർബന്ധിതവും ആകുന്നു. (ഒരു പടത്തിൽ നോക്കി ദിക്കുകളെ കണ്ടുപിടിക്കുന്നതിനുള്ള മാർഗ്ഗമെന്തു?) (7) ഇത്രയും കഴിഞ്ഞാൽ പടത്തിന്റെ നാലുവശവും ചട്ടക്കൂട്ടു രേഖയിടണം. ഇവ ഇരട്ടയായിരിക്കേണ്ടതും, അതിൽ അക്ഷാംശ രേഖാംശങ്ങളുടെ ഡിഗ്രിക്കണക്കു എഴുതുന്നതിനു സൌകര്യമുണ്ടായിരിക്കേണ്ടതുമാണ്. (8) നെടുകേയും കുറുകേയും ഏതാനും രേഖകൾ എല്ലാ ഭൂമിശാസ്ത്ര പടത്തിലും വരച്ചിട്ടുള്ളതു നിങ്ങൾ കണ്ടിരിക്കുമല്ലൊ. നെടുകെ (തെക്കുവടക്കു്) യുള്ള രേഖയ്ക്കു് രേഖാംശം എന്നും, കുറുകെ (കിഴക്കുപടിഞ്ഞാറു്) യുള്ള രേഖയ്ക്കു് അക്ഷാംശമെന്നും പറയുന്നു. നിങ്ങൾ വരയ്ക്കുന്ന പടത്തിൽ ഏററവും മധ്യഭാഗത്തുകൂടി കടന്നുപോകുന്ന ഓരോ അക്ഷാംശ രേഖാംശമെങ്കിലും കാണിച്ചിരിക്കേണ്ടതും രേഖയുടെ ഇരുവശത്തും ബോർഡറിനു് (ചട്ടക്കൂട്ടു രേഖയ്ക്കു്) നടുക്കു് അതാതിന്റെ നമ്പരുകൾ ഇട്ടിരിക്കേണ്ടതുമാകുന്നു. ഒരു ഡിഗ്രിയെ 60 മിനിട്ടായി ഭാഗിച്ചിരിക്കുന്നതിനാൽ ഒരു ഡിഗ്രിയിൽ കുറവുള്ളതിനെയെല്ലാം മിനിട്ടുകൊണ്ടു കുറിക്കുന്നു. ഡിഗ്രിക്കു് അങ്കത്തിനു മുകളിൽ (30°) ° ഈ അടയാളവും മിനിട്ടിനു് (15′) ′ ഈ അടയാളവും കൊടുക്കുന്നു. 5°, 25′, ഇങ്ങനെ കൊടുത്തിരുന്നാൽ 45 ഡിഗ്രി 25 മിനിട്ടെന്നു് അർത്ഥമാകുന്നു. (9) അടുത്തതായി രാജ്യത്തിനു വെളിയിൽ അതിരായി കിടക്കുന്ന സ്ഥലജലങ്ങളുടെ പേർ കുറിക്കയും, അവയുടെ ഇടയ്ക്കുള്ള അതിരു കാണിച്ചിരിക്കയും ചെയ്യണം. (10) ഇതു കഴിഞ്ഞാൽ ഒരു ഭാഗത്തായി പേരും മററു വല്ല വിവരവും എഴുതാനുണ്ടെങ്കിൽ അവയും എഴുതണം.


പൊതുവെ പടത്തിൽ നിങ്ങൾ ഇത്രയും കാര്യം ശ്രദ്ധിക്കുമെങ്കിൽ അതിനു പൂർണ്ണതയുണ്ടായിരിക്കുമെന്നു് എല്ലായ്പോഴും ഓർമ്മിച്ചുകൊള്ളണം.

## III.

**കിടപ്പു് — ഏഷ്യാഖണ്ഡത്തിന്റെ തെക്കുള്ള ഇൻഡ്യാ മഹാരാജ്യത്തിന്റെ ഏററവും തെക്കെ അററത്തു് അറബിക്കടലിനും പശ്ചിമ പർവ്വതത്തിനും മദ്ധ്യേ ആകുന്നു.** (മൂന്നാം നമ്പർ പടം നോക്കി മനസ്സിലാക്കുക.)

**അതിരുകൾ—** ഒരു രാജ്യത്തിന്റെ അതിരു് സാധാരണമായി പ്രകൃതി സംബന്ധിച്ച നദി, പർവ്വതം, സമുദ്രം, ഇവയോ ഇവയിൽ ഏതെങ്കിലുമോ ആയിരിക്കുമല്ലോ. പുരാതനകാലത്തു മനുഷ്യർ പ്രകൃതിരക്ഷയുള്ള സ്ഥലങ്ങളിൽ താമസമുറപ്പിക്കയും, കാലക്രമേണ അവ രാജ്യങ്ങളായി തീർന്നപ്പോൾ അതിരുകൾ മേൽപറഞ്ഞവയായി കലാശിക്കയും ചെയ്തു. അതിരായി കിടക്കുന്ന പർവ്വതം മുതലായവയുടെ ഒരു വശം ഒരു രാജ്യത്തോടും, എതിർവശം അടുത്ത രാജ്യത്തോടും ചേർന്നവയായിരിക്കും. പ്രകൃതി രക്ഷയുള്ള അതിരില്ലാത്ത രാജ്യങ്ങൾ ഓരോ കാലങ്ങളിൽ ഭരണകർത്താക്കളുടെ സ്ഥിതിഭേദമനുസരിച്ചു് അഭിവൃദ്ധമാവുകയൊ, ക്ഷയിക്കുകയൊ, ചെയ്യുക സാധാരണ സംഭവമാണെന്നു് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. തിരുവിതാംകൂറിന്റെ വടക്കുപടിഞ്ഞാറെ ഭാഗത്തു് ഡച്ചുകാർ കെട്ടിച്ചിരുന്ന കൊടുങ്ങല്ലൂർ കോ

**No. 3.**




ട്ടയും, ആയിക്കോട്ടയും, തിരുവിതാംകൂറിൽനിന്നും വിലയ്ക്കു വാങ്ങുന്നതിനും, 933-ൽ രാജ്യഭാരം ആരംഭി
ച്ച രാമവർമ്മ മഹാരാജാവു് ആയിക്കോട്ട തുടങ്ങി ഏകദേശം 30 മൈൽസ് നീളത്തിൽ തിരുവിതാംകൂറി
ന്റെ വടക്കെ അതിർത്തിയിൽ ഒരു കോട്ടകെട്ടി പർവ്വതപ്രദേശംവരെ മുട്ടിക്കുന്നതിനും അവിടെ ധാരാളം
സൈന്യങ്ങളെ താമസിപ്പിക്കുന്നതിനും കാരണമെന്തായിരിക്കുമെന്നു് നിങ്ങൾ ആലോചിക്കുക. ഒരു വലി
യ സൈന്യത്തോടുകൂടി നമ്മുടെ രാജ്യത്തെ ആക്രമിക്കുന്നതിനു പുറപ്പെട്ട ടിപ്പുസുൽത്താനു് വലിയ ബലം
പ്രയോഗിച്ചു് ഈ കോട്ടകളെ ധ്വംസിക്കേണ്ടിവന്നതു് ഉത്തരഭാഗത്തുള്ള പർവ്വതപ്രദേശങ്ങളിൽകൂടി തിരു
വിതാംകൂറിൽ കടക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടല്ലയൊ? രാമവർമ്മ മഹാരാജാവിന്റെ കാലത്തിനു്
മുൻപുതന്നെ മഹമ്മദീയർ പാണ്ടിരാജ്യങ്ങളിൽ കടന്നു കൊള്ള നടത്തിയ കാലത്തു് തിരുവിതാംകൂർ സ്വാ
സ്ഥ്യം അനുഭവിക്കുന്നതിനുള്ള കാരണം എന്തായിരിക്കും? ഉത്തരയിൻഡ്യയിൽനിന്നു് രാജ്യസമ്പാദനത്തി
നായി പുറപ്പെട്ട മുഗൾ സർദാർ, തെക്കെ അററത്തുള്ള ആരുവാമൊഴി മാർഗ്ഗമായിട്ടുമാത്രമേ ഈ രാജ്യത്തു
പ്രവേശിക്കാൻ സാധിച്ചുള്ളു. കച്ചവടത്തിനായി വന്ന യൂറോപ്യന്മാരുടെ കാലത്തിനുമുൻപു് കടൽമാർഗ്ഗമാ
യുള്ള ആക്രമണം ഇവിടെ കേട്ടുകേൾവിപോലും ഇല്ല. മേല്പറഞ്ഞ സംഗതികൾക്കു് കാരണമായിട്ടുള്ളതു് അ
തിരായിക്കിടക്കുന്ന പ്രകൃതിവിശേഷങ്ങളുടെ അവസ്ഥാഭേദമാണെന്നു് ഇനി പ്രത്യേകം പറയേണ്ടതില്ലല്ലൊ;

തിരുവിതാംകൂറിന്റെ വടക്കേ അതിരു് ഒരു ഭാഗം ചാലക്കുടിയാറിനാൽ വേർപെടുത്തപ്പെടുന്ന കൊച്ചിയും, സഹ്യപർവ്വതത്തിന്റെ പടിഞ്ഞാറുള്ള ശാഖകളാൽ തിരിക്കുന്ന കോയമ്പത്തൂരും, കിഴക്കു് സഹ്യപർവ്വതത്തിന്റെ കിഴക്കേ അററത്തുള്ള അതിരുമലകൊണ്ടു തിരിച്ചിരിക്കുന്ന മധുര, രാമനാഥം, തിരുനൽവേലി ഇവയും, തെക്കും പടിഞ്ഞാറും സമുദ്രവുമാകുന്നു.

വിസ്താരം— ഈ സംസ്ഥാനത്തിന്റെ നീളം 174 മൈലും, വീതി (ആലപ്പുഴ മുതൽ ശിവഗിരിവരെ) 75, മൈലും, ശരാശരി വീതി 40 മൈലും, ക്ഷേത്രഫലം 7,625 ചതുരശ്രമൈലും ആകുന്നു. (ഒരു മൈൽ നീളം ഒരു മൈൽ വീതിയിൽ 7,625 ഖണ്ഡങ്ങളായി തിരുവിതാംകൂറിനെ ഭാഗിക്കാം.)

രാജ്യത്തിൻെറ നീളം വീതി ഇവ അളക്കുന്നതിന് മൈലും ഉള്ളളവറിയുന്നതിന് ചതുരമൈലും, പൎവ്വതത്തിൻെറ പൊക്കമറിയുന്നതിന് ജാതിയടിയും, മഴക്കണക്കു കുറിക്കുന്നതിന് ഇഞ്ചും ഉപയോഗിക്കുന്നു.

ഒരുത്തനു് താൻ ജനിച്ചുവളൎന്ന നാടിനെപ്പററി ബഹുമാനമില്ലെങ്കിൽ അവൻെറ ജനനംകൊണ്ടു്, യാതൊരു പ്രയോജനവുമില്ല. താൻ ജനിച്ച ഗൃഹത്തേയും, തൻെറ നാടിനേയും, നന്നാക്കുന്നതിനുള്ള ശ്രമം തന്നെയാണു് മനുഷ്യജീവിതം. ഇപ്രകാരമുള്ള ജീവിതോദ്ദേശ്യത്തെ ശരിയായി നിൎവ്വഹിക്കണമെങ്കിൽ ആ നാടിൻെറ സ്ഥിതിവിശേഷങ്ങളെ നല്ലവണ്ണം മനസ്സിലാക്കണം. ഇതിനുപകരിക്കുന്നതാണു് ഭൂമിശാസ്ത്രം. തൻെറ നാടിനെപ്പററി നല്ലവണ്ണം ഗ്രഹിച്ചിട്ടുള്ളവൎക്കു മാത്രമേ അന്യരാജ്യങ്ങളെപ്പററിയുള്ള ധാരണകൊണ്ടു് പ്രയോജനമുള്ളു. അതിനാൽ നമ്മുടെ നാടിൻെറ **രൂപം** മുതൽ നമുക്കു ഗ്രഹിക്കുന്നതിനു ശ്രമിക്കാം. ഒരാളിൻെറ രൂപം മനസ്സിലാക്കുന്നതു് അയാളുടെ ഒരവയവം മാത്രം നോക്കീട്ടല്ലാ, എല്ലാ അവയവവും ഒരേ അവസരത്തിൽ കണ്ടെങ്കിൽ മാത്രമേ ശരിയായ രൂപം മനസ്സിൽ പതികയുള്ളു. അതിനാൽ ഒന്നാമതായി ആകൃതിയും, രണ്ടാമതായി അതിൽ അടങ്ങിയിട്ടുള്ള രൂപവിശേഷവും ഗ്രഹിക്കാം.

ആലുവാപ്പുഴയിൽ കുളിക്കുമ്പോഴോ, വെമ്പനാട്ടു കായലിൽ കൂടി വഞ്ചിയിൽ സുഖസഞ്ചാരണം ചെയ്യുമ്പോഴോ, റയിൽ മാൎഗ്ഗമായി ആൎയ്യങ്കാവു തുരങ്കം കടക്കുമ്പോഴോ, നാം നദിയേയോ, കായലിനേയോ, പൎവ്വതത്തേയോ, പൂൎണ്ണമായി കാണുന്നില്ല. അതിനു ചുററും ഏററവും ചുരുങ്ങിയ ഒരു ഭാഗത്തിൻെറ അവസ്ഥ മാത്രമേ അറിയുന്നൊള്ളു. നമ്മുടെ കണ്ണിൻെറ ഗ്രഹണശക്തി തടവില്ലെങ്കിലും പരിമിതമായിട്ടു മാത്രമേ ഇരിക്കുന്നുള്ളു. മേൽപ്പറഞ്ഞവയെ കടലാസിൽ വരച്ചു് നാം ഇരിക്കുന്ന സ്ഥാനങ്ങളെ മറെറാരാൾ അടയാളപ്പെടുത്തിത്തരുമ്പോൾ നമ്മുടെ സ്ഥാനം തിരുവിതാംകൂറിൻെറ ഏതു ഭാഗത്താണെന്നു് സാമാന്യമായ ഒരു അറിവുണ്ടാകുന്നു. ഇപ്രകാരം ഭൂമിയുടെ ഒരു ഭാഗത്തിൻെറ രൂപം നമ്മുടെ ഹൃദയത്തിൽ പതിപ്പിക്കുന്നതിനു് ഉപകരിക്കുന്നതാകുന്നു പടം വരയ്ക്കൽ. അതിനാൽ ഇനി തിരുവിതാംകൂറിൻെറ ഒരു ശരിയായ പടം വരയ്ക്കുന്നതിനു ഉപകരിക്കുന്ന മാൎഗ്ഗത്തെപ്പററി ചിന്തിക്കാം.

4-ാം നമ്പർ പടവും അതിനു ചുവടേ കൊടുത്തിരിക്കുന്ന കണക്കുകളും നല്ലവണ്ണം മനസ്സിലാക്കി ശരിയായ ഒരു പടം ഓൎമ്മയിൽനിന്നു് വരയ്ക്കുന്നതിനു് ശീലിക്കണം.

ഏ, ബി= ഒരു രേഖ.
ഏ, സി= സി, ഡി= ഡി, ബി.
ബി, ഇ= ബി, ഡിയുടെ $\frac{1}{3}$ ഭാഗം.
ബി, എഫ്= ബി, ഇയുടെ $\frac{1}{2}$ ഭാഗം.
ബി, എഫ്= സി, ജി= സി, എച്ച്,
ഡി, എഫ്= ഡി. കെ.
ഡി, ഇ= ബി, ഐ= ഇ, ജെ= ഡി, എൽ= എച്ച്, എം,
ഏ, ജി= ഏ, എൻ,
ജി, എച്ച്= എൻ, പി= എൻ, ഒ,
സി, ക്യൂ= ജി. എച്ചിൻെറ $\frac{3}{4}$ ഭാഗം,


ആർ, എഫ്, ഐ, ജെ, എൽ, കെ, എം, ഒ, എൻ, പി, ക്യൂ, ആർ, എന്ന ഋജു രേഖകൾ കൊണ്ടു് യോജിപ്പിച്ചു് പടത്തിൽ കാണുന്നപോലെ ഔട്ട്ലയിൻ വരച്ചു് ശരിപ്പെടുത്തുക.

(ആർ, മുനമ്പം– ഐ, ചിന്നാർ– ജെ, ഏലപ്പട്ടി– കെ, ശിവഗിരി– എൽ, കുമിളി– എം, പെരുമ്പാങ്കോട്ട്– ഒ, ആരുവാമൊഴി– എൻ, കന്യാകുമാരി– പി, മുട്ടം– ക്യൂ, തങ്കശ്ശേരി–)

## ഭൂപ്രകൃതി.

### IV.

ഇപ്പോൾ നിങ്ങൾക്കു തിരുവിതാംകൂറിൻെറ ഒരു ആകൃതി വരയ്ക്കുന്നതിനു് മനസ്സിലായിക്കഴിഞ്ഞു. ഇനി പ്രകൃതിയിലേയ്ക്കാണു് കടക്കേണ്ടതു്. ഒന്നാം നമ്പർ പടത്തെ നിങ്ങൾ ശ്രദ്ധയോടുകൂടി നോക്കുകയാണെങ്കിൽ വടക്കു കിഴക്കുഭാഗത്തോടടുപ്പിച്ചു് അനവധി മലകൾ തിങ്ങിക്കൂടി കിടക്കുന്നതു കാണാം. ഈ മലകളുടെ കൂട്ടം അടങ്ങിയ ഭൂഭാഗത്തിനു് **ഹൈറേയിഞ്ചു്** എന്നു പേർ കൊടുത്തിരിക്കുന്നു. ഇതിനു സമുദ്രനിരപ്പിൽനിന്നു് 4000 അടിക്കുമേൽ പൊക്കമുണ്ടു്. (ഹൈറേയിഞ്ചു്, പൊക്കമുള്ള ഭാഗം) ഇതയും പൊക്കമുള്ള ഭൂമി വേറെ തിരുവിതാംകൂറിലില്ല. നാം അവിടെ എത്തി നാലുവശവും നോക്കുന്നപക്ഷം സമുദ്രനിരപ്പിൽനിന്നു് 8840 അടിയോളം പൊക്കമുള്ള **ആനമുടി** വടക്കു കിഴക്കു ഭാഗത്തു കിടക്കുന്നതാ




No. 4.

തിരുവിതാംകൂർ

യി കാണാം. ഇതിനു സമീപിച്ച് 7000'അടിക്കുമേൽപൊക്കമുള്ള **ഇരവിമല, കാട്ടുമല, ചെന്തവരമല** തുടങ്ങി അനേകം മലക്കൂട്ടങ്ങൾ സ്ഥിതിചെയ്യുന്നു. ഇവയുടെ അടിവാരങ്ങൾ ഇടുങ്ങിയവയും വളരെ ഫലപ്രദമായവയും ആണ്. ചില ഭാഗങ്ങളിൽ സൂര്യരശ്മിപോലും അകത്തോട്ടു പ്രവേശിക്കാത്ത വിധത്തിൽ വൃക്ഷങ്ങൾ നിബിഡമായി വളരുന്നു. ഈ അടിവാരങ്ങളിലെല്ലാം കാട്ടാനകൾ ധാരാളമായി ഉണ്ട്. വർഷകാലങ്ങളിൽ ഇവ ഗംഭീരമായ ഒഴുക്കോടുകൂടിയവയായിരിക്കുമെങ്കിലും വേനൽക്കാലത്തു

തീരെ കുറഞ്ഞുപോകുന്നു. ഈ കാട്ടാറുകളിൽ **പാമ്പാർ** വളരെ പ്രധാനമാകുന്നു. ഇതിൻെറ ഗതി
**അഞ്ചുനാട്ടിൽ**കൂടിയാണ്. അഞ്ചുനാട്ട് **ഹൈറേയിഞ്ചിൻെറ** വടക്കേച്ചരിവാണ്. ഇതു വലിയ പ
ർവ്വത ശിഖരങ്ങൾക്കു പുറത്താകയാൽ കാലവർഷക്കാററിൻെറ ഗുണം അനുഭവിക്കുന്നില്ല. ഇതു സമുദ്ര നിരപ്പിൽ
നിന്നും 500 അടി മാത്രം പൊക്കമുള്ള ഒരു തടപ്രദേശമായി തീർന്നിരിക്കുന്നു. ഇതിൻെറ അതിരിലാണു
മറയൂർ എന്ന ചവുക്ക സ്ഥലം. ആനമലയുടെ തെക്കുപടിഞ്ഞാറു ഭാഗത്തായി **കണ്ണൻദേവൻ** മലക
ളും അതിനു വടക്ക് **ഇടിയറമേട്ടം** സ്ഥിതിചെയ്യുന്നു. വടക്കെ അതിരു സമീപിച്ചുള്ള **തിരുത്തണ്ട്,**
**ചൂളമല** ഇവ ചേർന്ന് അവിടെ ഒരു തടപ്രദേശത്തെ അടസ്സുന്നതുകൊണ്ട് **ഇടമലയാറ്** എന്ന നദി
തെക്കു പടിഞ്ഞാറായി ഒഴുകി പെരിയാററിൽ വന്നുചേരുന്നു. ഹൈറേയിഞ്ചിൽ **മൂന്നാറ്, ദേവികുളം**
ഇങ്ങനെ രണ്ടു സ്ഥലം കാണാം. ഇവിടെ മാത്രമേ ധാരാളം വ്യവസായവും (തേയില, റബർ ഇവ സംബ
ന്ധിച്ച്) ജനവാസവും കാണുന്നുള്ളു. ഇവിടെനിന്ന് നേരേ തെക്കോട്ടു തിരിച്ചാൽ **ഏലമലയിൽ**
എത്തും. (ഈ പേരുകൊണ്ടു തന്നെ ഇവിടത്തെ പ്രധാന വിളവ് ഊഹിക്കാവുന്നതാണ്.) ഈ പ്രദേശം വ
ടക്കുനിന്നു തെക്കോട്ടും കിഴക്കുനിന്നു പടിഞ്ഞാറോട്ടും പടിപ്പടിയായി താണുകിടക്കുന്നവയാണ്. തെക്കേ അ
ററത്തിനു സമുദ്ര നിരപ്പിൽനിന്നു 300 അടി മാത്രമേ പൊക്കമുള്ളു. ഇവിടെ പെരിയാറിൻെറ ഉത്ഭവസ്ഥാ
നത്തിനു സമീപം ഒരണ കെട്ടി കൃത്രിമമായ തടാകമുണ്ടാക്കിയിട്ടുണ്ട്. ഈ തടാകത്തിൻെറ പടിഞ്ഞാറെ
അതിരായ പെരിയാർ ഒഴുകുന്ന തടപ്രദേശം ഇതിലും പൊക്കം കുറഞ്ഞതാണ്. പെരിയാറിൻെറ ഉത്ഭവ
സ്ഥാനത്തുനിന്ന് അതു ഒഴുകുന്ന സ്ഥലത്തുകൂടി ഇടമലയാറിൻെറ മുഖം വരെയും, അവിടെനിന്ന് ഇടമലയാ
റുവഴി മരയൂർവരെയും, മരയൂരിൽനിന്ന് തിരുവിതാംകൂറിൻെറ കിഴക്കെ അതിരിൽ കൂടി ശിവഗിരി
മലവരെയും, ഒരു രേഖ വരച്ചാൽ അതുതന്നെയായിരിക്കും നമ്മുടെ രാജ്യത്തിൻെറ ശിരോഭാഗം. ഇതിന
കത്ത് മുതിരപ്പുഴ, പെരിഞ്ചാങ്കുട്ടി, കൂട്ടാമ്പാറ, ദേവിയാറു തുടങ്ങി അനവധി കാട്ടാറുകൾ പർവ്വതങ്ങളുടെ
അടിവാരത്തിൽ കൂടി വളഞ്ഞു തിരിഞ്ഞ് ഊക്കോടുകൂടി പെരിയാററിൽ വന്നു ചേരുന്നതു കാണാം. ഈ
ഭാഗത്തിൻെറ തെക്കെ അതിരിനോടു സമീപിച്ചാണ് മധുരയിലേയ്ക്കുള്ള ഗതാഗതത്തിനുപകരിക്കുന്ന കു
മളി എന്ന വിടവ്.

**ഏലമലയുടെ** തെക്കുപടിഞ്ഞാറു ഭാഗത്തുകൂടി വണ്ടിപ്പെരിയാർ എന്ന സ്ഥലം കടന്നാൽ അന
വധി മലകളുടെ കേന്ദ്രസ്ഥാനമായ **പീരുമേട്** (ഇതു് ഒരു സുഖവാസസ്ഥലമാകുന്നു.) എന്ന ഉന്നത പ്രദേശ
ത്തിലെത്തും. ഇടയ്ക്ക് പെരിയാർ ഇല്ലായിരുന്നു എങ്കിൽ ഇവ എല്ലാം ചേർന്ന് ഒരൊററ പർവ്വത വലയമായി
രിക്കുമായിരുന്നു. ഇവിടെനിന്നു അനേകം മലകൾ നാനാവഴിയ്ക്കു വ്യാപിച്ചിരിക്കുന്നതായി മുമ്പ് പറഞ്ഞിട്ടു
ണ്ടല്ലോ. ഇവയിൽ ഒന്ന് പെരിയാറിൻെറ ഗതിക്കനുസരണമായി ഏകദേശം ഇടമലയാറിൻെറ മുഖംവരെ
വ്യാപിച്ചിരിക്കുന്നു. തൊടുപുഴയിൽ ഇതിന് **ചെങ്ങമനാട്ടുമല**യെന്നു പേർ. പടിഞ്ഞാറു മാറി മീനച്ചിൽ
താലൂക്കിൽ **കുടയത്തൂർ** മലയും, പീരുമേട്ടിൽതന്നെ **കുടമുരുട്ടിമല, മാർത്ഥവമല, അമൃതുമല**
എന്നിവയും കിടക്കുന്നു. ഇപ്രകാരം മലകൾകൊണ്ട് നിറഞ്ഞിരിക്കുന്നതും വിസ്താരമേറിയതുമായ പീരുമേട്ട
പ്രദേശത്തിൻെറ തെക്കോട്ടുള്ള ചരിവ് പമ്പാനദിയിൽ അവസാനിക്കുന്നു. ഇതിനു തെക്കു മാറി ക്രമേണ
അതിരുമലയോടു സമീപിച്ചുപോകുന്നതും തുടരെത്തുടരെയുള്ളതുമായ അനേകം മലകൾ പത്തനംതിട്ട താലൂ
ക്കിൽ കാണാം. ഇവയിൽ പ്രാധാന്യം **ശബരിമല**യ്ക്കാകുന്നു. പത്തനംതിട്ട താലൂക്കിലെ മലകളെ അതി
ശയിക്കത്തക്കവണ്ണം ഗംഭീരങ്ങളും, താഴ്വരപ്രദേശങ്ങൾ ചിററാറുകളെക്കൊണ്ടു നിറഞ്ഞതുമാണ് ചെങ്കോട്ട
യിലെമലകൾ. ഇവിടെയുള്ള പ്രധാന മലകൾക്ക് **അച്ചൻകോവിൽ, പാവനാശം, ആര്യങ്കാവ്**
എന്നിങ്ങനെ പേർ പറഞ്ഞുവരുന്നു. (ആര്യങ്കാവ് തിരുനൽവേലിക്കുള്ള പ്രധാന മലമ്പാതയാണ്.) ഇവിടെനി
ന്ന് മല വീണ്ടും കിഴക്കോട്ടു ചാഞ്ഞ് – കൊട്ടാരക്കര, **മാഞ്ഞൂർ മല**യായും നെടുമങ്ങാട്ട്, **പെരുമ്പാങ്കോ
ട്ടുമല**യായും തീരുന്നു. **പൊൻമുടി** നെടുമങ്ങാട്ടുള്ള ഒരു സുഖവാസ സ്ഥലമാണ്. പീരുമേട്ടിൽനിന്ന് ക്രമേ
ണ കിഴക്കോട്ടു ചാഞ്ഞു ചാഞ്ഞുപോയിട്ടുള്ള ഈ മലമ്പ്രദേശം നെടുമങ്ങാടിനു തെക്കുള്ള **അഗസ്ത്യകൂട**
ത്തിനു സമീപം അതിരുമലയോടടുക്കുന്നു. എങ്കിലും വീണ്ടും വിസ്താരംകൂടി കൽക്കുളം താലൂക്കിൽ **മൊട്ടച്ചി
മല, മൂലാഞ്ചിമല, മുത്തുക്കുഴിവയൽ** (സുഖവാസ സ്ഥലം.) ഇവ ചേർന്ന് ഒരു തടത്തെ അടസ്സുന്നു.
ഈ തടത്തിൻെറ പടിഞ്ഞാറെ അററത്താണ് പേച്ചിപ്പാറയണകൊണ്ടുണ്ടാക്കീട്ടുള്ള കൃത്രിമ തടാകം. അടുത്ത
തായി തോവാളത്താലൂക്കിലുള്ള മലമ്പ്രദേശമാണ്. ഇവിടെ അകത്തോട്ടു തള്ളിക്കിടക്കുന്ന **രണ്ടാംവരിമ**


## No. 5.

## പ്രകൃതിരൂപങ്ങളും, മനുഷ്യപ്രയത്നവും.



1 കൊടുമുടി.
2 പർവതം
3 നദി.
A. പോഷകനദി B. കൈവഴി.
4 തടാകം.
5 അരുവി.
6 പാലം.
7 റയിൽവെ.
8 പട്ടണം.
9 റോഡ്,
10 ഉന്നതതടം (പീഠഭൂമി.)
11 സമുദ്രം.
12 ഉൾക്കടൽ.
ഉപദ്വീപ്. (ദ്വീപായിരം.)

14 ദ്വീപ്.
15 കോടി.
16 ദീപസ്തംഭം.
17 നൗകാശയം (ബന്തർ.)
18 കുന്ന്.
19 തുരപ്പ്.
20 കടൽപ്പാലം.
21 സ്ഥലസന്ധി (യോജകസ്ഥലം)
22 തോട്.
23 ജലസന്ധി (യോജകജലം.)
24 ഡൽട്ടാ (അറാവയ്പ്പ്.)
25 മൈതാനപ്രദേശം
26 പാറക്കെട്ട്



76°30'
77°
77°30'
11°
10° 30'
10°
9° 30'
കോയമ്പത്തൂർ
പെരിയാറ്
പാതിരാമണൽ
വേമ്പനാട്ടുകായൽ
മണിമലയാറ്
തോട്ടപ്പള്ളി
പമ്പാനദി
റാന്നിയാറ്
കല്ലാറ്
അച്ചൻകോവിലാറ്
കായംകുളംകായൽ
കല്ലടയാറ്
ഇത്തിക്കരയാറ്
പരവൂർകായൽ
ചിറയിൻകീഴ്
അഗസ്ത്യകൂടം
വേളി
കോവളം
വെള്ളായണി
മഹേന്ദ്രഗിരി
മുട്ടം
കന്യാകുമാരി
വ.
No. 6.
തിരുവിതാംകൂർ
ഭൂപ്രകൃതി
സ്കെയിൽ: 1 ഇ: = 17½ മൈൽ
0 8¾ 17½
5000 അടിക്കുമേൽ
3000 അ: മു: 5000 അ: വ:
1000 — 3000 —
100 — 1000 —
സമു: നിര: 100 അ: വരെ


**ലയും, കല്ലുനാട്ടു മലയും,** അതിനു സമീപിച്ചുള്ള **മഹേന്ദ്രഗിരിയും** പ്രധാനങ്ങളാണ്. (മഹേന്ദ്രഗിരിക്ക് 5,500 അടി പൊക്കമുണ്ട്.) ഇവിടെവച്ച് പൎവ്വതം തുക്കെ കീഴ്പൊട്ടു താണ് ഒരു വലിയ വിടവിനെ (ആരുവാമൊഴി) ഉണ്ടാക്കിക്കൊണ്ട് അതിരിനോടടുപ്പിച്ച് ചെറുകുന്നിൻപുറങ്ങളായിത്തീൎന്ന് കന്യാകുമാരിയിൽവച്ച് സമുദ്ര നിമഗ്നമായിത്തീരുന്നു.

നെയ്യാററിൻകരത്താലൂക്കിൽ, **മുക്കുന്നിമലയും,** കല്ക്കുളം താലൂക്കിൽ, **വേളിമലയും,** അഗസ്തീശ്വരം താലൂക്കിൽ, **മരുത്വാമലയും,** ഉള്ളിലോട്ടു തള്ളിക്കിടക്കുന്നു.

**No. 7.**

**പ്രധാന മലകളും ശിഖരങ്ങളും.**

1 ഇഞ്ചു പൊക്കം = 2,500 അടി.




തിരുവിതാംകൂറിന്റെ കിഴക്കെ അതിരായി വ്യാപിച്ചുകിടക്കുന്ന പശ്ചിമ പൎവ്വതത്തിന്റെ തെക്കേ അററത്തിനു്, സഹ്യപൎവ്വതമെന്നു് പേർ പറഞ്ഞുവരുന്നു. ഒന്നാമത്തെ പടത്തിൽ കൊടുത്തിട്ടുള്ള നമ്പരുകൾ അനുസരിച്ച് സഹ്യന്റെ പ്രധാന വിഭാഗങ്ങളെ അടിയിൽ ചേൎത്തിരിക്കുന്നു. (+ ഈ അടയാളം കൊടുത്തിട്ടുള്ളവ പ്രധാന ശിഖരങ്ങളാകുന്നു.)

(1) + ആനമുടി (2) പെരിയമല (3) ഏലമല (4) ചൂളമല (5) തിരുത്തണ്ട് (6) ചെങ്ങമനാട്ടുമല (7) കടയത്തൂർമല (8) അമ്മുത്തുമല (9) മാൎത്ഥവമല (10) കടമുരുട്ടിമല (11) പീരുമേട്ടുമല (12) ശബരിമല (13) അച്ചൻകോവിൽമല (14) നെടുമ്പാറമല (15) പാവനാശമല (16) മാഞ്ഞൂർമല (17) പെരുമ്പാങ്കോട്ടുമല (18) പൊൻമുടിമല (19) നെടുമങ്ങാട്ടുമല (20) + അഗസ്ത്യകൂടം (21) മുലാഞ്ചിമല (22) രണ്ടാംവരിമല (23) + മഹേന്ദ്രഗിരി (24) മരുത്വാമല (25) വേളിമല (26) മുക്കുന്നിമല.

## സമതലപ്രദേശം.

കന്യാകുമാരിയിൽ സമുദ്രതീരം സമീപിച്ച് ധാരാളം പാറക്കെട്ടുകൾ ഉണ്ടെന്നുവരികിലും ഇവിടെനിന്നുതന്നെ തീരത്തോടടുത്തുള്ള മൈതാനഭാഗമാരംഭിക്കുന്നു. ഇവിടെനിന്നു വടക്കുകിഴക്കു ഭാഗത്തുള്ള മരുത്വാമലയെ ചുററി ഏകദേശം ഭൂതപ്പാണ്ടിവരെ വ്യാപിച്ചിട്ട് അവിടെനിന്നു വേളിമലയുടെ തെക്കുവശത്തുകൂടി അല്പം പടിഞ്ഞാട്ടു കടന്നു് മുട്ടത്തിനോടടുത്തു സമുദ്രംവരെ വ്യാപിച്ചിരിക്കുന്നു. ഈ ഫലഭൂയിഷ്ഠമായ മൈതാനത്തിനു് നാഞ്ചിനാടെന്നു പേർ. ഇതിന്റെ വടക്കെ അതിരു് സഹ്യപൎവ്വതത്തിൽനിന്നു പിരിഞ്ഞു മുട്ടംവരെ (ഒരു കോടി) എത്തീട്ടുള്ള ചെറുകുന്നിൻപുറങ്ങളും വ്യാപിച്ചിട്ടുള്ള വേളിമലയും അതിനെ തുടൎന്ന് മുട്ടംവരെ ... തന്നെ. (ഇവിടെക്കൂടെ ഒഴുകുന്ന നദിയും ആ നദീമുഖത്തു ജലം കെട്ടിയുണ്ടായിട്ടുള്ള കായലും 6-ാംനമ്പർ പ...


ടത്തിൽനിന്നും ഗ്രഹിക്കുക.) മുട്ടം കഴിയുന്നതോടുകൂടി പിന്നെയും മൈതാനമാരംഭിക്കുന്നു. തക്കലയ്ക്കു പടിഞ്ഞാറുവശത്തുകൂടി കഴിത്തുറവരെ വ്യാപിച്ചിട്ട് അവിടെനിന്നും നെയ്യാററിൻകരയുടെ പടിഞ്ഞാറെ ഭാഗത്തെത്തി നെയ്യാറിന്റെ സംഗമസ്ഥാനംവരെ വ്യാപിക്കുന്നു. നെയ്യാറിന്റെ മുഖത്തിന്റെ (പൂവാർ) വടക്കുവശത്ത് ഒരു വലിയ കുന്നിൻപുറം കാണാം. ഇതിനു ചെവ്വര എന്നു പേർ പറയുന്നു. ഈ കുന്നിൻപുറങ്ങൾ തുടർച്ചയായി കിഴക്കോട്ടു സഹ്യപർവ്വതംവരെ വ്യാപിച്ചിരിക്കുന്നതിനാൽ, മൈതാനത്തിന്റെ ഈ രണ്ടാമത്തെ വിഭാഗം കേവലം വീതികുറഞ്ഞ് അവിടവിടെ ഉള്ളിലോട്ടു വ്യാപിച്ചിട്ടുണ്ടെങ്കിലും വാറുപോലെ സമുദ്രതീരത്തെമാത്രം അടക്കിയിട്ടുള്ള ഒന്നാണ്. ചെവ്വരയ്ക്കു വടക്കുവശത്തുനിന്നും വീണ്ടും മൈതാനമാരംഭിക്കുന്നു. ക്രമേണ വിസ്താരംകൂടി വെള്ളായണിക്കായൽവരെ വ്യാപിച്ച് (ഇതിൽ വേനൽക്കാലത്ത് ഉപ്പുവെള്ളവും വർഷകാലത്തു ശുദ്ധജലവും ആയിരിക്കുന്നു. കാരണമെന്ത്? കായലിലും സമുദ്രത്തിലും ഉപ്പുണ്ടാകുന്നതെങ്ങിനെ?) തിരുവല്ലത്തിന്റെ കിഴക്കുഭാഗത്തെത്തുന്നു (തിരുവല്ലത്തിനു തെക്കുമാറി സമുദ്രത്തിലേയ്ക്കു ഉന്തി ഒരു കുന്നിൻപുറം കിടക്കുന്നു; ഇതിന് കോവകുളമെന്നു പേർ ) അവിടെനിന്നു വേളി, കഠിനംകുളം, അഞ്ചുതെങ്ങ്, കോവിൽതോട്ടം, ഈ കായലുകളെ അടക്കിക്കൊണ്ട് നേരെ വടക്കോട്ടു സമുദ്രതീരംവഴി നീണ്ടുകിടക്കുന്ന ഈ മൈതാനത്തിന്റെ പടിഞ്ഞാറുഭാഗം കഠിനംകുളംവരെ വെറും ഊഷരഭൂമിയായ വെള്ളമണൽപ്രദേശമാണ്. അഞ്ചുതെങ്ങിൽ കായലിനു വടക്കുവശം എത്തുമ്പോൾ ഈ മൈതാനം നിശ്ശേഷം അസ്തമിച്ചുപോകുന്നു. ചെറുമ്പാങ്കോട്, മാഞ്ഞൂർ ഈ മലകളിൽനിന്നു പിരിഞ്ഞ് പടിഞ്ഞാറോട്ടു തുടരെത്തുടരെ വ്യാപിച്ചിരിക്കുന്ന കുന്നിൻപുറങ്ങൾ വർക്കലെ സമുദ്രതീരംവരെ എത്തുന്നു. ഈ ഭാഗം ചെവ്വരയെക്കാൾ പൊക്കംകൂടിയ ഒരു തീരഭൂമിയാണ്. ഈ കുന്നിൻപുറങ്ങൾ തെക്കൻതിരുവിതാംകൂറിലേയും വടക്കൻതിരുവിതാംകൂറിലേയും മൈതാനങ്ങൾക്കിടയിൽ ഒരു കോട്ട കെട്ടിയതുപോലെ കിടക്കുന്നു. ഇടവാ നടയറ, ഈ കായലുകൾക്ക് സമീപത്തുനിന്നും പിന്നെയും മൈതാനമാരംഭിച്ച് പരവൂർ കായലിനേയും അടക്കി ചാത്തന്നൂർ എന്ന സ്ഥലം കഴിയുന്നതോടുകൂടി ക്രമേണ കിഴക്കോട്ടു വ്യാപിച്ച് അഷ്ടമുടിക്കായലിന്റെ കിഴക്കെ അററത്തു പടിഞ്ഞാറെക്കല്ലടവരെ എത്തിയിട്ട് (പടിഞ്ഞാറെക്കല്ലട, നദിയിൽനിന്നും താണുകിടക്കയാൽ വലിയ മൺചിറകൊണ്ട് ഈ സ്ഥലത്തെ സംരക്ഷിക്കുന്നു. ചിലപ്പോൾ ഈ ചിറ പൊട്ടി ആ പ്രദേശം മുഴുവൻ ജലമയമാകാറുണ്ട്.) ശാസ്താംകോട്ടക്കായലിനു പടിഞ്ഞാറുവശത്തുകൂടി കരുനാഗപ്പള്ളി താലൂക്കിൽ മുഴുവൻ വ്യാപിച്ചു മാവേലിക്കരയുടെ മധ്യഭാഗത്തുകൂടി ആററുമ്മുളയുടെ പടിഞ്ഞാറുഭാഗം ചേർന്ന് ചങ്ങനാശ്ശേരിവരെ വ്യാപിച്ചു കോട്ടയത്തെത്തുന്നു. അവിടെനിന്നു വെമ്പനാട്ടുകായലിനടുത്തു ഏററുമാനൂരിന്റെ പടിഞ്ഞാറുഭാഗത്തുകൂടി വൈക്കത്തിന്റെ മധ്യഭാഗംവരെ വ്യാപിച്ചു വടയാറു, പിറവം ഈ പ്രദേശങ്ങളുടെ പടിഞ്ഞാറുവശത്തുകൂടി ഇടപ്പള്ളിയ്ക്കു കിഴക്കു മാറി ആലുവാ കഴിഞ്ഞ് അങ്കമാലിവരെ വ്യാപിക്കുന്നു. ഇപ്രകാരം പടിഞ്ഞാറുഭാഗം മൈതാനത്തെക്കൊണ്ടും, മധ്യഭാഗം പൊക്കംകുറഞ്ഞ കുന്നിൻപുറങ്ങളെക്കൊണ്ടും, കിഴക്കുഭാഗം വൻപർവ്വതങ്ങളേക്കൊണ്ടും നിറഞ്ഞിരിക്കുന്ന തിരുവിതാംകൂറിലെ ഭൂപ്രകൃതി ഇവിടത്തെ ശീതോഷ്ണാവസ്ഥയിൽ എത്രത്തോളം പ്രാധാന്യതയെ അർഹിക്കുന്നു എന്നു ശീതോഷ്ണാവസ്ഥയെപ്പററി വിവരിക്കുമ്പോൾ മനസ്സിലാകും.

## നദികൾ.

പ്രകൃതി സംബന്ധിച്ച കൃത്യങ്ങളെ സദാ നിർവ്വഹിച്ചുകൊണ്ടുതന്നെയിരിക്കുന്നു. കരയുടെ വിസ്താരം വർദ്ധിപ്പിക്കുക, (പർവ്വത പ്രദേശങ്ങളിൽനിന്ന് ചെളി മുതലായവയെ കൊണ്ടുവന്ന് മുഖസ്ഥലത്തിൽ ത്രികോണദേശങ്ങളെ ഉണ്ടാക്കുക) ഒരു വശത്തെ ഇടിച്ചുനിരത്തി മറുവശത്ത് മൈതാനഭൂമിയെ ശരിപ്പെടുത്തിവിടുക, ആണ്ടോടാണ്ട് ഇരുകരകളിലുമുള്ള മണ്ണിനെ പുതുക്കി ഭൂമിയെ ഫലപുഷ്ടിയുള്ളതാക്കിത്തീർക്കുക, പാറകളെ തകർത്തു ചരൽ, മണ്ണ്, ചെളി ഈ രൂപങ്ങളിലാക്കി ഓരോഭാഗത്ത് നിക്ഷേപിക്കുക, ചിലപ്പോൾ വലിയ കുന്നിൻപുറങ്ങളെ തകർത്ത് ഗതിമാറി ഒഴുകുക, ഉപ്പു മുതലായ ചില ധാതവ സാധനങ്ങളെ ദ്രവിപ്പിച്ച് ജലാശയങ്ങളിൽ ചേർക്കുക മുതലായവയാണ്.

മനുഷ്യർ സഞ്ചാരപ്രിയന്മാരായിരുന്ന അതിപ്രാചീനകാലത്ത് നദീതടങ്ങൾ തന്നെയാണ് അവർക്ക് രക്ഷാമാർഗ്ഗങ്ങളായിരുന്നിട്ടുള്ളത്. വിസ്തീർണ്ണമായ മൈതാനപ്രദേശങ്ങളെ കാണിച്ചുകൊടുത്തിട്ടുള്ളതും, ഫലഭൂയിഷ്ഠതകൊണ്ട് കുടിയേറിപ്പാർക്കുന്നതിന് ഇടയാക്കീട്ടുള്ളതും നദികൾതന്നെ. ഒരു ജാതിക്കാരിൽനിന്ന് മറെറാരു കൂട്ടർക്ക് രക്ഷയുണ്ടാക്കി പല സമുദായങ്ങളേയും നദികൾ പുലർത്തിയിട്ടുണ്ട്. കാലക്രമേണ പരിഷ്ക്കാരത്തിനും വർഗ്ഗസങ്കരത്തിനും നദികൾ സംഗതിയാക്കീട്ടുണ്ടെന്നു ചരിത്രം തെളിയിക്കുന്നു. (നദീതീരത്താണ് ആദ്യമായി മനുഷ്യർക്ക് പരിഷ്ക്കാരാഭിവൃദ്ധിയുണ്ടായിട്ടുള്ളതെന്ന് ഇന്നുള്ള വലിയ പട്ടണങ്ങളുടെ കിടപ്പാലോചിച്ചാൽ മനസ്സിലാകും.) ഗതാഗതത്തിനുള്ള സൌകര്യംകൊണ്ട് കച്ചവടം ആദ്യമായി ഏർപ്പെട്ടതും നദീതീരത്തിലാണ്. പൊതുവെ കൃഷിക്ക് നദി എത്രത്തോളം ആവശ്യമായിരിക്കുന്നു എന്ന് തിരുവിതാംകൂറിലെ പ്രധാന നെൽകൃഷി പ്രദേശങ്ങളിൽനിന്നും നമുക്കു മനസ്സിലാകാം. (നദികൾകൊണ്ടുള്ള മററുപയോഗങ്ങളെ വിവരിക്കുക?)

സഹ്യപർവ്വതം ഉഷ്ണമേഖലയിൽ കിടക്കുന്നതുകൊണ്ടും മഞ്ഞുകട്ടിയായി ഉറഞ്ഞിരിക്കത്തക്കവണ്ണം പൊക്കമുള്ള ശിഖരങ്ങളില്ലാത്തതുകൊണ്ടും, മഞ്ഞുരുകി, വേനൽക്കാലത്തു ജലപ്രവാഹമുണ്ടാകുന്ന നദികൾ ഒന്നുംതന്നെ തിരുവിതാംകൂറിലില്ല.




**No. 8**

**നദികൾ**

1 ഇഞ്ചു = 30 മൈൽ.

(1) പർവ്വതങ്ങളിലെ മുകൾഭാഗത്തു് പരപ്പായുള്ള സ്ഥലങ്ങളിൽ പെയ്യുന്ന മഴവെള്ളം അടിവാരങ്ങളിൽ ഊററുകളായിത്തീന്നു് ഈ ഊററുകൾ ഒന്നിച്ചുചേൎന്നു് ഉണ്ടാകുന്നവയായും, (2) അനവധി ഊററുകളും ചാലുകളും പൊക്കമുള്ള ഒരു തടപ്രദേശത്തു കെട്ടിക്കിടന്നു് അവിടെനിന്നും പൊട്ടിയൊലിച്ചു പുറപ്പെടുന്നവയായും, (3) മഴവെള്ളം നേരെ ഒലിച്ചു നദികളായിട്ടുതന്നെ പോരുന്നവയായും, ഇങ്ങിനെ മൂന്നു തരത്തിൽ നദികളെ കാണ്മാനുണ്ടു്. ഈ ഓരോ തരത്തിലുള്ള നദികളെ സാമാന്യം തിരിച്ചറിവാൻ കഴിയുന്നതാണ്. ഇതിൽ ഒന്നാംവകുപ്പിൽപെട്ടതിൽ ഊററുകളുടെ ഭേദഗതിയനുസരിച്ച് നദിയുടെ ഗതിക്ക് വ്യത്യാസം വരികയും, രണ്ടാം വകുപ്പിൽപെട്ടതിൽ എല്ലാക്കാലത്തും സാമാന്യം വെള്ളമുണ്ടായിരിക്കയും മൂന്നാം തരത്തിലുൾപ്പെട്ടതിൽ വർഷകാലത്തു കഠിനമായ വെള്ളപ്പൊക്കവും വേനൽക്കാലത്തു കേവലം നിർജ്ജലത്വവുമുണ്ടാകുകയും ചെയ്യുന്നു.

(1-ം, 6-ം നമ്പർ പടങ്ങൾ നല്ലവണ്ണം ശ്രദ്ധിച്ചുനോക്കി, ഉത്ഭവം, ഗതി, ഒഴുകുന്ന താലൂക്കുകൾ, പതനം, പോഷകനദികൾ, കൈവഴികൾ, തീരസ്ഥലങ്ങൾ ഇവയെ മനസ്സിലാക്കുകയും, നദികളെ സംബന്ധിച്ച പട്ടിക നോക്കി നീളം മനസ്സിലാക്കുകയും ചെയ്യണം.)

**പെരിയാറ്**— 1) നേരിയമംഗലം, 2) മലയാററൂർ, 3) ചേരാനല്ലൂർ, 4) വാഴക്കുളം, 5) ആലുവാ, 6) വരാപ്പുഴ, 7) മാഞ്ഞാലി.

**മൂവാററുപുഴയാറ്**— 1) തൊടുപുഴ, 2) കോതമംഗലം, 3) മൂവാററുപുഴ, 4) രാമമംഗലം, 5) പിറവം, 6) വടയാറ്, 7) വൈക്കം, 8) കുലശേഖരമംഗലം.

**മീനച്ചലാറ്**— 1) ഈരാററുപേട്ട, 2) പാലാ, 3) കിടങ്ങൂർ, 4) കോട്ടയം, 5) തിരുവാർപ്പ്.

**മണിമലയാറ്**— 1) മണിമല, 2) കല്ലൂപ്പാറ, 3) തിരുവല്ലാ, 4) പുളിംകുന്നു്.

**പമ്പാനദി**— 1) റാന്നി, 2) അയിരൂർ, 3) കോഴഞ്ചേരി, 4) ആറന്മുള, 5) ചെങ്ങന്നൂർ, 6) ചമ്പക്കുളം.

**കൊല്ലക്കടെവാറ്**— 1) കോന്നി, 2) ഓമല്ലൂർ, 3) പന്തളം, 4) മാവേലിക്കര, 5) വീയപുരം.

**കല്ലടയാറ്**— 1) അയിരനല്ലൂർ, 2) പുനലൂർ, 3) പത്തനാപുരം, 4) കുളക്കട, 5) മണ്ണടി, 1. ഞാറെക്കല്ലട, 7) കിഴക്കെക്കല്ലട, (മണ്ട്റോത്തുരുത്തു്.)

**ഇത്തിക്കരയാറ്**— 1) ചടയമംഗലം, 2) മടവൂർ, 3) ആതിച്ചനല്ലൂർ, 4) ചാത്തന്നൂർ.

**ആററങ്ങലാറ്**— 1) വാമനപുരം, 2) ആററുങ്ങൽ, 3) ചിറയിൻകീഴ്.

**കരമനയാറ്**— 1) അയ്യനാട്ട്, 2) വെള്ളനാട്ട്, 3) കരകുളം, 4) തിരുവല്ലം.

**നെയ്യാറ്**— 1) ഒററശ്ശേഖരമംഗലം, 2) നെയ്യാററിൻകര, 3) പൂവാറ്.

**കോതയാറ്**— 1) പേച്ചിപ്പാറ, 2) തൃപ്പരപ്പ്, 3) കുളിയൽ, 4) തേങ്ങാപ്പട്ടണം.

**താമ്റവണ്ണി**— 1) പൊന്മന, 2) തിരുവട്ടാർ, 3) കുഴിത്തുറ, 4) മുഞ്ചിറ, 5) തേങ്ങാപ്പട്ടണം.

**പഴയാറ്**— 1) തൃപ്പതിസാരം, 2) ശുചീന്ദ്രം, 3) താമരക്കുളം.

**നോട്ട്**— പെരിയാറ് ഉത്തരം പാറയുടെ അടിയിൽകൂടി ഒഴുകുന്നു. പമ്പാനദിയിൽ പെരുന്തേനരുവിയും, കരമനയാററിൽ ഉഴമലക്കലിനു സമീപം അരുവിക്കരയും (ഇവിടെ മത്സ്യങ്ങളെ സൂക്ഷിച്ചു വളത്തുന്നു.) നെയ്യാററിലെ അരുവിപ്പുറവും (ശ്രീനാരായണ ഗുരുസ്വാമികളുടെ ആദ്യത്തെ ആശ്രമസ്ഥലം.) കോതയാററിൽ ഭക്തകാളിയരുവിയും (തൃപ്പരപ്പിൽ വിശാഖം തിരുനാൾ തിരുമനസ്സിൽനിന്നും ആററിൻെറ മദ്ധ്യത്തിൽ ഒരു മണ്ഡപം പണി കഴിപ്പിച്ചിട്ടുണ്ട്) താമ്റവണ്ണിയിൽ അരുവിക്കരയും (ഇവിടത്തെ ഗ്രാമത്തിൽ രാമയ്യൻദളവാ ബാല്യകാലം കഴിച്ചുകൂട്ടിയതായിപ്പറയുന്നു) പ്രസിദ്ധങ്ങളാണ്.

പമ്പാനദിയുടെ കൈവഴികളായ പൂക്കൈതയാറും, പള്ളാത്തുരുത്തിയും പ്രസിദ്ധങ്ങളാണ്, കരിമ്പാവളവ് വലിയ അപകടസ്ഥാനമായി കരുതിയിരിക്കുന്നു.

**കായലുകൾ**— തിരുവിതാംകൂറിൻെറ ഐശ്വര്യാഭിവൃദ്ധിക്ക് അത്യന്തം അനുകൂലിക്കുന്ന കായലുകളുടെ കിടപ്പു (രണ്ടെണ്ണം ഒഴികെ) പടിഞ്ഞാറെ തീരഭൂമിയിൽ മിക്കവാറും തിരുവിതാംകൂറിൻെറ കിടപ്പനുസരിച്ചു തന്നെയെന്ന് നിങ്ങൾ പടം നോക്കുന്നപക്ഷം മനസ്സിലാകുന്നതാണ്. ഈ കായലുകളുടെ ഉല്പത്തി, നദീമുഖം വിസ്താരപ്പെട്ടിട്ടോ, സമീപത്തുള്ള ഒലിപ്പുകൾ ഒന്നിച്ചു ചേന്നിട്ടോ, അല്ലാത്തപക്ഷം സമുദ്രജലം ഉള്ളിലോട്ടു കടന്നിട്ടോ ആയിരിക്കാം. ഓരോ കായലും ഇതിൽ ഏതേതു വകുപ്പിൽ ഉൾപ്പെട്ടതാണെന്ന് തീരഭൂമിയുടെ സ്ഥിതി, വന്നുചേരുന്ന നദികളിലുള്ള ജലസമൃദ്ധി, വെള്ളത്തിലുള്ള ഉപ്പിൻെറ ഏററക്കുറച്ചിൽ, ഇവ പരിശോധിച്ചാൽ മനസ്സിലാകും. (പൊഴി, അഴി, ഇവ ഉണ്ടാകുന്നതിനും, വഷകാലത്ത് എല്ലാക്കായലിലും വേനൽക്കാലത്ത് ചില കായലുകളിൽ മാത്രവും ഉപ്പ് കുറവായിരിക്കുന്നതിനും, വേലിയേററ സമയത്ത് കായലിൽ ഉപ്പു കൂടുകയും മററു സമയങ്ങളിൽ കുറയുകയും ചെയ്യുന്നതിനും, ശാസ്താംകോട്ടക്കായൽ ശുദ്ധജലമായിരിക്കുന്നതിനും കുന്നിൻപുറങ്ങളായ തീരത്തോടുകൂടിയ കായലുകൾക്കും മണൽപ്രദേശത്തുള്ള കായലുകൾക്കും ആഴത്തിൽ വ്യത്യാസം കാണുന്നതിനുമുള്ള കാരണമെന്ത്?

നമ്മുടെ രാജ്യത്തുള്ള കായലുകളെയെല്ലാം ഒന്നുതൊട്ടൊന്നെന്ന ക്രമത്തിൽ നിരത്തിവച്ചുന്നപക്ഷം, ഏകദേശം, 100 മൈൽ നീളവും, 150 ചതുരശ്രമൈൽ വിസ്തീർണ്ണവുമുണ്ടായിരിക്കാം. ഇവ നമ്മുടെ ഐശ്വര്യാഭിവൃദ്ധിയിൽ എത്രത്തോളം സഹായിക്കുന്നു എന്ന് കൃഷി, വ്യവസായം, കച്ചവടം, ഗതാഗതം, ഇവയെപ്പററി ചിന്തിക്കുമ്പോൾ വ്യക്തമായി മനസ്സിലാകുന്നതാണ്.

(1) **കൊടുങ്ങല്ലൂർ കായൽ**— ഇതിനു വടക്കുഭാഗത്ത് പുത്തൻചിറ കിടക്കുന്നു എങ്കിലും അധിക ഭാഗവും കൊച്ചിയിൽ ഉൾപ്പെട്ടതാണ്.

(2) **വേമ്പനാട്ടു കായൽ**— അമ്പലപ്പുഴയ്ക്കു വടക്കുതുടങ്ങി പറവൂരിനു തെക്കുവരെ ഏകദേശം 50 മൈൽ നീളത്തിൽ വ്യാപിച്ചിരിക്കുന്ന ഈ കായൽ വലിപ്പത്തിലും ഉപയോഗത്തിലും മററുള്ള കായലുകളെ അപേക്ഷിച്ച് പ്രധാനപ്പെട്ടിരിക്കുന്നു. ഇതിൻെറ ചുററുമുള്ള പ്രദേശങ്ങൾ തിരുവിതാംകൂറിലേയും കൊച്ചിയിലേയും മഹനീയ ഭാഗങ്ങളാണ്. ഒരുവശത്ത് കറാച്ചി, ബോംബേ, ഇവ കഴിഞ്ഞാൽ ഇൻഡ്യയിലെ പടിഞ്ഞാറെ തീരത്തിലേയ്ക്കു പ്രധാനപ്പെട്ട കൊച്ചിത്തുറമുഖവും (ഇവിടെ ഒരു ബന്തർ കെട്ടുന്നതിനുള്ള പ്രാരംഭ ജോലികൾ നടന്നുവരുന്നു.) അതിനു തെക്കുള്ള വെണ്ടുരുത്തിയും, മറുവശത്ത് കൊച്ചിരാജ്യത്തിൻെറ തലസ്ഥാന നഗരമായ എറണാകുളവും ശോഭിക്കുന്നു. പടിഞ്ഞാറുവശത്ത് തെങ്ങിൻതോട്ടങ്ങളെക്കൊണ്ട് പ്രശാന്തരമണീയമായ ചേത്തലയും, കിഴക്കുവശത്ത് ഹിന്തുക്കളെ ആകമാനം ആകഷിക്കുന്ന വൈക്കവുമാണ്. തെക്കും തെക്കുകിഴക്കുമുള്ള ഭാഗങ്ങൾ തിരുവിതാംകൂറിലെ നെൽകൃഷിക്ക് പ്രസിദ്ധപ്പെട്ട പുഞ്ചപ്പാടങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു എങ്കിൽ തെക്കുപടിഞ്ഞാറെ മൂലയിൽ തിരുവിതാംകൂറിലെ സകല വിഭവങ്ങളേയും ഒന്നാകെ ആകഷിച്ച് കച്ചവടത്തിലും, കൈത്തൊഴിലിലും പ്രധാന സ്ഥാനത്തെ അർഹിച്ചുകൊണ്ട് ഇവിടത്തെ ജലമാർഗ്ഗത്തിൻെറ കേന്ദ്രസ്ഥാനമായ ആലപ്പുഴ സ്ഥിതിചെയ്യുന്നു. ഇത്രവളരെ ബോട്ടുകളും വള്ളങ്ങളും സഞ്ചരിക്കുന്നതായി മറെറാരു കായലും നമ്മുടെ രാജ്യത്തില്ല. അന്ധകാരനഴി ഈ കായലിനെ സമുദ്രത്തോട്ട് യോജിപ്പിക്കുന്ന ഭാഗമാണ്. പള്ളിപ്പുറവും, പാതിരാമണലും ഇവിടത്തെ തുരുത്തുകളിൽ പ്രധാനപ്പെട്ടവയാണ്.

(3) **കായങ്കുളം കായൽ—** ആഴംകുറഞ്ഞ് തെക്കുവടക്ക് നീണ്ടുകിടക്കുന്നു. ഒരുകാലത്ത് ഇവിടെ കള്ളന്മാരുടെ ഉപദ്രവമുണ്ടായിരുന്നതുകൊണ്ട്, യാത്രക്കാരുടെ രക്ഷയെ ഉദ്ദേശിച്ച് മൂന്നു കാവൽപ്പുര സ്ഥാപിച്ചിട്ടുണ്ട്. മററു കായലുകളെ അപേക്ഷിച്ച് ഉപ്പു മിക്കവാറും കുറവായിരിക്കുന്നു. (കാരണമെന്ത്?) തോട്ടുവഴി (ഏററമുണ്ടാകുന്ന അവസരങ്ങളിൽ) ഈ ഓരുവെള്ളം പുഞ്ചപ്പാടങ്ങളിൽ പ്രവേശിക്കാതിരിപ്പാനായി തോട്ടപ്പള്ളിയെന്ന സ്ഥലത്തുള്ള ചിറയിൽ ചീപ്പുണ്ടാക്കിയിരിക്കുന്നു.

കായങ്കുളത്തു കായലിനു് തെക്കായി ആയിരംതെങ്ങു കായലും അതിനെ തുടൎന്ന് കിഴക്കോട്ടു മാറി കരുനാഗപ്പള്ളിയിലെ വട്ടക്കായലും കിടക്കുന്നു.

(4) **അഷ്ടമുടിക്കായൽ—** (ഈ പേരിനുള്ള കാരണമെന്ത്?) മഞ്ഞപ്പാടം, അഷ്ടമുടി, കുരുവിപ്പുഴ, ആശ്രാമം, കാഞ്ഞിരകോട്ട്, ഇവ ഇതിന്റെ പ്രധാന വിഭാഗങ്ങളാണ്. ഗതാഗതത്തിനെക്കാൾ, തൊണ്ടഴുക്കുന്നതിനു് ഈ കായൽ പ്രസിദ്ധപ്പെട്ടിരിക്കുന്നു. കല്ലടയാറ് രണ്ടു വഴിക്കുകൂടി തിരിഞ്ഞു് നീണ്ടകരയഴിവഴി സമുദ്രത്തിൽ ചേരുന്നു. ഇതിനു് കപ്പൽച്ചാലെന്നാണ് സാധാരണയായി പറയാറുള്ളതു്. വൎഷകാലങ്ങളിൽ ചെറുമരക്കപ്പലുകൾക്കു ഈ വഴി കായലിന്റെ ഉള്ളിൽ പ്രവേശിക്കാം. ഈ സൌകൎയ്യമുള്ളതിനാൽ കൊല്ലം മരക്കപ്പലുകൾ (പത്തേമാരികൾ) ഉണ്ടാക്കുന്നതിനു് പ്രസിദ്ധപ്പെട്ടിരിക്കുന്നു. ഈ കായലിലുള്ള പ്രധാന തുരുത്ത് ദളവാപുരമാണ്.

(5) **പരവൂർ കായൽ—** കായൽ ചെറുതാണെങ്കിലും പൊഴി മുറിഞ്ഞു കിടക്കുമ്പോൾ യാത്രക്കാൎക്കു് ഈ കായൽ വളരെ ഭയത്തെ ഉണ്ടാക്കുന്നു. ഇതിന്റെ വടക്കുഭാഗത്തിനു് ഇരവിപുരം കായലെന്നാണ് പേരു്.

(6) **ഇടവാ, നടയറ—** ഈ കായലുകൾ യോജിച്ചാണ് കിടക്കുന്നതു്. ഇതിനു് രണ്ടിനുമിടയ്ക്കു് വിസ്താരം കുറഞ്ഞതും ആഴമേറിയതുമായ കിളിമുക്കു എന്ന ഭാഗത്തിലാണ് റയിൽവേ പാലം കെട്ടിയിരിക്കുന്നതു്.

(7) **കോഴിത്തോട്ടം, അഞ്ചുതെങ്ങ്—** ഈ കായലുകളും അന്യോന്യം തൊട്ടാണ് കിടക്കുന്നതു്. അഞ്ചുതെങ്ങ്, തെക്കു് സമുദ്രം അതിരായി ഉണ്ടാകുന്നതും ബ്രിട്ടീഷുകാരുടെ വകയായിട്ടുള്ളതുമായ ഒരു ചെറിയ പ്രദേശമാണു. ഇവിടത്തെ കോട്ട വളരെ പഴക്കമുള്ളതാണ്.

(8) **കഠിനംകുളം—** ഇതു് തീരെ ആഴംകുറഞ്ഞ കായലാണ്.

(9) **വേളിക്കായൽ—** ഇതിനു കിഴക്കുമാറി പുലയനാർകോട്ട എന്ന ഒരു കുന്നിൻപുറം കാണാം. ഈ ഭാഗം കാഴ്ചയ്ക്കു വിശേഷമായിരിക്കുന്നു.

(10) **വെള്ളായണി—** സമുദ്രതീരത്തുനിന്നും ഉള്ളിലോട്ടു മാറിക്കിടക്കുന്നു. വേനൽക്കാലത്തു മാത്രമേ ഇതിലെ വെള്ളത്തിനു ഉപ്പുരസമുള്ളു. തീരപ്രദേശങ്ങളിൽ പുഞ്ചകൃഷിയുണ്ടു്.


(11) **മണക്കുടിക്കായൽ—** ഇതിൽ ഉപ്പു സാമാന്യം കുറവാണ്.

(12) **ശാസ്താംകോട്ടക്കായൽ—** ചുററും കുന്നിൻപുറങ്ങളെക്കൊണ്ടു് നിറഞ്ഞതും അഗാധമായതുമായ ഒരു ശുദ്ധജലതടാകമാണ്.

മുല്ലപ്പെരിയാറ്, കോതയാറു്, ഇവസംബന്ധിച്ച കൃത്രിമ തടാകങ്ങളെപ്പററി പിറകെ വിവരിക്കുന്നതാണ്.

(1-ാം നമ്പർ പടം നോക്കി ഓരോ കായലും ഏതേതു താലൂക്കിലാണെന്നു മനസ്സിലാക്കുക.)

**സമുദ്രതീരം—** വടക്ക് മുനമ്പം മുതൽ തെക്ക് കന്യാകുമാരിവരെ സമുദ്രതീരത്തിന് ഏകദേശം 168 മൈൽ നീളമുണ്ടു്. (45 ചതുരശ്ര മൈലിനു് ഒരു മൈൽ.) ചില നദീമുഖങ്ങളും അഴിയും പൊഴികളുമൊഴികെ മററുൾക്കടലുകളോ ഉപദ്വീപുകളോ, ദ്വീപുകളോ ഒന്നുംതന്നെ തിരുവിതാംകൂറിലില്ല. കുളച്ചലിനു സമീപം ആട്ടുമേച്ചാൻപാറ സമുദ്രത്തിലുള്ള ഒരുദ്വീപാണു്. ഇതു വെറും പാറക്കെട്ടാകയാൽ മനുഷ്യവാസമില്ല. കന്യാകുമാരി, മുട്ടം, തങ്കച്ചേരി ഇവ കോടികളാണ്. ഇവയെ തുടൎന്നു് സമുദ്രത്തിനുള്ളിൽ ധാരാളം പാറക്കെട്ടുകളുണ്ടു്. കടിയ പട്ടണവും കോവകുളവും, അല്പമായി സമുദ്രത്തിലേക്ക് തള്ളിനിൽക്കുന്നു. ചെമ്പ്വര, വൎക്കല, ഈ സമുദ്രതീരപ്രദേശങ്ങൾ തുക്കെയുള്ള കുന്നിൻപുറങ്ങളാണ്.


77°
10°
10°
വ.
No. 9.
തിരുവിതാംകൂർ
വർഷപാതം.
200 ഇഞ്ചിനു മേൽ
150 മുതൽ 200 വരെ
100 „ 150 „
75 „ 100 „
50 „ 75 „
30 „ 50 „
30 ഇഞ്ചിൽ കുറവ്.
77°

## V.

**ശീതോഷ്ണാവസ്ഥയ്ക്ക്,** അടിസ്ഥാനമായി പല പ്രമാണങ്ങളുമുണ്ടെങ്കിലും കിടപ്പ്, ഭൂപ്രകൃതി, ഇവയെ ആശ്രയിച്ചു മാത്രമേ ഇവിടെ വിവരിക്കുന്നൊള്ളു. നമ്മുടെ രാജ്യത്തിന്റെ പടിഞ്ഞാറുവശത്ത് വിസ്തീർണ്ണമായ അറബിക്കടലും, കിഴക്കുവശത്ത് ക്രമോന്നതമായ സഹ്യപർവ്വതവും സ്ഥിതിചെയ്യുന്നു. ഭൂമധ്യഭാഗത്തുനിന്നും ഏകദേശം 600 മൈലിനു വടക്കുമാറി 700 മൈൽവരെയാണ് തിരുവിതാംകൂർ വ്യാപിച്ചിരിക്കുന്നത്. അതിനാൽ മധ്യഭാഗത്തുനിന്നും മീനമാസാരംഭത്തോടുകൂടി വടക്കോട്ടു ക്രമേണ മാറി മാറി 3 മാസംകൊണ്ട് ഏകദേശം 1650 മൈൽ ദൂരെ എത്തുന്ന സൂര്യൻ, തിരിച്ച് മധ്യരേഖയിൽ എത്തുന്ന 6 മാസത്തിനകം നമ്മുടെ രാജ്യത്തിനു നേരെയായി രണ്ടു പ്രാവശ്യം ഉദയാസ്തമനം ചെയ്യാതെ നിവൃത്തിയില്ല. ഈ 6 മാസക്കാലത്തിന് ഉഷ്ണകാലമെന്നും നമ്മിൽനിന്ന് അകന്നുപോകുന്ന 6 മാസക്കാലത്തിനു തണുപ്പുകാലമെന്നും പറയുന്നു. ഉഷ്ണകാലത്തിന്റെ മധ്യത്തിൽ തിരുവിതാംകൂറിന്റെ വടക്കെ അതിർത്തിയിൽനിന്ന് ഏകദേശം 900 മൈലോളം സൂര്യൻ വടക്കോട്ടുമാറി ഉദിക്കയും, സൂര്യൻ നില്ക്കുന്ന സ്ഥാനത്തെ നോക്കി തെക്കുപടിഞ്ഞാറുനിന്ന് വടക്കുകിഴക്കോട്ടു കാററടിക്കയും ചെയ്യുന്നു. ഈ കാററ് അറബിക്കടലിൽകൂടി വീശുന്നതിനാൽ നീരാവി സംപൂർണ്ണമായിത്തീരുകയും ഈ നീരാവിയെ കിഴക്കുള്ള പർവ്വതങ്ങൾ തടഞ്ഞു നിർത്തുകയും, തുടരെത്തുടരെ ഇങ്ങനെ സംഭവിക്കുന്നതിനാൽ തിരുവിതാംകൂറിലെ വായുമണ്ഡലം മുഴുവൻ നീരാവികൊണ്ടു നിറയുകയും, മേല്പോട്ട് പൊങ്ങുകയും ചെയ്യുന്നു. ഇങ്ങനെ മേല്പോട്ടു പൊങ്ങുന്നതുകൊണ്ടും സൂര്യൻ അകന്നുനില്ക്കുന്നതുകൊണ്ടും ഈ നീരാവി തണുത്തു ഇടവമാസാവസാനംമുതൽ കർക്കടകമാസാവസാനംവരെ വലിയവർഷത്തിനു കാരണമാകുന്നു. ഇങ്ങനെ ഉഷ്ണകാലത്തിന്റെ മധ്യേയുണ്ടാകുന്ന മഴയ്ക്കാണ് ഇടവപ്പാതി (കാല)വർഷമെന്ന് പേർപറയുന്നത്. നമ്മുടെ രാജ്യത്തിനു വളരെ വടക്കു നിന്നിരുന്ന സൂര്യൻ കന്നിമാസത്തോടുകൂടി തിരികെ മധ്യഭാഗത്തിൽ എത്തുന്നു. അതിനാൽ ചിങ്ങം കന്നി ഈ മാസങ്ങളിൽ നമുക്ക് വീണ്ടും വേനലായിത്തീരുന്നു. തുലാമാസത്തോടുകൂടി സൂര്യൻ മധ്യരേഖയ്ക്കു തെക്കു മാറുന്നതിനാൽ വടക്കുകിഴക്കൻ കാററു വീശുകയും അതിലുള്ള നീരാവികൊണ്ടു തുലാവർഷമുണ്ടാകയും ചെയ്യുന്നു. **പൊതുവെ ഇടവം മുതൽ തുലാം വരെ ൬ മാസം വർഷകാലവും, വൃശ്ചികം മുതൽ മകരം വരെ ൩ മാസം മഞ്ഞുകാലവും കുംഭം മുതൽ മേടം വരെ ൩ മാസം വേനൽക്കാലവുമായി കലാശിക്കുന്നു.** നിങ്ങൾ 10-ാമത്തെ പടം സൂക്ഷിച്ചുനോക്കുകയാണെങ്കിൽ ഈ ചെറിയ രാജ്യത്തുതന്നെ വർഷകാലത്തിനു വിവിധത്വം കാണും. ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നാണ് ഇനി അന്വേഷിപ്പാനുള്ളത്.


തിരുവിതാംകൂറിന്റെ തെക്കെ അററത്തു, മഹേന്ദ്രഗിരിയൊഴിച്ചാൽ മററുള്ള പർവ്വതങ്ങൾ പൊക്കം കുറഞ്ഞവയാണെന്നും, സർവ്വപ്രധാനമായ ഒരു വിടവ് അവിടെ ഉണ്ടെന്നും, അഗസ്തീശ്വരത്തിന്റെ തെക്കുകിഴക്കെ അതിരു പൊക്കം തീരെ കുറഞ്ഞ കുന്നിൻപുറങ്ങളാണെന്നും, ഓർമ്മിക്കുമ്പോൾ മഴ അത്ര വളരെ കുറയുന്നതിനുള്ള കാരണം മനസ്സിലാകാം. സഹ്യപർവ്വതത്തിന്റെ കിടപ്പ് പൊതുവെ നോക്കുന്നപക്ഷം ഇംഗ്ലീഷിൽ ഏഴ് (7) എന്ന അക്കംപോലെയാകയാൽ, വടക്കുകിഴക്കോട്ടടിക്കുന്ന കാററ് പർവ്വതത്തിൽ തട്ടി വടക്കോട്ടു തിരിഞ്ഞ് നീരാവിയോടുകൂടി വടക്കുകിഴക്കെ ഭാഗത്തേക്കു പോകുന്നു. അവിടവിടെ പർവ്വതങ്ങൾ പടിഞ്ഞാട്ടു നീണ്ടുകിടക്കുന്നവ ഇവയെ തടയുന്നുണ്ടെങ്കിലും, പൊതുവെ ഈ ഗതി വടക്കോട്ടായി പീരുമേടുവരെ എത്തുന്നു. അവിടെ മലംപ്രദേശങ്ങൾ പടിഞ്ഞാറും വ്യാപിച്ചിരിക്കുന്നതുകൊണ്ട്, നീരാവി മുഴുവൻ അവിടെ ചെന്ന് അടിയുകയും, ചില കാലങ്ങളിൽ 260 ഇഞ്ചിൽപരം മഴ വീഴുകയും ചെയ്യുന്നു. (ഒരു വർഷം മുഴുവൻ വീഴുന്ന മഴവെള്ളം വററിപ്പോകാതെയും, ഒലിച്ചുപോകാതെയും കെട്ടിനിറുത്തി ആ സ്ഥലം മുഴുവൻ ഒരേ ഘനത്തിൽ പരത്തിനോക്കിയാൽ എത്ര ഇഞ്ചു പൊക്കം കാണുമോ അത്രയും ഇഞ്ചാണ് ഒരു വർഷം പെയ്ത മഴയുടെ അളവ്) ഇതിനു വടക്കു മാറി ദേവികുളത്തിലാണല്ലൊ വൻകൊടുമുടികൾ സ്ഥിതിചെയ്യുന്നത്. എന്നാൽ പീരുമേടിനു തെക്കുള്ള ഭാഗങ്ങളിൽനിന്ന്, ചെന്നുചേരുന്ന നീരാവി മുഴുവൻ അവിടെ തടഞ്ഞു വർഷിച്ചുപോകുന്നതിനാലും തെക്കു പടിഞ്ഞാറുനിന്നു വരുന്ന നീരാവിയുടെ ഒരു പ്രധാന ഭാഗം ചെങ്ങമനാടു തുടങ്ങിയുള്ള മലംപുറങ്ങൾ തടഞ്ഞുപോകുന്നതുകൊണ്ട് അവിടെ മഴയായി വീണുപോകുന്നതിനാലും ദേവികുളത്ത് പീരുമേട്ടിൽനിന്ന് കുറവായിട്ടുമാത്രമേ വർഷമുണ്ടാകാറുള്ളു. ഈ മലംപ്രദേശത്തിനു വെളിയിൽ കിടക്കുന്ന അഞ്ചുനാട്, ചെങ്കോട്ട ഇവിടങ്ങളും, അഗസ്തീശ്വരം താലൂക്കിന്റെ തെക്കേ അററവും, തിരുവിതാംകൂറിലേക്ക് ഏററവും മഴ കുറവുള്ള പ്രദേശങ്ങളായിരിക്കുന്നതിന് കാരണം ഇപ്പോൾ നിങ്ങൾ മനസ്സിലാക്കിയിരിക്കാം.

(വർഷപാതത്തിന്റെ സാമാന്യമായ കൂടുതൽ കുറവിനെ കാണിക്കുന്ന 9-ാം നമ്പർ പടം നല്ലവണ്ണം നോക്കി ഓരോ താലൂക്കിലും, പൊതുവെ രാജ്യത്തിന്റെ ഓരോ ഭാഗത്തിലുമുണ്ടാകുന്ന മഴവീഴ്ചയേയും, അതിനുള്ള കാരണങ്ങളേയും മനസ്സിലാക്കണം. 10-ാം നമ്പർ പടം നല്ലവണ്ണം ശ്രദ്ധിച്ചു നോക്കി, പർവ്വതങ്ങളുടെ കിടപ്പ്, കാററുകളുടെ ഗതി, ഇവയെ ഓർമ്മിച്ചുകൊണ്ട്, അടുത്തടുത്തു കിടക്കുന്ന രണ്ടു സ്ഥലങ്ങളിൽപോലും വർഷപാതത്തിനു വ്യത്യാസം വരുന്നതിനുള്ള സൂക്ഷ്മസംഗതികളെ അറിയണം.)

No. 10.

കഴിഞ്ഞ പത്തു വർഷത്തെ കണക്കനുസരിച്ച് ഓരോ സ്ഥലത്തുമുണ്ടായ

## ശരാശരി മഴവീഴ്ച.




(ഇരുവശത്തും നേരെ കാണുന്ന അക്കങ്ങൾ ഇഞ്ചു കണക്കാകുന്നു.)

ഏ— 1) കന്യാകുമാരി, 2) ചിന്നാർ.

ബി— 3) താമരക്കുളം, 4) ആരുവാമൊഴി, 5) ആഴിക്കര, 6) ഇരണിയൽ, 7) നാഗർകോവിൽ, 8) കുഴിത്തുറ, 9) കുളച്ചൽ, 10) ഭൂതപ്പാണ്ടി, 11) ചെങ്കോട്ട.

സി– 12) പാറശ്ശാല, 13) തക്കല, 14) മറയൂർ, 15) നെയ്യാററിൻകര, 16) തിരുവട്ടാർ, 17) തിരുവനന്തപുരം, 18) കമിളി, 19) ആററുങ്ങൽ, 20) പൂപ്പാറ.

ഡി– 21) കുലശേഖരം, 22) നെടുമങ്ങാട്, 23) പേച്ചിപ്പാറ, 24) കരുനാഗപ്പള്ളി, 25) കൊല്ലം, 26) കായങ്കുളം, 27) അരിപ്പാട്, 28) ആര്യങ്കാവ്.

ഇ– 29) അമ്പലപ്പുഴ, 30) കൊട്ടാരക്കര, 31) ചേർത്തല, 32) അടൂർ, 33) തിരുവല്ലാ, 34) വൈക്കം, 35) പെരുമ്പാവൂർ, 36) ചെങ്ങന്നൂർ, 37) മാവേലിക്കര, 38) ദേവികുളം, 39) ചങ്ങനാശേരി, 40) പുനലൂർ, 41) ഏററുമാനൂർ, 42) ആലപ്പുഴ, 43) പറവൂർ, 44) കോട്ടയം, 45) ആലുവാ.

എഫ്– 46) പത്തനംതിട്ട, 47) മൂവാററുപുഴ, 48) മലയാററൂർ, 49) കാരിക്കോട്, 50) പാലാ.

ജി– 51) മൂന്നാർ, 52) കാഞ്ഞിരപ്പള്ളി.

എച്ച്– 53) **പീരുമേട്**. (വർഷത്തിന്റെ കൂടുതലനുസരിച്ച് നമ്പരുകളെ ക്രമപ്പെടുത്തിയിരിക്കുന്നു.)

## VI.

ഇപ്രകാരമുള്ള വർഷാധിക്യവും, വേനലിന്റെ കാഠിന്യവും, മണ്ണിന്റെ തരഭേദവും, പലതരം സസ്യാദികളുടെ വളർച്ചയ്ക്കു കാരണമായിത്തീരുന്നു. മനുഷ്യരുടെ സുഖത്തിനുള്ള വിവിധ സാധനങ്ങളും പ്രകൃതിയിൽനിന്നുതന്നെ കിട്ടേണ്ടിയിരിക്കുന്നതിനാൽ തങ്ങളുടെ ആവശ്യാനുസരണം പദാർത്ഥങ്ങളെ സമ്പാദിക്കുന്നതിനുള്ള നിരന്തര ശ്രമംകൊണ്ടു് അവർ പ്രകൃതിക്ക് പല മാററങ്ങളേയും വരുത്തുന്നു. ഈ മാററങ്ങളെക്കുറിച്ചാണ് ഇനി നാം ഗ്രഹിക്കേണ്ടതു്. ജീവസന്ധാരണത്തിനു ആവശ്യമായ സാധനങ്ങൾ ഉണ്ടാകത്തക്കവണ്ണം ഭൂമിയെ സൌകര്യപ്പെടുത്തുകയാണ് ഇതിൽ പ്രധാനമായിട്ടുള്ളതു്. ഭൂമിയുടെ സ്വഭാവം, ശീതോഷ്ണാവസ്ഥയുടെ ക്രമം, ഇവ മനസ്സിലാക്കി ഓരോ സ്ഥലത്തുമുണ്ടാകുന്ന സാധനങ്ങളെ തിരിച്ചറിഞ്ഞു അവൻ അരാത്ത സാധനങ്ങളെ അവിടെ നട്ടുണ്ടാക്കുന്നു. ഇപ്രകാരമുള്ള കൃഷി സുകരമായി നടത്തുന്നതിനു പല ആനുകൂല്യങ്ങളും അവനുണ്ടായിരിക്കണം. (1) **മൂലധനം**, തങ്ങളുടെ പൂർവ്വികന്മാർ കൃഷിക്കുവേണ്ടി ചെയ്തിട്ടുള്ള സകല പ്രയത്നങ്ങളും ഇതിൽ ഉൾപ്പെടുന്നതാണ്. (2) **വേല**, അധിക പണച്ചെലവോ ബുദ്ധിമുട്ടോ കൂടാതെ ഈ തൊഴിൽ നിർവ്വഹിക്കത്തക്കവണ്ണം വേലക്കാരും യന്ത്രസാമഗ്രികളും ഉണ്ടായിരിക്കണം. (3) **ശക്തി**, ഓരോരുത്തൻതന്നെ തനിക്കു വേണ്ട സകല ജോലിയും ചെയ്യുക എന്നുള്ളതു് ഒരിക്കലും സാധ്യമല്ല. അതിനാൽ അനേകം ആളുകൾ ഏകോപിച്ചു പ്രവർത്തിക്കത്തക്കവണ്ണം സംഘബലവും പരസ്പര വിശ്വാസവും ഉണ്ടായിരിക്കണം. (4) **പ്രാപ്തി**, കൃഷിചെയ്തുണ്ടാക്കുന്ന സാധനങ്ങളെ പരിഷ്ക്കരിച്ചോ അല്ലാതെയോ ആവശ്യമുള്ള സ്ഥലങ്ങളിൽ വിതരണം ചെയ്യത്തക്കവണ്ണം ശേഷിയുണ്ടായിരിക്കണം. (5) **ഗവമ്മെണ്ടു്**, പൌരാവലിയുടെ പൊതുവേയുള്ള ആവശ്യങ്ങളറിഞ്ഞു് അവക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കണം. (6) പുതുതായി കൃഷിസ്ഥലങ്ങളും, കുടിപാർപ്പുകളും ഏർപ്പെടുന്നതിനു രാജ്യത്തിൽ സൌകര്യമുണ്ടായിരിക്കയും, ഗവമ്മെണ്ടു് അതിനു വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്യണം ഇവയാകുന്നു.

**വിളവുകൾ**– പ്രധാനമായി ജീവവർഗ്ഗം, സസ്യവർഗ്ഗം, ധാതുവർഗ്ഗം എന്നു മൂന്നായി ഭാഗിക്കാം. ജീവവർഗ്ഗങ്ങളിൽ കാട്ടുമൃഗങ്ങളും, നാട്ടുമൃഗങ്ങളും, സസ്യവർഗ്ഗങ്ങളിൽ കൃഷിചെയ്തുണ്ടാക്കുന്നവയും, കാട്ടിൽ വളരുന്നവയും, ധാതുവർഗ്ഗങ്ങളിൽ ലോഹങ്ങളും, ഉപ്പ്, മണ്ണെണ്ണ, മുതലായ ധാതവ ദ്രവ്യങ്ങളും അടങ്ങിയിരിക്കുന്നു.

തിരുവിതാംകൂറിൽ കൃഷി ചെയ്തുണ്ടാക്കുന്ന സാധനങ്ങളെ പ്രാധാന്യേന 12, 13 ഈ നമ്പർ പടങ്ങളിൽ കാണിച്ചിട്ടുണ്ടു്. അതു നോക്കി പ്രധാന വിളവുകൾ ഏതെല്ലാമെന്നും, അവ എവിടെ ധാരാളം ഉണ്ടാകുന്നു എന്നും മനസ്സിലാക്കണം. തിരുവിതാംകൂറിലെ വിളവുകളിൽ മിക്കവയും എല്ലായിടത്തും അല്പാല്പമായിട്ടെങ്കിലും കാണുന്നുണ്ടു്. ധാരാളമായിട്ടുണ്ടാകുന്ന സ്ഥലങ്ങളിൽ മാത്രമേ അവയെ അടയാളപ്പെടുത്തിയിട്ടുള്ളു.

1. **തെങ്ങ്**– തിരുവിതാംകൂറിലെ പകുതിയിലധികം ജനങ്ങളുടെയും സുഭിക്ഷതയ്ക്കു് കാരണം ഈ വൃക്ഷം തന്നെയാണ്. ഇതിൽനിന്നു കിട്ടുന്ന സാധനങ്ങളുടെ ആവശ്യം വിദേശിയർക്കുള്ള കാലത്തോളം തെങ്ങു കൃഷിയെപ്പോലെ ആദായകരമായതു് മറെറാന്നുംതന്നെ ഇല്ലെന്നു പറയാം. ഉഷ്ണവും വർഷവും ധാരാളമുള്ളതും ഇളകിയ മണ്ണുള്ളതുമായ ഭൂഭാഗങ്ങളിൽ ഇതു് തഴച്ചു വളരുന്നു. ഉപ്പ് ഇതിനു് അനുകൂലമായ വളമാകയാൽ കായലോരങ്ങളിലും സമുദ്രതീരത്തും നല്ലവണ്ണം ഫലിക്കുന്നു. മലംപ്രദേശങ്ങളിൽ ഇ

**No. 11.**



**പ്രധാന ജീവികൾ—** ആന, കടുവാ, പുലി, കരടി, കാട്ടുനായ്, കടമാൻ, മാൻ, കാട്ടാട്, കാട്ടുപന്നി, മുള്ളൻപന്നി, പലതരം കുരങ്ങുകൾ, വെരുക്, മുയൽ, മലയണ്ണാൻ, പലതരം പാമ്പുകൾ, ഉടുമ്പ്, ചീങ്കണ്ണി, നീർനായ്, അനേകവിധം മത്സ്യങ്ങൾ ഇവയാകുന്നു.

ളകിയ മണ്ണുള്ള സ്ഥലത്തും നദീതടങ്ങളിലും ഇപ്പോൾ നല്ല തെങ്ങിൻതോട്ടങ്ങൾ ഉണ്ട്. തിരുവിതാംകൂറിലെ സമതല പ്രദേശത്തിൽ കുളച്ചലിനു തെക്കുള്ള ഭാഗവും തിരുവനന്തപുരം സമീപിച്ചുള്ള വെള്ളമണൽ പ്രദേശവും കുട്ടനാട്ടിലെ പുഞ്ചപ്പാടങ്ങളും ഒഴിച്ചാൽ ശേഷംഭാഗം ഒററയായ ഒരു തെങ്ങിൻതോട്ടമെന്നുതന്നെ പറയാം. ഇവിടെ പൈങ്കുളം, മഞ്ചിറ, കരിങ്കുളം, ചിറയിൻകീഴ്, അഞ്ചുതെങ്ങ് ഈ സ്ഥലങ്ങളും, കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, ചേർത്തല, പറവൂർ ഈ താലൂക്കുകളും തെങ്ങുകൃഷിക്ക് വളരെ പ്രസിദ്ധപ്പെട്ടവയാണ്. തീരഭൂമിയിലോളമില്ലെങ്കിലും ഉൾപ്രദേശങ്ങളിൽ ചില സ്ഥലങ്ങളിലെ തേങ്ങാ ഗുണക്കൂടുതലുള്ളതായി കണ്ടിരിക്കുന്നു. പാലാത്തേങ്ങാ പണ്ടുപണ്ടേ പ്രസിദ്ധമാണ്. ചിറക്കടവു, കല്ലൂപ്പാറ, തുമ്പമൺ ഈ സ്ഥലങ്ങളിൽ മുമ്പിനാലെ തെങ്ങിൻതോട്ടങ്ങൾ ഉണ്ട്. റാന്നി, പത്തനംതിട്ട, കോന്നി, വള്ളിക്കോട്ട് മുതലായ മലം പ്രദേശങ്ങളിലും ഇപ്പോൾ തെങ്ങുകൃഷി ഗുണപ്രദമായി കണ്ടിരിക്കുന്നു. തെങ്ങുള്ള സ്ഥലങ്ങളിലെന്നു മാത്രമല്ല, കുന്നുംപുറങ്ങളൊഴിച്ച് മററുള്ള ഭൂഭാഗങ്ങളിൽ അടയ്ക്കാമരം സമൃദ്ധിയായി ഉണ്ടാകുന്നുണ്ട്.

**2. കരിമ്പന—** ഈ വൃക്ഷത്തിന്റെ വളർച്ചയ്ക്ക് മഴ അധികം ആവശ്യമില്ലാത്തതിനാൽ 50 ഇഞ്ചിൽ കുറവായി മഴ പെയ്യുന്നതും ഉറപ്പുള്ള മണ്ണോടുകൂടിയതുമായ തെക്കൻതിരുവിതാംകൂറിൽ ഇതു ധാരാളമായി വളരുന്നു. തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവൻകോട്, ഈ താലൂക്കുകളിലും, നെയ്യാററിൻകരയുടെ തെക്കുകിഴക്കേ ഭാഗത്തുമാണ് ഈ വൃക്ഷമുള്ളത്. കോതയാററിലെ അണ തീർന്നതോടുകൂടി അനവധി പനംകാടുകൾ ഒന്നാംതരം നെൽകൃഷിപ്രദേശങ്ങളായി തീർന്നിട്ടുണ്ട്.

**3. കുടപ്പന—** ഈ വൃക്ഷത്തിന്റെ വളർച്ചക്ക് വർഷം ധാരാളം വേണ്ടിയിരിക്കുന്നതിനാൽ
100 ഇഞ്ചിൽപ്പരം മഴ വീഴുന്ന ഉത്തര തിരുവിതാംകൂറിൽ പലേടത്തും ഇതു് കൂട്ടമായി വളരുന്നു. കോട്ട
യം താലൂക്കിനു വടക്കുതുടങ്ങി മീനച്ചൽ, വൈക്കത്തിനു കിഴക്കുഭാഗം, മൂവാററുപുഴ, കുന്നത്തുനാട്ട് ഈ പ്ര
ദേശങ്ങളിൽ ധാരാളം കാണുന്നു. ഓല പുര മേയുന്നതിനും, കുട കെട്ടുന്നതിനും ഉപയോഗിക്കുന്നതുകൂടാതെ ക
ലശ്ശാറായ പനയിൽനിന്ന് നൂറ് (മാവ്) എടുത്ത് സാധുക്കൾ ഭക്ഷിക്കുന്നുമുണ്ട്. മൂന്നാലാളുകളുള്ള കുടുംബത്തി
ന് ഒരു പനയുടെ മാവ് ഏകദേശം ആറുമാസക്കാലത്തേക്കുണ്ടായിരിക്കുമെന്ന് കണ്ടിരിക്കുന്നു. കുലശ്ശുന്നതോ
ടുകൂടി ഈ വൃക്ഷം നശിക്കുന്നു. പുന്നശ്ശയിൽനിന്ന് അല്പം ചെറുതായ (മൂഴത്ത നെല്ലിശ്ശയോളമുള്ള) കായ്
നാലു ചാക്കുവരെ ഒരു പനയിൽനിന്ന് കിട്ടും. ഇതു് ശേഖരിച്ച് വിദേശങ്ങളിലേയ്ക്കും, തിരുവനന്തപുര
ത്തേയ്ക്കും അയക്കുന്നു. ഇതിന്റെ അകത്തെ പരിപ്പ് കൊമ്പുപോലെ ബലവും നിറവുമുള്ളതും മിനുസപ്പെടുത്താ
വുന്നതുമാകയാൽ ബട്ടൻസുണ്ടാക്കുന്നതിനു് സാധാരണയായി ഉപയോഗിക്കുന്നു.

**4. ചൂണ്ടപ്പന—** ഈ വൃക്ഷം തിരുവിതാംകൂറിൽ എല്ലാ ഭാഗത്തും കാണുന്നുണ്ടെങ്കിലും കൊ
ട്ടാരക്കര, കുന്നത്തൂർ, മീനച്ചൽ, കോട്ടയം, മൂവാററുപുഴ, കുന്നത്തുനാട്ട് ഈ താലൂക്കുകളിലാണ് ഒട്ടധികമുള്ള
തു്. ഇതിന്റെ ഇളങ്കുല ചെത്തി കള്ളെടുക്കുന്നു. ചുണ്ണാമ്പ് തേച്ചെടുക്കുന്ന മധുരക്കള്ള് കുറുക്കിപ്പററിച്ചാണ്
വെള്ളച്ചക്കര ഉണ്ടാക്കാറുള്ളതു്. എഴകോൺ ചക്കരയും പാലാ ചക്കരയും പ്രസിദ്ധമായിരുന്നു.

**5. വന്മരങ്ങളും മുളയും—** വന്മരങ്ങളെ തടിക്കു മാത്രം ഉപയോഗമുള്ളവയും തടികൊണ്ടും
ഫലംകൊണ്ടും ഉപയോഗമുള്ളവയും, ഇങ്ങനെ രണ്ടുതരമായി പിരിക്കാം. ഇവയിൽ തേക്ക്, വീട്ടി, കരിങ്ങാ
ലി, ആഞ്ഞിലി, തമ്പകം, വേങ്ങാ, തേമ്പാവ്, മൈല, പയിൻ, ചന്ദനം (അഞ്ചുനാട്ടിൽ മാത്രമേ ധാരാ
ളമായി കാണുന്നുള്ളു.) ഇവ ഒന്നാമിനത്തിലും; പുളി, പ്ലാവ്, മാവ്, പറങ്കിമാവ്, ഇവ രണ്ടാമിനത്തിലും ഉ
ൾപ്പെടുന്നു. നമ്മുടെ രാജ്യത്തിൽ പലതരം മുളകളുണ്ട്. സാധുക്കളുടെ ഗൃഹനിർമ്മാണത്തിന് അത്യന്തം ഉ
പകരിക്കുന്ന കല്ലുമുളയും, മുഠം, കൂട്ട, വട്ടി, പരമ്പ്, ഇവ നെയ്യുണ്ടാക്കുന്നതിന് ഉപയോഗിക്കുന്ന ഈററയും
(വേഴം) ഇതിൽ പ്രധാനമാണ്. ഹൈറേഞ്ചിനു വടക്കുള്ള അഞ്ചുനാട്ട് മുളശ്ശ് പ്രസിദ്ധപ്പെട്ടതാണ്.

നാരെടുക്കുന്ന വൃക്ഷങ്ങളും ചെടികളും തിരുവിതാംകൂറിൽ എല്ലാഭാഗത്തും കാണുന്നുണ്ട്. ആനക
ളെക്കൊണ്ടു തടിപിടിപ്പിക്കുന്ന വക്ക ഒരു വൃക്ഷത്തിന്റെ തൊലി ചതച്ചെടുക്കുന്നതാണ്. തിരുവനന്തപുരം മ
തലായ സ്ഥലങ്ങളിൽ താമസിക്കുന്ന ചലപ്പന്മാർ ... നെയ്യുന്ന കയ്യനാരു് വലംപിരിയുടെ തൊലിയാ
ണ്. തെക്കൻദിക്കിലെ ആനക്കററ പാഴയിൽനിന്നു വെള്ളിക്കമ്പിപോലെ വെണ്മയും, നേർമ്മയുമുള്ള നാരെ
ടുക്കാം. തൊണ്ടിനാരു്, വാഴനാരു് ഇവയെപ്പററി ഇവിടെ വിവരിക്കണമെന്നില്ല.

കയിനാപ്പൊടിയെടുക്കുന്ന സിങ്കോനാവൃക്ഷം പല മലകളിലും ഇപ്പോൾ കൃഷി ചെയ്യുന്നു.

**6. റബ്ബർ—** സാധാരണയായി 1000 അടിക്കുമേൽ പൊക്കമുള്ള ഭാഗങ്ങളിലാണ് ഇതു കൃഷിചെ
യ്യുന്നതു്. ആദ്യമായി പീരുമേട്ട്, ദേവികുളം ഈ സ്ഥലങ്ങളിൽ ആരംഭിച്ച കൃഷി ഫലപ്രദമായി കണ്ടതി
നാൽ തിരുവിതാംകൂറിൽ മററു മലംപ്രദേശങ്ങളിലും പരന്നു. ഇതിൽനിന്നു കിട്ടുന്ന റബ്ബർ മുഴുവൻ വി
ദേശങ്ങളിൽ ചിലവാകേണ്ടിയിരിക്കുന്നതുകൊണ്ട് അവരുടെ ആവശ്യാനുസരണം വിലക്ക് ഏററക്കുറച്ചിൽ
വരുന്നതാണ്. (വിളവ് ഒന്നാമത്തെ പടംനോക്കി റബ്ബർ കൃഷിസ്ഥലങ്ങളെ മനസ്സിലാക്കുക.);

**7. കാപ്പി—** തിരുവിതാംകൂറിലെ മലകളിൽ ആദ്യമായുണ്ടായതു് കാപ്പിത്തോട്ടങ്ങളായിരുന്നു.
തേയിലയുടെ ആവശ്യം കൂടി വന്നതോടുകൂടി കാപ്പികൃഷിക്കു സാരമായ ഇടിവു തട്ടി. 3000 അടിവരെ പൊ
ക്കമുള്ളതും കാററിന്റെ ശല്യമില്ലാത്തതുമായ മലംചരുവുകളിലാണ് കാപ്പിത്തോട്ടങ്ങൾ സാധാരണയായി ക
ണ്ടുവരുന്നതു്. ഇപ്പോഴും ചെങ്കോട്ടയ്ക്കു സമീപമുള്ള മലകളിലും പീരുമേട്ടിലും ദേവികുളത്തിനു വടക്കുള്ള ത
ള്ളയാർ തടത്തിലും നല്ല കാപ്പിത്തോട്ടങ്ങൾ ഉണ്ട്.

**8. തേയില—** റബ്ബർ, കാപ്പി ഇവയുണ്ടാകുന്ന പ്രദേശങ്ങളിൽ തേയിലയും തഴച്ചു വളരുന്നു.
തിരുവിതാംകൂറിൽ ഇപ്പോൾ തേയിലത്തോട്ടങ്ങളാണ് കൂടുതൽ ഉള്ളതു്. (വിളവു 12–ാമത്തെ പടം നോ
ക്കി തേയിലയുണ്ടാകുന്ന സ്ഥലങ്ങൾ മനസ്സിലാക്കണം.)

**9. വാഴ—** തിരുവിതാംകൂറിന്റെ സൌന്ദര്യപുഷ്ടിയെ അനുകമാനം വർദ്ധിപ്പിക്കുന്ന വാഴ സാധാ
ര ... ഒരു ... ഇരുപതു ജാതിയിൽപരം ഇവിടെ കാണുന്നുണ്ട്. സമുദ്രതീരം തുടങ്ങി വലിയ പർവ്വത പ്രദേശങ്ങ
ളു ... ത്താം ... ിവാരംവരെ ഇതു് കൃഷി ചെയ്യാറുണ്ട്. തെങ്ങുകൃഷിപോലെ തന്നെ വാഴകൃഷിയും വളരെ ആദാ
യ ... ൻപുറമേ. ആണ്ടോടാണ്ടു കൃഷി ചെയ്യുന്നതിനും ന്യായമായ വില കിട്ടത്തക്കവണ്ണം കൊടുക്കുന്നതിനും വേ
ണ്ട ... ഈ തി ... ശ്ശും ഉണ്ടായിരിക്കണമെന്നേയുള്ളു. തോവാള മുതൽ കൽക്കുളംവരെ കിട്ടുന്ന പേയൻപഴവും, വിള
മഞ്ഞള


77°
10°
10°
No. 12.
തരുവിതാംകൂർ
വിളവുകൾ.
1 ഇഞ്ചു= 18½ മൈൽ.
0 9¼ 18½
തെങ്ങ്
റബ്ബർ
കരിമ്പന
തേയില
കടപ്പന
കാപ്പി
ചൂണ്ടപ്പന
വാഴ
വൻമരങ്ങൾ.
മരച്ചീനി.
77°

വൻകോട്ട തുടങ്ങി വടക്കോട്ട എല്ലാ താലൂക്കിലും വേണ്ടിടത്തോളമുള്ള പാളേന്തോടനും, നെയ്യാററിൻകരയിലെ പടററി, ചിങ്ങൻ ഇവയും, നെയ്യാററിൻകര, തിരുവനന്തപുരം, നെടുമങ്ങാട് ഈ താലൂക്കുകളിൽ ധാരാളമുള്ള രക്തകദളി (കപ്പപ്പഴം) മലംപൂവൻ (പച്ചവട്ടൻ) വാനനയേറിയ തേവൻകദളി (തേൻകദളി–മട്ടിപ്പഴം) ഇവയും നെടുമങ്ങാട്ട താലൂക്കിലെ മൂങ്കിലും, കുമ്പില്ലാകണ്ണനും നെയ്യാററിൻകര, കുന്നത്തൂർ, തിരുവല്ലാ, ചങ്ങനാശേരി, കുന്നത്തുനാട്, പറവൂർ ഈ താലൂക്കുകളിൽ ധാരാളം കിട്ടുന്ന ഏത്തനും (നേന്ത്രക്കായ്) വടക്കൻതാലൂക്കുകളിലെ പൂവനും ഇവയിൽ പ്രധാനങ്ങളാകുന്നു.

10. മരച്ചീനി— 1000 അടിവരെ പൊക്കമുള്ള കുന്നിൻപുറങ്ങളിൽ സാധാരണ കൃഷിചെയ്യുവരാറുള്ള ചീനി (മരച്ചീനി–കപ്പ) കരകൃഷിയിലും സാധുക്കളുടെ ആഹാരത്തിലും പ്രധാന സ്ഥാനത്തെ അർഹിക്കുന്നു. തോവാള, അഗസ്തീശ്വരം, ചെങ്കോട്ട, കാർത്തികപ്പള്ളി, അമ്പലപ്പുഴ, ചേർത്തല, ദേവികുളം ഈ ഏഴു താലൂക്ക ഒഴിച്ച് മറെറല്ലായിടത്തും കൃഷിചെയ്യാറുണ്ട്. സാധാരണയായി പന്ത്രണ്ട തരത്തോളം കാണുന്ന ഈ സാധനം എത്രതന്നെ വർദ്ധിച്ചിട്ടും തന്നാട്ടാവശ്യം കഴിഞ്ഞു അതുവരെ കൂടുതലായി തീർന്നിട്ടില്ല. മരച്ചീനിയുണ്ടാകുന്ന മിക്ക സ്ഥലങ്ങളിലും ചേന, കാച്ചിൽ, ചെറുകിഴങ്ങ്, ചേമ്പ്, ചീവക്കിഴങ്ങ് (കൂക്ക്) ചീനിക്കിഴങ്ങ് (മധുരക്കിഴങ്ങ്) ഇവയും ധാരാളമുണ്ടാകുന്നുണ്ട്.

(വിളവ് രണ്ടാമത്തെ പടം നോക്കുക.)

1. നെല്ല്— നീരാവി സംപൂർണ്ണമായ വായുവും കൂടുതലായ ഉഷ്ണവും ധാരാളം വർഷവുമുള്ള പ്രദേശങ്ങളിൽ നല്ലവണ്ണമുണ്ടാകുന്ന ഈ ധാന്യം തിരുവിതാംകൂറിലെ പർവ്വതഭൂമിയൊഴിച്ച് മറെറല്ലാ സ്ഥലങ്ങളിലും സാമാന്യമായി കൃഷിചെയ്യുവരുന്നു. ഇവിടത്തെ പ്രധാന കൃഷി നെല്ലാണെന്നു വരുകിലും അവശ്യത്തിന് തീരെ മതിയാകാതാണിരിക്കുന്നതെന്നു ഇറക്കുമതികളെപ്പററി വിവരിക്കുന്ന ഭാഗംകൊണ്ട് നിങ്ങൾക്ക മനസ്സിലാകും. പുഞ്ചനിലങ്ങളിലും ചേരിക്കലിലും ആണ്ടിൽ ഒരു പ്രാവശ്യം മാത്രമേ കൃഷി ചെയ്യാറുള്ളു. (രണ്ടാണ്ടിലൊരിക്കൽ കൃഷി ചെയ്യുന്ന പുഞ്ചനിലങ്ങൾ വെമ്പനാട്ടുകായൽ സമീപിച്ചു കിടക്കുന്നു.) അമ്പലപ്പുഴ, ചങ്ങനാശേരി, കോട്ടയം, വൈക്കം ഈ താലൂക്കുകളിലായിട്ടാണ് പുഞ്ചനിലങ്ങൾ അധികവും കിടക്കുന്നതു്. (ഈ ഭാഗത്തിനു പൊതുവേ കുട്ടനാട്ട് എന്ന് പേർപറഞ്ഞുവരുന്നു.) കുട്ടനാട്ട കഴിഞ്ഞാൽ പുഞ്ചകൃഷി നെയ്യാററിൻകര താലൂക്കിലുള്ള വെള്ളായണിക്കായലിനു സമീപത്തു മാത്രമേ അല്പമായി നടക്കുന്നുള്ളു. ജലക്കൂടുതൽകൊണ്ട് ഇരുപ്പൂകൃഷിക്ക് സാധിക്കാതെയും എന്നാൽ പുഞ്ചപ്പാടങ്ങളേപ്പോലെ താഴ്ചയില്ലാത്തതുമായ ഒരുതരം നിലങ്ങൾ ഉണ്ട്. അവക്ക് മുണ്ടകക്കണ്ടം എന്നു പേർപറഞ്ഞുവരുന്നു. കരുനാഗപ്പള്ളി കാർത്തികപ്പള്ളി ഈ താലൂക്കുകളിൽ ഇത്തരം നിലങ്ങൾ ധാരാളമുണ്ട്. വിരിപ്പു കൃഷിക്ക് ഏററവും പ്രധാനപ്പെട്ട സ്ഥലം നാഞ്ചിനാടാണ്. കോതയാററണ തീർന്നതിൽ പിന്നീട് ജലദൗർഭിക്ഷമില്ലാത്തതിനാൽ ഇരുപ്പൂവും നല്ലവണ്ണം വിളയാറുണ്ട്. നാഞ്ചിനാട്ട കഴിഞ്ഞാൽ കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര ഈ താലൂക്കുകളിലും കൊട്ടാരക്കര താലൂക്കിനു തെക്കുള്ള ചടയമംഗലം, നിലമേൽ ഈ പ്രദേശങ്ങളിലും ഒന്നാംതരം വിരുപ്പുനിലങ്ങൾ ഉണ്ട്. മൂത്തുകിടക്കുന്ന കാട്ട വെട്ടി ചുട്ട് മേടമാസത്തിൽ വിത്തു വിതയ്ക്കുന്ന കൃഷിക്ക ചേരിസ്സൽ കൃഷി എന്നു സാധാരണ പറയുന്നു. മിക്ക മലംചരുവുകളിലും ഈ കൃഷി നടത്താറുണ്ടെങ്കിലും മൂവാററുപുഴ, തൊടുപുഴ ഈ ഭാഗങ്ങളിലാണ് കൂടുതലായിക്കാണുന്നതു്.

2. കുരുമുളക്— കൊടിമുളകെന്നും നല്ലമുളകെന്നും പേർപറഞ്ഞുവരുന്ന ഈ സാധനമാണ് പോർട്ടുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ തുടങ്ങിയുള്ള പല പാശ്ചാത്യ കച്ചവടക്കമ്പനിക്കാരേയും മലബാർ തീരത്തിലേയ്ക്ക് ആകർഷിച്ചിട്ടുള്ളതു്. തീരഭൂമിയൊഴിച്ച് എല്ലാ പ്രദേശങ്ങളിലും കൊടിമുളക കൃഷി ഉണ്ടെങ്കിലും നമ്മുടെ രാജ്യത്ത് 100 ഇഞ്ചിനുമേൽ വർഷവും 2000 അടിവരെ പൊക്കവുമുള്ള സ്ഥലങ്ങളിലാണ് സവിശേഷമായി വളരുന്നതു്. തണ്ടിന്റെ മുട്ടുതോറുമുണ്ടാകുന്ന ചെറുവേരുകൾ ബലമായി പതിഞ്ഞിരിക്കുന്നത് പടർന്നു പിടിക്കുന്നതു്. കാലവർഷം ധാരാളമുള്ളപ്പോൾ നല്ല കാക്കത്തക്കവണ്ണം സൌകര്യമുള്ള വൃക്ഷങ്ങളിലാണ് പടർന്നുപിടിക്കുന്നതു്. കാലവർഷം ധാരാളമുള്ളപ്പോൾ നല്ല കാഞ്ഞിൽ പിടിപ്പിക്കുന്ന കൊടിയുടെ സ്വതേ വളപുഷ്ടിയുള്ള മണ്ണിലാണെങ്കിൽ മൂന്നാംവർഷംമുതൽ കായ്ച്ചു തുടങ്ങും. കുരുമുളകിനു ഇപ്പോൾ പ്രസിദ്ധപ്പെട്ട സ്ഥലം മീനച്ചലാണ്. (മററു സ്ഥലങ്ങൾ പടത്തിൽനിന്നു മനസ്സിലാക്കുക.)

3. ഇഞ്ചി— കുരുമുളകിനെപ്പോലെയോ ചിലപ്പോൾ അതിനെക്കാൾ കൂടുതലായോ വിദേശികൾക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു സാധനമാണ് ചുക്ക്. നമ്മുടെ രാജ്യത്ത് പുരാതനകാലം മുതൽക്കേ ഒരു മഹത്വമേറിയ കൃഷിയായിട്ടാണ് ഇതിനെ സങ്കല്പിച്ചിരിക്കുന്നതു്. കരകൃഷിയിൽവച്ച് കൂടുതൽ പ്രയത്നം ഇഞ്ചികൃഷിക്കായിട്ടാണ് കരുതിപ്പോരുന്നതു്. ധാരാളം മഴയുള്ള ഭാഗങ്ങളിൽ ഉറച്ച (മൂപ്പുള്ള) കുന്നിൻപുറങ്ങളിൽ ഇതു സാധാരണ കൃഷി ചെയ്യുന്നു. മീനച്ചൽ, മൂവാററുപുഴ, കുന്നത്തുനാട്, കോട്ടയം, വൈക്കം ഈ താലൂക്കുകളിലാണ് ഇഞ്ചികൃഷി അധികമായുള്ളതു്. (ഇഞ്ചികൃഷിയുള്ള സ്ഥലങ്ങളിൽ സാധാരണയായി മഞ്ഞളും കൃഷിചെയ്യുന്നുണ്ട്.

4. **എള്ളു്**— പാടങ്ങളിൽ കൃഷിചെയ്യുന്ന എള്ളിനു് ചിറ്റെള്ളു് എന്നും വിളകളിൽ കൃഷിചെയ്യുന്നതിനു് കാരെള്ളു് എന്നും സാധാരണയായി പറഞ്ഞുവരുന്നു. എള്ളിനു് ജലത്തിന്റെ ആവശ്യം തീരെ ഇല്ലാത്തതിനാൽ (മഴ പെയ്തു് മണ്ണിനു് ഈർപ്പം കൂടുതലായിപ്പോയാൽ ഇതു് പെട്ടെന്നു് അഴുകിപ്പോകുന്നു.) ധനുമാസത്തിൽ വിളവിറക്കി മീനമാസത്തിൽ പിഴുതെടുക്കുന്നു. തോവാള, അഗസ്തീശ്വരം, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി ഈ താലൂക്കുകളിലെ നിലങ്ങളിൽ ആണ്ടിൽ രണ്ടുപ്രാവശ്യം നെല്ലു കൃഷിചെയ്യുന്നതുകൂടാതെ ഒരുതവണ എള്ളുകൃഷിയും നടത്തിവരുന്നുണ്ടു്.

5. **കരിമ്പു്**— ഉഷ്ണവും വർഷവും അധികമായും വെള്ളം കെട്ടി നിൽക്കാതെയും എന്നാൽ ആണ്ടോടാണ്ടു് എക്കൽ അടിയുന്നതിനു് സൗകര്യമുള്ളതായുമിരിക്കുന്ന പ്രദേശങ്ങളിലാണു് ഈ കൃഷി ധാരാളമുള്ളതു്. മാവേലിക്കരയ്ക്കു തെക്കുള്ള പ്രദേശങ്ങളിലെ ചില പാടങ്ങളിൽ അപൂർവ്വമായിട്ടു മാത്രമേ ഈ കൃഷി ചെയ്യാറുള്ളു. പ്രധാനമായി പമ്പാനദി, മണിമലയാറു്, ഇവയുടെ തീരത്തുള്ള ആറന്മുള, കവിയൂർ, കല്ലൂപ്പാറ, കോഴഞ്ചേരി ഈ പ്രദേശങ്ങളിലും മീനച്ചിലാററിന്റെ തീരത്തു് അറുമാനൂർ, പേരൂർ, പുന്നത്തുറ, കിടങ്ങൂർ, പുലിയന്നൂർ ഈ സ്ഥലങ്ങളിലും പെരിയാററിന്റെ തീരത്തു് ആലുവായുടെ കിഴക്കുതുടങ്ങി പറവൂരിനു കിഴക്കുവരെയുള്ള പ്രദേശങ്ങളിലും നല്ല കരിമ്പിൻ തോട്ടങ്ങൾ ധാരാളമുണ്ടു്.


6. **മാമ്പഴം**— മാവു് തിരുവിതാംകൂറിൽ എല്ലാ ഭാഗങ്ങളിലുമുണ്ടെങ്കിലും കോട്ടാർ, ശൂരൻകുടി, വെള്ളായണി, തിരുവനന്തപുരം, കൊല്ലം, ചെങ്കോട്ട, കാർത്തികപ്പള്ളിക്കു തെക്കുള്ള പ്രദേശം ഇവിടങ്ങളിൽ അതിവിശേഷമായ പലതരം മാമ്പഴങ്ങൾ ധാരാളം കിട്ടാറുണ്ടു്.

7. **പറങ്കിച്ചക്ക**—(കടച്ചക്ക, കൈതച്ചക്ക.) ഉഷ്ണവും വർഷവും ധാരാളമുള്ളതും സ്വതേ വളമുള്ള മണ്ണോടുകൂടിയതുമായ കുന്നിൻപുറങ്ങളിലും, താഴ്ന്ന പ്രദേശങ്ങളിലും വലിയ ശ്രമംകൂടാതെ ഇതു് അത്തുപിടിക്കുന്നു. ഒരാണ്ടിൽ നട്ടുപിടിപ്പിച്ചാൽ മാത്രം മതിയാകും. (ചില സ്ഥലങ്ങളിൽ ഇതു് വേലിക്കു പകരം നട്ടുപിടിപ്പിക്കാറുണ്ടു്.) തിരുവിതാംകൂറിൽ കിട്ടുന്ന പറങ്കിച്ചക്കകളിൽവെച്ചു് ഏററവും നല്ലതു് പത്തനാപുരം താലൂക്കിലേതാണു്. (പുനലൂർ) വിളവൻകോട്ടു്, നെയ്യാററിൻകര, തിരുവനന്തപുരം, നെടുമങ്ങാട്ടു്, കൊട്ടാരക്കര, കുന്നത്തൂർ ഈ താലൂക്കുകളിലും ഇതു ധാരാളമായി കാണുന്നുണ്ടു്.

8. **ഏലം**— നല്ലമുളകു കഴിഞ്ഞാൽ തിരുവിതാംകൂറിന്റെ മഹത്വത്തെ വർദ്ധിപ്പിക്കുന്ന ഒരു ചെടി ഏലമാണു്. 4000 അടിവരെ പൊക്കമുള്ളതും വേനലിന്റെ കാഠിന്യത്തെ കുറയ്ക്കത്തക്കവണ്ണം തണലുള്ളതുമായ പ്രദേശങ്ങളിൽ പണ്ടു് സ്വതേ ഉണ്ടായിക്കൊണ്ടിരുന്നു. അക്കാലങ്ങളിൽ ഗവമ്മെൻറു് നേരിട്ടു തന്നെയാണു് വിളവെടുത്തിരുന്നതു്. ഈ അധികാരം സക്കാരിൽനിന്നു് ഉപേക്ഷിച്ചതോടുകൂടി ധാരാളം ഏലത്തോട്ടങ്ങൾ ഉണ്ടായിത്തുടങ്ങുകയും സ്വതേ ഉണ്ടാകുന്നതിൽനിന്നു് കൂടുതൽ ഗുണമുള്ളതായി കാണുകയും ചെയ്തു. ഇപ്പോൾ പൂപ്പാറ (3500 അടി പൊക്കം) ഉടുമ്പൻചോല, വണ്ടമേട്ടു്, മേലാപ്പാറ, നേര്യമംഗലം, കാരിക്കോട്ടു് ഈ സ്ഥലങ്ങളിൽ നല്ല ഏലത്തോട്ടങ്ങൾ ഉണ്ടു്.

9. **ചെറു കറിക്കോപ്പുകൾ**— നാഞ്ചിനാട്ടു് നെല്ലിനെന്നപോലെ കറിസ്സാമാനങ്ങൾക്കും പ്രസിദ്ധപ്പെട്ടിരിക്കുന്നു. തോവാളയിലുള്ള ചെമ്പകരാമൻ പുതൂരിലെ ചീരപോലും അതിവിശേഷമാണു്. അവിടെനിന്നു് ഉദ്ദേശം 50 മൈലോളം ദൂരമുള്ള തിരുവനന്തപുരംവരെ ഈ സാധനങ്ങൾ വന്നുചേരുന്നതുകൊണ്ടുതന്നെ അവയുടെ ധാരാളത്വം ഊഹിക്കാവുന്നതാണു്. കോട്ടാർ, തിങ്കളാഴ്ച, കരിങ്കൽ ഈ ചന്തകളിൽനിന്നു് പലതരം കറിക്കോപ്പുകൾ (കത്തിരിക്ക, വഴുതനങ്ങാ, വെണ്ടയ്ക്കാ, പാവയ്ക്കാ, ചീനിയമരയ്ക്കാ, പടവലങ്ങാ, പച്ചമുളകു്, മുരിങ്ങക്കാ മുതലായവ) അനേകം സ്ഥലങ്ങളിലേക്കു് അയച്ചുകൊടുക്കുന്നു. ചെങ്കോട്ടയിൽനിന്നു് റയിൽമാർഗ്ഗമായി ധാരാളം സാധനങ്ങൾ കൊല്ലത്തു വന്നുചേരുന്നു. (ചെറുനാരങ്ങാ പ്രധാനം) കരുനാഗപ്പള്ളിയിലെ ആതനാട്ടും മാവേലിക്കരയിലെ തെക്കേക്കരയും ചങ്ങനാശേരി, കരപ്പുറം ഈ പ്രദേശങ്ങളും പലതരം സസ്യാദികൾക്കു പ്രസിദ്ധപ്പെട്ടിരിക്കുന്നു. (പൊതുവേ വടക്കൻ താലൂക്കുകൾ മത്തങ്ങാ, തടിയൻകാ, വെള്ളരിക്കാ തുടങ്ങിയുള്ളവയ്ക്കും, തെക്കൻതാലൂക്കുകൾ ചെറുകറിക്കോപ്പുകൾക്കും പ്രസിദ്ധപ്പെട്ടവയാണു്.

10. **വെററില**— വെററില കൃഷികൊണ്ടു് ഉപജീവിക്കുന്ന അനവധി കൃഷിക്കാർ തിരുവിതാംകൂറിലുണ്ടു്. തെക്കൻദിക്കുകളിൽ കരപ്പുകാലുകളിലും, വടക്കൻ ദിക്കുകളിൽ കയറിന്മേലും കൊടി പടത്തുന്നു. മണൽപ്രദേശമാണു് ഇതിന്റെ വളർച്ചക്കു് അനുകൂലിക്കുന്നതു്. വിളവൻകോട്ടു താലൂക്കിലെ മുഞ്ചിറ, പൈങ്കുളം ഈ ഭാഗങ്ങളും, തിരുവനന്തപുരത്തെ പള്ളിപ്പുറവും, മാവേലിക്കരയിലെ വെണ്മണിയും, കരപ്പുറം ദേശവും ഇതിനു പ്രസിദ്ധപ്പെട്ടിരിക്കുന്നു.


77°
10°
10°
No. 13.
തിരുവിതാംകൂർ
വിളവുകൾ
(2)
1 ഇഞ്ച് 18½ മൈൽ.
0 9¼ 18½
നെല്ല്
കുരുമുളക്
ഇഞ്ചി
കറിക്കോപ്പ്
പറങ്കിമാങ്ങ
77°

11. **വിശേഷവൃക്ഷങ്ങൾ—** അർച്ചനയ്ക്കും, അലങ്കാരത്തിനും, സൗരഭ്യത്തിനും, സമ്മാനത്തിനും, അത്യന്തം ഉപകരിക്കുന്ന പലതരം പുഷ്പങ്ങൾ നമ്മുടെ നാട്ടിൽ അവിടവിടെ ധാരാളമുണ്ട്. ക്ഷേത്രങ്ങളുടെ ആവശ്യത്തിലേക്കായി ഉണ്ടാക്കിയിട്ടുള്ള പൂന്തോട്ടങ്ങൾക്കു നന്താവനങ്ങൾ എന്നു പേർപറയുന്നു. (സാധാരണ കിട്ടാറുള്ള പുഷ്പങ്ങളേതെല്ലാം?) തോവാളത്താലൂക്ക് കൊഴുന്നിനും, തോവാള, അഗസ്തീശ്വരം, ചെങ്കോട്ട ഇവ അരളിപ്പൂവിനും, തിരുവനന്തപുരത്തിനു തെക്കുള്ള വെങ്ങാനൂർ പിച്ചകപ്പൂവിനും, (ഇവിടെ അനവധി പിച്ചകത്തോട്ടങ്ങൾ ഉണ്ട്. അവിടെനിന്നു കിട്ടുന്ന പുഷ്പം മുഴുവനും തിരുവനന്തപുരം ടൗണിൽ ചെലവാകുന്നു.) ചെങ്കോട്ട ജവന്തി പുഷ്പത്തിനും പ്രസിദ്ധപ്പെട്ടതാണ്.

**ധാതുക്കൾ—** വിലപിടിച്ച ലോഹങ്ങളോ മറ്റു ധാതുക്കളോ നമ്മുടെ രാജ്യത്തിൽനിന്നും വെട്ടിയെടുക്കുന്നില്ല. തോവാള, അഗസ്തീശ്വരം, ചെങ്കോട്ട, കുന്നത്തൂർ, പത്തനംതിട്ട ഇവിടങ്ങളിൽനിന്ന് ഇരുമ്പു വെട്ടിഎടുത്ത് പണ്ട് ഉപയോഗിച്ചിരുന്നു. (കുന്നത്തൂർ താലൂക്കിലുള്ള പ്രാലക്കാട്, ചങ്ങംപടം ഈ സ്ഥലങ്ങളിൽനിന്ന് ഇരുമ്പ് കുഴിച്ചെടുത്തിട്ടുള്ളതായി പല ലക്ഷ്യങ്ങളും കാണ്മാനുണ്ട്. ഇവിടെനിന്നു കിട്ടിവന്ന ഇരുമ്പിനു് കല്ലിരുമ്പെന്ന് പേർപറഞ്ഞുവന്നിരുന്നു. മണ്ണടിയിൽ ഈയിടെ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ഒരു വലിയ ഗുഹാദ്വാരം ഒരു ലോഹക്കുഴിയായിരിപ്പാൻ ഇടയുണ്ടെന്ന് സംശയിക്കപ്പെട്ടിരിക്കുന്നു.) നെയ്യാറ്റിൻകര, നെടുമങ്ങാട്ട് ഈ സ്ഥലങ്ങളിൽ ഈയമണ്ണും വർക്കലയിൽ അന്നഭേദിയും ഇരണിയലിൽ അഭ്രവും കാണുന്നുണ്ട്. ഇപ്പോൾ കന്യാകുമാരി, നീണ്ടകര ഈ സ്ഥലങ്ങളിൽ മോണസൈറ്റും (ഇതിൽനിന്നാണ് തോറിയം എന്ന ലോഹം എടുക്കുന്നത്. തോറിയംകൊണ്ട് ഗ്യാസുവിളക്കുകളുടെ പ്രകാശം കൂട്ടുന്നതിനുള്ള വലക്കൂടുണ്ടാക്കുന്നു.) വാരിയൂർ, രാജാക്കമംഗലം, താമരക്കുളം, കുളച്ചൽ ഈ സ്ഥലങ്ങളിൽനിന്നു ഉപ്പും എടുക്കുന്നു. (മറ്റു ചില രാജ്യങ്ങളിൽ എന്നതുപോലെ ഉപ്പ് ഇവിടെനിന്നും കുഴിച്ചെടുക്കപ്പെടുന്നില്ല. ഉഷ്ണകാലത്ത് സമുദ്രജലത്തെ പ്രത്യേകം തയാറാക്കിയിട്ടുള്ള നിലങ്ങളിൽ കെട്ടിനിറുത്തുകയും ഈ ജലം വററുമ്പോൾ അവിടവിടെ കാണുന്ന ഉപ്പുകട്ടകളെ വാരി എടുത്തു ശുദ്ധിചെയ്തു ശേഖരിക്കയും ചെയ്യുന്നു.)

കല്ലുചുണ്ണാമ്പ് (ചുണ്ണാമ്പുകല്ല്) തോവാളയ്ക്കു സമീപമുള്ള മാധവലായം എന്ന സ്ഥലത്തുനിന്നും എടുക്കുന്നു. ഇപ്രകാരമുള്ള വിളവുകൾകൊണ്ട് ഇവിടെ എന്തെല്ലാം തൊഴിലുകൾ നടക്കുന്നുണ്ടെന്ന് നമുക്കന്വേഷിക്കാം.

## VII.

**തൊഴിൽ—** ഒരു രാജ്യത്തിൻെറ രക്ഷയ്ക്കു കൃഷി എത്രത്തോളം പ്രാധാന്യത്തെ അർഹിക്കുന്നുവോ അതിലും ഉപരിയായി ആ രാജ്യത്തിൻെറ അഭിവൃദ്ധിക്കു കൈത്തൊഴിൽ കാരണമായിത്തീരുന്നു. ലോകത്തിൽ ഐശ്വര്യാഭിവൃദ്ധിക്ക് കാരണമായിട്ടുള്ളത് രാജ്യത്തിലെ വിളവും അതിനെ ഉപയോഗയോഗ്യമാക്കത്തക്കവണ്ണമുള്ള അവരുടെ പരിശ്രമവുമാണ്. എന്നാൽ വ്യവസായത്തിനു് അത്യന്താവശ്യമായ ദ്രവ്യങ്ങളിൽ ഒന്നുംതന്നെ തിരുവിതാംകൂറിൽനിന്നു ലഭിക്കുന്നില്ലെന്നു മാത്രമല്ല, അപൂർവ്വമായി കിട്ടുന്നവയെക്കൊണ്ട് യാതൊരു തൊഴിലും ഇവിടെ നടക്കുന്നുമില്ല.

അടുത്തതായി ചിന്തിക്കേണ്ടത് കൃഷിയെസംബന്ധിച്ച കൈത്തൊഴിലിനെക്കുറിച്ചാണ്. ഇവയിൽ വിദേശങ്ങളിലേയ്ക്കു കയററുമതി ചെയ്യത്തക്കവണ്ണം വ്യവസായം നടക്കുന്നത് തെങ്ങ്, പന ഈ രണ്ടു വൃക്ഷങ്ങളെസംബന്ധിച്ച മാത്രമേയുള്ളു. പടിഞ്ഞാറൻ കായലുകൾ ഗതാഗതത്തിനുപകരിക്കുന്നതിനെക്കാൾ തൊണ്ടു ചീയ്ക്കുന്നതിനു പ്രസിദ്ധപ്പെട്ടിരിക്കുന്നു. ചകരിവ്യവസായത്തിനു ഇൻഡ്യയിലെ ഒന്നാമത്തെ സ്ഥലമാണ് **ആലപ്പുഴ.** ഇവിടത്തെ കയററുപായ് പ്രസിദ്ധപ്പെട്ടതാണ്. (കയററുപായ് നെയ്യുന്നതിന് ഇവിടെ അനേകം യന്ത്രശാലകളുണ്ട്.) തിരുവനന്തപുരത്തിനു വടക്ക് പെരുമാതുറ മുതൽ പറവൂരിൻെറ വടക്കെ അററംവരെ കായലോരം സംബന്ധിച്ചു നടക്കുന്ന ചകരി വ്യവസായം ഇവിടത്തെ അനവധി ആളുകളെ ധനികരാക്കിത്തീർത്തിട്ടുണ്ട്. നാലുകാശു മുതലുള്ള മൂലധനംകൊണ്ട് ആരംഭിക്കാവുന്ന ഈ തൊഴിൽ ഇപ്പോൾ പടിഞ്ഞാറൻ തീരങ്ങളിലെ സ്ത്രീകളുടെ ഗൃഹവ്യവസായമായിത്തീർന്നിരിക്കുന്നു. ചെറുകയററിനു് പ്രസിദ്ധ സ്ഥലം അഞ്ചുതെങ്ങാണ്. പരവൂര്, [illegible]മടി, ചവറ, കായംകുളം, വൈക്കം, ചേർത്തല പറവൂർ, ഈ സ്ഥലങ്ങളാണ് ഇപ്പോൾ ഈ തൊഴിലിനു പ്രസിദ്ധപ്പെട്ടിരിക്കുന്നത്. പറവൂർ ആലപ്പുഴ, ഈ സ്ഥലങ്ങളിൽ ചകരി, ചണം, ഇവകൊണ്ടുള്ള വിചിത്ര വേലകൾക്കായി കമ്പനികൾ സ്ഥാപിച്ചിട്ടുണ്ട്.

ചിരട്ടകൊണ്ട്, പലതരം വേലകൾ പല സ്ഥലത്തും ചെയ്യുന്നുണ്ടെങ്കിലും തിരുവനന്തപുരത്തുണ്ടാക്കുന്ന ബട്ടൻസ് ഇവയിൽ പ്രധാനമാണ്. തെങ്ങിൽനിന്ന് ചകരിയെടുക്കുന്നതുപോലെ കരിമ്പനയുടെ മടലിൻെറ അടിവശത്തുനിന്ന് ഒരുതരം നാരെടുക്കുന്നു. ഇതിനിവിടെ "തുമ്പ്" എന്നു പറയുന്നു. കുളച്ചലിലാണ് ഇതു ശേഖരിക്കുന്നത്. ഇതിനെ അതേരൂപത്തിൽതന്നെ വിദേശങ്ങളിലേയ്ക്കു കയററി അയക്കുന്നു. (കൊല്ലം, ആലപ്പുഴ ഈ സ്ഥലങ്ങളിൽ കൊപ്രാ ആട്ടുന്നതിനു യന്ത്രച്ചക്കുകളുണ്ട്.)

കരിമ്പന ചെത്തി അക്കാനി (മധുരക്കള്ള്,) എടുക്കുന്നു. ഇതു കുറുക്കിവററിച്ചാണ് കരുപ്പെട്ടി (ചക്കര) ആക്കുന്നത്. കുടപ്പനയുടെ കായ് ഇപ്പോൾ തിരുവനന്തപുരത്തു കൊണ്ടുപോയി ബട്ടൻസുണ്ടാക്കുന്നതിനുപയോഗിക്കുന്നു. ഇതിന്റെ നൂറു് (മാവു്) എടുത്തു് ശുദ്ധീകരിക്കത്തക്കവണ്ണം യാതൊരു ശ്രമവും നാളതുവരെ ഉണ്ടായിട്ടില്ല. ചൂണ്ടപ്പനയിൽനിന്ന് കള്ളെടുത്തു പുളിപ്പിച്ചു ലഹരിപദാർത്ഥമായി ഉപയോഗിക്കുന്നു. ഇതിനെ മധുരക്കള്ളാക്കിയെടുക്കുന്നപക്ഷം ധാരാളം വെള്ളച്ചക്കരയുണ്ടാക്കുന്നതിനു സാധിക്കും. ഈ കള്ളിൽനിന്നു പഞ്ചസാരയെടുക്കാൻ കഴിയുമോയെന്നു പരിശോധന നടത്തിവരുന്നു. പാലാ, എഴുകോൺ ഈ സ്ഥലങ്ങൾ ഒരു കാലത്തു് ഉലട്ടിച്ചക്കരയ്ക്കു് പ്രസിദ്ധങ്ങളായിരുന്നു. ഈ പനമടലിന്റെ അടിഭാഗത്തുനിന്നും കിട്ടുന്ന ബലമുള്ള നാരു്, കുടകെട്ടുന്നതിനുപയോഗിക്കുന്നു. ഈററ (വേഴ്) കൊണ്ടു് നെടുമങ്ങാട്ട്, കൊട്ടാരക്കര, പത്മനാപുരം, കുന്നത്തൂർ മുതലായ താലൂക്കുകളിൽ പരമ്പ്, കുട്ട, വട്ടി ഇവ നെയ്യുന്നു. കരിമ്പനയോലകൊണ്ടു തെക്കൻതാലൂക്കുകളിലും പുല്ലുകൊണ്ടു തോവാളയിലും (പ്രധാനം തിട്ടുവിള) കൈതയോലകൊണ്ടു കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, മാവേലിക്കര ഈ സ്ഥലങ്ങളിലും പായ്, വട്ടി, ഇവ നെയ്യുന്നു. (തഴവായിലുള്ള മെത്തപ്പാ വളരെ വിശേഷപ്പെട്ടതാണ്; ചൂരൽ-കട്ടിൽ, കസേര മുതലായവ വരിയുന്നതിനും പലതരം പാത്രങ്ങൾ നെയ്യുണ്ടാക്കുന്നതിനും ഉപയോഗിക്കുന്നു. വർക്കല ഇത്തരം ജോലിക്ക് പ്രസിദ്ധപ്പെട്ടതാണ്. റബ്ബർമരത്തിന്റെ കറയെടുത്തു പാകപ്പെടുത്തി തകിടുകളാക്കി പുകയത്തിട്ടുണക്കി അയക്കുകമാത്രമെ ഇവിടെ ചെയ്യുന്നുള്ളൂ.

**തേയില—** ഈ ചെടിയിൽനിന്ന് പറിച്ചെടുക്കുന്ന മൊട്ടു്, കുരുന്നില, മൂററിയ ഇല, ഇവ യന്ത്രമുഖേന വറുത്തു് പാകപ്പെടുത്തി ഈയപ്പെട്ടികളിലാക്കിയയക്കുന്ന ജോലി അതാതു തേയിലത്തോട്ടങ്ങളിൽ തന്നെ നടത്തിവരുന്നു. തിരുവിതാംകൂറിലുള്ള പഴവർഗ്ഗങ്ങളിൽ പ്രധാനപ്പെട്ടതു് വാഴപ്പഴമാകുന്നു. ഏതു പഴവും ഉണക്കിയും, വരട്ടിയും, വളരെക്കാലം സൂക്ഷിക്കാൻ സാധിക്കും. ഓരോ ജാതി പഴവും വാററി സത്തെടുക്കുന്നതായാൽ മിക്കവറും, അതാതിന്റെ സ്വാദു കിട്ടുന്നതിനിടയുണ്ട്. പലതരം പഴങ്ങൾ ധാരാളം കിട്ടുന്നതിനു് സൌകര്യമുള്ള സ്ഥലങ്ങളിൽ ഈ തൊഴിൽ നടത്തുന്നതു് ആദായകരമായിരിക്കും. (വാഴനാരു് പാകപ്പെടുത്തി പട്ടുവസ്ത്രങ്ങൾ നെയ്യുന്നതിനുപയോഗിക്കാം.)

മരച്ചീനികൃഷി ധാരാളമായി ഇവിടെ വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ഇതിനെ ഒരു വ്യവസായ സാധനമാക്കിത്തീർക്കുന്നതിനു് ഇതുവരെ സാധിച്ചിട്ടില്ല. പലരും യന്ത്രസഹായംകൂടാതെ ഇതിന്റെ മാവു് ശുദ്ധിചെയ്തെടുത്തു് വിദേശങ്ങളിലേക്കയച്ചു് പരിശോധന നടത്തിട്ടുണ്ട്. ടൺകണക്കിനാവശ്യപ്പെടുന്ന വിദേശവ്യാപാരികൾക്ക് യന്ത്രസഹായംകൂടാതെ മാവെടുത്തയക്കുന്നതിന് സാധിക്കാത്തതുകൊണ്ടും, ഒരു യന്ത്രശാലയിൽ ഒരു വർഷം മുഴുവനും ജോലി നടത്തത്തക്കവണ്ണമുള്ള മരച്ചീനി കിട്ടുന്നതിന് പ്രയാസമായിരിക്കുന്നതുകൊണ്ടും ഈ കൃഷി ഇനിയും സമൃദ്ധമായി തീരുന്നതുവരെ ഇതുസംബന്ധിച്ചുള്ള ഒരു യന്ത്രശാലയുണ്ടാകുന്നതിന് പ്രയാസമായിട്ടാണിരിക്കുന്നത്. (ശുദ്ധിചെയ്ത മരച്ചീനിമാവ് ആഹാരപദാർത്ഥങ്ങൾ ഉണ്ടാക്കുന്നതിനും വസ്ത്രങ്ങൾക്ക് പശയിടുന്നതിനും ഉപയോഗിക്കുന്നു.)

കരിമ്പുകൃഷിചെയ്യുന്ന സ്ഥലങ്ങളിലെല്ലാം യന്ത്രച്ചക്കിലാട്ടി നീരെടുത്തു് കുറുക്കി ശർക്കരയുണ്ടാക്കുന്നു. കുറച്ചുകാലങ്ങൾക്കുമുൻപ്, ഏററുമാനൂരിനടുത്തുള്ള പുന്നത്തുറയിൽ ഒരു പഞ്ചസാര വ്യവസായശാലയുണ്ടായിരുന്നു. വിദേശങ്ങളിൽനിന്ന് വിലകുറഞ്ഞ ബീററു് പഞ്ചസാര ധാരാളമായി വന്നുചേർന്നതോടുകൂടി ഇവിടത്തെ വ്യവസായം നാമാവശേഷമായിത്തീർന്നു. പരിശ്രമശീലന്മാരായ പലരുടേയും ശ്രദ്ധയെ ഇപ്പോൾ ആകർഷിച്ചിരിക്കുന്ന ഒരു സാധനമാണ് പറുത്തിച്ചക്ക. വാററിയോ വരട്ടിയോ വിദേശങ്ങളിലേക്കയക്കുന്നപക്ഷം ഏതു കമ്പോളത്തിലും ഇതിന് ശരിയായ വിലകിട്ടുന്നതാണ്.

**നെയ്ത്തു്—** വിദേശത്തുനിന്നും വരുന്ന നൂൽ നെയ്തു് വസ്ത്രങ്ങളാക്കുന്നതിനു് നാൾക്കുനാൾ നെയ്ത്തെന്ത്രം പരിഷ്കരിച്ചുവരുന്നു; എങ്കിലും നമ്മുടെ രാജ്യത്തിലേക്കാവശ്യമുള്ള നൂൽമുഴുവനും ഇവിടെ തന്നെ ഉണ്ടാക്കത്തക്കവണ്ണമുള്ള യാതൊരെന്ത്രശാലയും തിരുവിതാംകൂറിലില്ല. എന്നുമാത്രമല്ല, ആവിയന്ത്രങ്ങളുപയോഗിച്ചുള്ള യാതൊരു നെയ്ത്തും ഇവിടെ നടത്തുന്നുമില്ല. (കുറച്ചുകാലത്തിനു മുമ്പുവരെ കൊല്ലത്തു ന്യൂലാപ്പീസിൽ ഈ വ്യവസായം നടന്നിരുന്നു.) അതിനാൽ നേർമ്മയും വെണ്മയുമുള്ള വസ്ത്രങ്ങൾ വിദേശങ്ങളിൽനിന്ന് ലക്ഷക്കണക്കിനു് ഇറക്കുമതിചെയ്യുന്നു. കോട്ടാർ, ഇരണിയൽ ഈ സ്ഥലങ്ങൾ പണ്ടേ നെയ്ത്തിന് കേൾവിപ്പെട്ടവയാണ്. ബാലരാമപുരം മററുസ്ഥലങ്ങളെ അപേക്ഷിച്ച് നെയ്ത്തിൽ മുന്നിട്ടു നില്ക്കുന്നു. ഉണ്ണാവിളക്കട, അമരവിള, കുളത്തൂർ, പറവൂർ, കൊല്ലം, കരുനാഗപ്പള്ളി, മാവേലിക്കര, കോട്ടയം, വൈക്കം, പറവൂർ ഈ സ്ഥലങ്ങളിൽ പലതരം വസ്ത്രങ്ങൾ നെയ്യുന്നുണ്ട്. ഒരു കാലത്തു വൈക്കം മുറിയും കാഞ്ഞിരപ്പള്ളിക്കച്ചയും പ്രസിദ്ധങ്ങളായിരുന്നു.

റേന്തയെന്നു പറയുന്നതു് സ്ത്രീകളുടേയും മററും ജാക്കററിൽവച്ചു പിടിപ്പിക്കുന്നതിന് നേർത്ത നൂൽകൊണ്ടു ഉണ്ടാക്കുന്ന വിചിത്രത്തയ്യലാകുന്നു. ഇതിനു തക്കലയ്ക്കു് സമീപമുള്ള മുളമൂട്ടും കൊല്ലത്തിനു സമീപമുള്ള തങ്കശ്ശേരിയും പ്രസിദ്ധപ്പെട്ടിരിക്കുന്നു.


77°
77°
10°
10° വ.
No. 14.
തിരുവിതാംകൂർ
തൊഴിലുകൾ.
1, ഇഞ്ച് = 18½ മൈൽ
0 9¼ 18½
കയറ്
തേയില
റബ്ബർ
നെയിത്ത്
ഓട്ടുപാത്രം
ആഭരണം
ഇരുമ്പുവേല
ശർക്കര
കരുപ്പട്ടി
കലം
ഓട്
റേന്ത
പായ്
തുമ്പ്

**ഓട്ട്—** തിരുവിതാംകൂറിൽ ഓടുണ്ടാക്കുന്നതിനു പ്രസിദ്ധപ്പെട്ട സ്ഥലം കൊല്ലമാണ്. ചെളി, വിറക്, ഇവ കിട്ടുന്നതിനുള്ള സൌകര്യവും, ഗതാഗതമാർഗ്ഗങ്ങളുടെ ധാരാളത്വവും ആവശ്യമുള്ളടത്തോളം കൂലിക്കാരെ കിട്ടുന്നതിനുള്ള എളുപ്പവുംകൊണ്ട് നമ്മുടെ രാജ്യത്തെ പ്രധാന ഓട്ടുകമ്പനികളെല്ലാം ഇവിടെയാണ് സ്ഥാപിച്ചിരിക്കുന്നതു്. (കൊല്ലത്തുനിന്നും റയിൽമാർഗ്ഗമായി ധാരാളം ഓട് പാണ്ടിയിലേക്കു പോകുന്നു.) ഇപ്പോൾ കോട്ടയത്തും, ഇരണിയിലും ഓടുണ്ടാക്കുന്നുണ്ട്.

**മൺപാത്രങ്ങൾ—** മിക്ക താലൂക്കുകളിലും ഈ തൊഴിൽ കൈകൊണ്ടുതന്നെ നടത്തുന്നു. (തിരുവനന്തപുരത്തു കരകൌശലശാലയിൽ യന്ത്രമുഖേന കളിമണ്ണുകൊണ്ടു പലതരം പാത്രങ്ങൾ ഉണ്ടാക്കുന്നു.) താഴക്കുടി, കോട്ടാർ, ഇരണിയൽ ഈ സ്ഥലങ്ങളിൽ ഉണ്ടാക്കുന്ന മൺപാത്രങ്ങൾ ബലവും ഭംഗിയും ഏറിയവയാണ്. (തിരുവിതാംകൂറിലുള്ള ഏതു ചന്തകളിലും ഇത്തരം പാത്രങ്ങൾ ധാരാളം ചെലവാകുന്നതുകൊണ്ടു തന്നെ ഇതിന്റെ പ്രസിദ്ധിയും പ്രചാരവും ഊഹിക്കാവുന്നതാണ്. തിരുവനന്തപുരം, ആറ്റുങ്ങൽ, കൊല്ലം, കല്ലൂപ്പാറ, ഈ സ്ഥലങ്ങളിലും നല്ല കലങ്ങൾ ഉണ്ടാക്കുന്നുണ്ട്.

**ഓട്ടുപാത്രങ്ങൾ—** ചെമ്പ്, പിച്ചള, ഈ തകിടുകൾകൊണ്ടു പാത്രങ്ങൾ ഉണ്ടാക്കുന്നതിനും, വാർക്കുന്നതിനും, നിപുണന്മാരായ വേലക്കാർ പല സ്ഥലങ്ങളിലും ഉണ്ട്. നാഗർകോവിൽ, ഉദയംകുളങ്ങര, (നെയ്യാറ്റുംകരയിൽ) തിരുവനന്തപുരം, ചെങ്കോട്ട, തിരുവല്ലാ, മാവേലിക്കര, (ചെല്ലത്തിനു്) ആറന്മുള, വാഴപ്പള്ളി, കോട്ടയം, (കുടമാളൂർ വാർപ്പുപണി) ഇടപ്പള്ളി ഈ സ്ഥലങ്ങൾ പ്രധാനപ്പെട്ടിരിക്കുന്നു. ആഭരണം ഉണ്ടാക്കുന്നതിനു് തിരുവനന്തപുരവും വൈക്കവും രത്നങ്ങൾ പട്ടം തേയ്ക്കുന്നതിനു് നാഗർകോവിലും, തിരുവനന്തപുരവും പ്രസിദ്ധപ്പെട്ടിരിക്കുന്നു

ഇരുമ്പ്, ഉരുക്ക് ഇവകൊണ്ട് ഓരോ നാട്ടിനും യോജിച്ച രീതിയിൽ പല സ്ഥലത്തും പലതരം കൃഷിയായുധങ്ങളുണ്ടാക്കുന്നു. ചേനാക്കത്തി, പാക്കുവെട്ടി ഇവയുണ്ടാക്കുന്നതിനു മാവേലിക്കര കീർത്തിപ്പെട്ടതാണ്. നെയ്യാറ്റുംകര, തിരുവല്ലാ, ചങ്ങനാശേരി ഇവിടങ്ങളിൽ നല്ല ഇരുമ്പുപണിക്കാർ ഉണ്ട്.

ചെങ്ങന്നൂർ, തിരുവല്ലാ, ഈ താലൂക്കുകളിൽ തുകൽവേലയും, ചെങ്ങന്നൂരിൽ കരിങ്കൽപണിയും, തിരുവനന്തപുരത്തു് ദന്തവേലയും നടത്തിവരുന്നു. പുനലൂരിനു സമീപം സ്ഥാപിക്കപ്പെട്ടിട്ടുള്ള കടലാസ്സ് യന്ത്രശാലയിൽ ഇപ്പോൾ മിനുസവും വെണ്മയുമുള്ള കടലാസുകൾ ഉണ്ടാക്കിത്തുടങ്ങീട്ടില്ല. സാധാരണയായി ഒരു രാജ്യത്തിലെ വിളവുകളും തൊഴിലുകളുമാണ് ആ രാജ്യത്തിലെ കച്ചവടത്തെ നിയന്ത്രിക്കുന്നതു്. തിരുവിതാംകൂറിലെ കൈത്തൊഴിലിനെ അഭിവൃദ്ധിപ്പെടുത്തുന്നതിനും സാധനങ്ങളെ സംസ്കരിക്കുന്നതിനുമായി നമ്മുടെ ഗവർമ്മെണ്ടുതന്നെ പല ശ്രമങ്ങളും ചെയ്യുന്നുണ്ട്. ചകരി, ദന്തം ഇവകൊണ്ടുള്ള സാധനങ്ങളും, നേന്ത്രക്കാ, പിറുത്തിച്ചക്ക, മരച്ചീനി ഇവകൊണ്ടുള്ള ആഹാരസാധനങ്ങളും വിദേശങ്ങളിൽ ചെലവാക്കുന്നതിനു വേണ്ട പ്രയത്നം ചെയ്തുവരുന്നു. ഒരു നാട്ടിലെ ജനങ്ങൾ ഗവർമ്മെണ്ടിന്റെ ഉപദേശാനുസരണം പ്രവർത്തിച്ചെങ്കിൽ മാത്രമേ കൈത്തൊഴിൽകൊണ്ടുള്ള ഗുണം അനുഭവിക്കുന്നതിനു് സാധിക്കയുള്ളൂ.

## VIII.

**കച്ചവടം—** വിദേശങ്ങളുമായി പരിചയപ്പെടാത്ത അതിപ്രാചീനകാലത്തു മനുഷ്യർ അവരവരുടെ നാട്ടിലുണ്ടാകുന്ന സാധനങ്ങൾകൊണ്ടുതന്നെ ഉപജീവിച്ചിരുന്നു. നാണയങ്ങൾപോലും നടപ്പില്ലാതിരുന്ന അക്കാലങ്ങളിൽ തങ്ങളുടെ ആവശ്യത്തിലധികമുള്ളവയെ കൊടുത്തു്, തങ്ങൾക്കില്ലാത്തവയെ മാറി വാങ്ങുക പതിവായിത്തീർന്നു. ഇപ്രകാരം ഓരോ സാധനങ്ങളും ആവശ്യമുള്ളവരെ അന്വേഷിച്ചറികയും തങ്ങൾക്കാവശ്യമുള്ളവ എവിടെയുണ്ടെന്നു് കണ്ടുപിടിക്കയും ചെയ്ത വൈഷമ്യമായിത്തീർന്നിരിക്കണം, ഈ വിഷമതയുടെ ഫലമായിട്ടാണ് ചന്തസ്ഥലങ്ങൾ ഉണ്ടായിത്തുടങ്ങിയതു്. കാലക്രമേണ നാണയങ്ങൾ ഏർപ്പെട്ടതോടുകൂടി ഇത്തരം ക്രയവിക്രയങ്ങൾ മാറി സാക്ഷാൽ കച്ചവടത്തിന്റെ പ്രാരംഭദശയായി. ഇപ്രകാരമായിരുന്നു തന്നാട്ടു വ്യാപാരത്തിന്റെ ഉത്ഭവം. ഗതാഗതമാർഗ്ഗങ്ങൾ വർദ്ധിച്ചതോടുകൂടി പല സാധനങ്ങളും അയൽരാജ്യങ്ങളിൽ വ്യാപരിച്ചുതുടങ്ങി. ആദ്യഘട്ടത്തിൽ അപൂർവ്വമായിട്ടെന്നും ഓരോ സാധനങ്ങൾ വാങ്ങി ഉപയോഗിച്ചുനോക്കിയവർ അതിന്റെ ഗുണത്തെപ്പറ്റി മറ്റുള്ളവരോടു പറകയും തങ്ങൾക്കുതന്നെ കൂടുതലായി അത്തരം സാധനങ്ങൾ ആവശ്യപ്പെടുകയും ചെയ്തിരിക്കണം. ആവശ്യം കൂടുന്നതോടുകൂടിയാണല്ലോ, അന്വേഷണവും വർദ്ധിക്കുക, ഇപ്രകാരം തങ്ങളുടെ നാട്ടിലില്ലാത്തവയും കൂടിയേ കഴിയൂവെന്നുള്ളവയുമായ സാധനങ്ങളെ അന്വേഷിച്ച് പരിശ്രമശീലന്മാരായ ജനങ്ങൾ അവ ധാരാളമുള്ള രാജ്യങ്ങളിൽ ചെന്നുചേരുകയും, അവിടത്തെ ജനങ്ങളുടെ ആവശ്യമറിഞ്ഞു് മറുരാജ്യങ്ങളിൽനിന്ന് ആ വക സാമാനങ്ങൾ കൊണ്ടുവന്ന് കച്ചവടം നടത്തുകയുംചെയ്തു. ഇങ്ങനെയാണ് വിദേശവ്യാപാരത്തിന്റെ ഉത്ഭവം. (വിദേശവ്യാപാരംകൂടാതെ നമുക്കിപ്പോൾ ജീവിക്കുകപോലും അസാദ്ധ്യമായിത്തീർന്നിരിക്കുന്നുഎന്ന് ഇക്കഴിഞ്ഞ ജർമ്മൻയുദ്ധം നമ്മെ നല്ലവണ്ണം പഠിപ്പിച്ചുകഴിഞ്ഞു.) കാലക്രമേണ നമുക്ക് പല രാജ്യക്കാരെന്നല്ല, പല ജാതിക്കാരുമായി കൂടിഇടകലർന്നതിനിടയാവുകയും പരിചയവും പരിഷ്കാരവും വർദ്ധിക്കുകയും ചെയ്തതോടുകൂടി ആവശ്യമോ അനാവശ്യമോ എന്നുള്ള ചിന്തകൂടാതെ അനുകരണഭ്രമംമൂലം ആഹാരംമുതൽ ആഡംബരംവരെയുള്ള സകലതിലും മോടിയും ധാടിയും വർദ്ധിപ്പിച്ചു. ഇതിന്റെ ഫലമായി തന്നാട്ടു സാധനങ്ങളിൽ അവജ്ഞയും വിദേശ സാമാനങ്ങളിൽ

അഭിരുചിയും അധികമായി. ഈ തരം കണ്ടു് പ്രവൎത്തിക്കുന്നതിനു്, സാമൎത്ഥ്യമുള്ള തൊഴിലാളികൾ ഹിതാനുസരണമുള്ള സാമാനങ്ങളുണ്ടാക്കി ധാരാളമായി ഇറക്കിത്തുടങ്ങി. അതോടുകൂടി തന്നാട്ടു വ്യവസായം തീരെ നശിക്കുകയും നമ്മുടെ ജീവിതസൌഖ്യം മുഴുവൻ അവരുടെ കൈവശമായിത്തീരുകയും ചെയ്തു.

വിദേശവ്യാപാരത്തെ രണ്ടു തരമായി പിരിക്കാം. നമ്മുടെ നാട്ടിൽ തീരെ ഇല്ലാത്തവയൊ ആവശ്യത്തിനു് മതിയാകാത്തവയൊ ആയ സാധനങ്ങളെ അന്യനാടുകളിൽനിന്നു് കൊണ്ടുവരികയും, ആവശ്യത്തിൽ കവിഞ്ഞുള്ളവയെ മറുരാജ്യങ്ങളിലേക്കു് അയക്കുകയുമാകുന്നു. ഇവയിൽ ഒന്നാമത്തേതിനു് ഇറക്കുമതി എന്നും, രണ്ടാമത്തേതിനു് കയററുമതിയെന്നും പറയുന്നു. ഒരു രാജ്യത്തിലെ കയററുമതിയുടെ മഹത്വം അവിടത്തെ വിളവിനേയും, ജനങ്ങളുടെ യോജിപ്പു്, ഉത്സാഹം, പരിശ്രമം, ധനപുഷ്ടി, പരിഷ്കാരം ഇവയേയും, ഗവൎമ്മെൻറിൻെറ ആനുകൂല്യത്തേയും അനുസരിച്ചിരിക്കും. തിരുവിതാംകൂറിലെ കയററുമതിയിൽ മിക്കവാറും ഇവിടെ കൃഷിചെയ്തുണ്ടാക്കുന്നവയും അല്പമായി അതിനെ പരിഷ്കരിച്ചവയുമാണു്. പരിശ്രമശീലന്മാരായ ജനങ്ങളുള്ള രാജ്യങ്ങളിലെ ഇറക്കുമതികളിൽ അധിക ഭാഗവും കൈത്തൊഴിലിനുപകരിക്കത്തക്കവണ്ണം ഇറക്കുമതി ചെയ്യുന്നുള്ളു എന്നും, കയററുമതികളിൽ ഏറിയഭാഗവും അസംസ്കൃതപദാൎത്ഥങ്ങളാണെന്നും അടുത്ത പട്ടികകൊണ്ടു് നിങ്ങൾക്കു ബോധപ്പെടും. **പൊതുവെ ഒരു രാജ്യത്തിൻെറ അഭിവൃദ്ധി ഇറക്കുമതിച്ചരക്കുകളുടെ വില കുറയ്ക്കുകയും, (കൈത്തൊഴിലിനാവശ്യമുള്ള അസംസ്കൃതപദാൎത്ഥങ്ങളൊഴിച്ചു്) കയററുമതിച്ചരക്കുകളുടെ വില വൎദ്ധിപ്പിക്കുകയും ചെയ്യുന്നതിലാണു് സ്ഥായിയായി നിൽക്കുന്നതെന്നു് പ്രത്യേകം ഓൎമ്മിക്കണം.**

## കയററുമതികൾ.

✿ = 5 ലക്ഷം രൂപ.

| | |
|---|---|
| 1 തേയില, | ✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿ |
| 2 കയറു് | ✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿ |
| 3 വെളിച്ചെണ്ണ, | ✿✿✿✿✿✿✿✿✿✿✿✿✿✿✿✿ |
| 4 കൊപ്രാ, | ✿✿✿✿✿✿✿✿✿✿✿✿✿✿✿ |
| 5 കയററുപായ്, | ✿✿✿✿✿✿✿✿✿✿ |
| 6 റബ്ബർ, | ✿✿✿✿✿✿✿✿ |
| 7 കുരുമുളകു്. | ✿✿✿✿✿✿✿ |
| 8 ചുക്കു്, | ✿✿✿✿✿ |
| 9 ഏലം, | ✿✿✿✿ |
| 10 മത്സ്യം | ✿✿✿✿ |
| 11 പിണ്ണാക്കു്, | ✿✿ |
| 12 കരുപ്പട്ടി, | ✿✿ |
| 13 തേങ്ങാ, | ✿✿ |
| 14 തടി, | ✿✿ |
| 15 പാക്കു്, | ✿½ |
| 16 പുളി, | ✿ |
| 17 തുകൽ, | ½ |
| 18 ശൎക്കര. | ½ |

കയററുമതിച്ചരക്കുകളുടെ വിലയായ 8 കോടി രൂപയിൽ മേല്പ്പറഞ്ഞവയൊഴിച്ചു് ബാക്കിയുള്ള സംഖ്യ ചകരി, കാപ്പി, മരച്ചീനി, ജാതിക്ക, മഞ്ഞൾ മുതലായ ഇനങ്ങളിൽനിന്നു് കിട്ടുന്നതാകുന്നു. . . . . . . . .

## ഇറക്കുമതികൾ.

✿ = 5 ലക്ഷം രൂപ.

| | |
|---|---|
| 1 അരി, | ✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿✿ |
| 2 നെല്ലു്, | ✿✿✿✿✿✿✿✿✿✿✿✿✿✿✿ |
| 3 വസ്ത്രങ്ങൾ, | ✿✿✿✿✿✿✿✿✿✿✿✿ |
| 4 നൂൽ, | ✿✿✿✿✿ |
| 5 ഉപ്പു്, | ✿✿✿ |
| 6 ഇരുമ്പു്, | ✿✿ |
| 7 യന്ത്രങ്ങൾ, | ✿ |
| 8 പുകയില, | ✿ |
| 9 എണ്ണ, | ½ |
| 10 മദ്യം. | ½ |

ഇറക്കുമതിച്ചരക്കുകളുടെ വിലയായ 5 കോടി രൂപയിൽ മേല്പ്പറഞ്ഞവ കഴിച്ചു് ബാക്കി– പലതരം ഭക്ഷണസാധനങ്ങൾ, കണ്ണാടിസ്സാമാനങ്ങൾ, പീഞ്ഞാൺ, ഭരണി തുടങ്ങിയവ, സ്റ്റേഷനറി സാമാനങ്ങൾ, കുടകൾ, പുസ്തകങ്ങൾ, മരുന്നുകൾ ആയുധങ്ങൾ, തീപ്പെട്ടി, പയറു്, കൊല്ലമുളകു്, ഉള്ളി, പലതരം ലോഹങ്ങൾ മുതലായവയുമായി ചിലവുവരുന്നതാകുന്നു. (ബ്രിട്ടീഷ് ഇൻഡ്യാ, പാണ്ടിച്ചേരി, മൌറീഷ്യസ്, സിലോൺ, യൂണൈറഡ് കിംഗ്ഡം അമേരിക്ക. ഇംഗ്ലണ്ടു് മുതലായ വിദേശങ്ങളുമായി കച്ചവടം നടക്കുന്നു.)

വിദേശങ്ങളുമായുള്ള വ്യാപാരം മിക്കവാറും **ആലപ്പുഴ**ത്തുറമുഖം വഴിയാണ് നടക്കുന്നതു്. **കൊല്ലം, തിരുവനന്തപുരം** (വലിയതുറ) ഇവിടെ നെല്ലു്, അരി, ഉപ്പു് മുതലായവ ഇറക്കുമതി ചെയ്യുന്നു. **കുളച്ചൽ** വഴിയാണ്, തുമ്പു്, മോണോസൈറ്റു് ഇവ കയററി അയക്കുന്നതു്. കന്യാകുമാരിക്കു സമീപമുള്ള **ലീപുരവും,** അതിനു വടക്കുള്ള **മണക്കുടിയും,** താമ്രവർണ്ണിയുടെ മുഖസ്ഥലമായ **തേങ്ങാപ്പട്ടണവും,** നെയ്യാറിന്റെ മുഖത്തുള്ള **പൂവാറും,** ഇതിനു വടക്കുള്ള **വിഴിഞ്ഞവും,** ചിറയിൻകീഴിന് സമീപമുള്ള **അഞ്ചുതെങ്ങും,** മററു തുറമുഖങ്ങളാണ്. (കരുപ്പെട്ടി) ഉണക്കുമത്സ്യം ഇവ ആരുവാമൊഴി മാർഗ്ഗമായും, വരട്ടുപാക്ക് റയിൽവഴിക്കും, തിരുനൽവേലി മുതലായ അയൽരാജ്യങ്ങളിലേക്കു പോകുന്നു.)

മേൽപ്പറഞ്ഞ തുറമുഖങ്ങൾ കൂടാതെ അനേകം കച്ചവടസ്ഥലങ്ങൾ തിരുവിതാംകൂറിലുണ്ടു്. അവയിൽ **കോട്ടാർ, ചാല, കായംകുളം, മുട്ടം,** (ചേർത്തലയിൽ) **കോട്ടയം** (ഹൈറേഞ്ചിലെ സാമാനങ്ങൾ ഈ വഴിയ്ക്കാണ് ആലപ്പുഴയ്ക്കു് പോകുന്നതു്.) **അതിരമ്പുഴ,** (ഏററുമാനൂരിനു് പടിഞ്ഞാറ്, ഇവടെ തേയില ഉണക്കിപ്പൊടിച്ചു് മററു കച്ചവടസ്ഥലങ്ങളിലേക്കയയ്ക്കുന്നു. **പാലാ, കോതമംഗലം, അങ്കമാലി, പറവൂർ,** ഇവ പ്രധാനങ്ങളാകുന്നു.

നിശ്ചിതദിവസങ്ങളിൽ മാത്രം ജനങ്ങൾകൂടി പ്രധാനമായി, ആഹാരസംബന്ധമായ പദാർത്ഥങ്ങളെ കൊടുക്കുകയും വാങ്ങിക്കുകയും ചെയ്യുന്നതിനു് സൌകര്യപ്പെടുത്തിട്ടുള്ള സ്ഥലത്തിനു് **ചന്ത**യെന്നു് പേർ പറഞ്ഞുവരുന്നു. ഓരോ ചന്തയിലും അതിനു ചുററും അതതു കാലങ്ങളിലുണ്ടാകുന്ന സാധനങ്ങളെ സംബന്ധിച്ചാണ് കച്ചവടം നടക്കുന്നതു്. നമ്മുടെ ഉപജീവനം മിക്കവാറും കൃഷിയെ ആശ്രയിച്ചിരിക്കുന്നതിനാൽ അനേകം **കാളച്ചന്തകൾ** ഇവിടെയുണ്ടു്. **ഇരണിയൽ, ബാലരാമപുരം, മാമൻ, പാരിപ്പള്ളി, വെളിനല്ലൂർ, ഏരൂർ, ഓമല്ലൂർ, ഓച്ചിറ, തിരുനക്കര,** ഈ സ്ഥലങ്ങളിലെ കാളച്ചന്തകൾ പ്രസിദ്ധങ്ങളാണ്.


**മററു ചന്തകളും** അവിടെ ധാരാളംകിട്ടുന്ന സാമാനങ്ങളും- 1) ഒററക്കട 2) മയിലാടി 3) വടശേരി, കനകമൂലച്ചന്ത) 4) തിങ്കളാഴ്ച, ചെറുകറിക്കോപ്പു്, പെയൻപഴം, കലം, കരുപ്പട്ടി) 5) കരിങ്കൽ, ചെറുകറിക്കോപ്പു കരിപ്പട്ടി) 6) തിരുവട്ടാർ, വാഴക്കുല ചളങ്ങ (അ) കളങ്ങ (അ) ഈന്തങ്ങാ, കിഴങ്ങുവക കരുപ്പെട്ടി, പനംപായ്) 7) തൊടുവെട്ടി, കുല കരുപ്പെട്ടി പനംപായ്) 8) കളിയിക്കവിള, കരുപ്പെട്ടി, വട്ടിപായ് പുളി കലം) 9) നെയ്യാററിൻകര, കുല ചെറുകറിക്കോപ്പു മരച്ചീനി) 10) ആറാലിൻമൂട്, കുല കിഴങ്ങുവർഗ്ഗം) 11) മണക്കാട്ട് ചെറുകറിക്കോപ്പു കുല കിഴങ്ങുവകകകൾ) 12) തിരുമല 13) ആയ്നാട്ട് 14) കാട്ടാക്കട 15) നെടുമങ്ങാട്ട് 16) കിളിമാനൂർ, വാഴക്കുല മരച്ചീനി കുട്ട വട്ടി പരമ്പ്) 17) കലയപുരം, കിഴങ്ങുവർഗ്ഗം പറങ്കിയണ്ടി) 18) പുനലൂർ 19) അഞ്ചൽ നെല്ലു് മരച്ചീനി) 20) ചെങ്കോട്ട ചെറുകറിക്കോപ്പു്) 21) ശംസ്ഥാംകോട്ട 22) പറക്കോട്ട, കിഴങ്ങുവർഗ്ഗം ധാരാളമായി കച്ചവടം ചെയ്യുന്നു. ഏത്തക്കുല തുടങ്ങി വിവിധജാതി വാഴക്കുലകളും ചക്ക മാങ്ങാ കോഴിമുട്ടതുടങ്ങിയുള്ളവയും ഇവിടെ ധാരാളമായി കിട്ടുന്നു. 23) പുതിയകാവു് 24) കൊല്ലകടവ് 25) താമരക്കുളം 26) കുളനട, കിഴങ്ങുവർഗ്ഗം വാഴക്കുല കറിക്കോപ്പു് 27) ഓച്ചിറ, തേങ്ങാ 28) ചെങ്ങന്നൂർ, കിഴങ്ങുവർഗം കായ് കറിക്കോപ്പു് 29) കോഴഞ്ചേരി 30) അയിരൂർ, കുല കിഴങ്ങുവർഗ്ഗം 31) ചങ്ങനാശേരി, കറിസാമാനം കായ്) 32) തിരുനക്കര, (കറിസാമാനം) 33) തലയോലപ്പറമ്പ്, കിഴങ്ങുവർഗ്ഗം (പ്രധാനം ചേന.)

## IX.


**ജനങ്ങൾ—** തിരുവിതാംകൂറിലെ ജനവിതരണം പല സ്ഥലങ്ങളിൽ പല വിധത്തിലായിരിക്കുന്നു എന്നു്, അടുത്ത പട്ടികകളും പടങ്ങളും നോക്കിയാൽ നിങ്ങൾക്കു് ബോധപ്പെടും. കൃഷിയെ മാത്രം ഉപജീവനമാർഗ്ഗമായി കരുതിപ്പോന്നിരുന്ന പുരാതനകാലത്തു് അതിനു സൌകര്യമുള്ള സ്ഥാനങ്ങളിൽ മനുഷ്യർ തിങ്ങിക്കൂടി. തീരഭൂമിയിലേയും വിശേഷിച്ചു് കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, ഈ രണ്ടു താലൂക്കുകളിലേയും ജനക്കൂട്ടതലിനെപ്പററി ചിന്തിച്ചാൽ ഈ സംഗതി വ്യക്തമാകും. (1) കാലക്രമേണ രാജാധികാരം പ്രബലപ്പെട്ടതോടുകൂടി കൊട്ടാരങ്ങളും കോട്ടകൊത്തളങ്ങളും അവിടവിടെ ഉണ്ടാകുകയും ജനങ്ങൾ തങ്ങളുടെ രക്ഷയെ (രാജരക്ഷയെ- രാജ്യരക്ഷയെ) ഓർത്തു് അവിടങ്ങളിൽ കൂട്ടം കൂട്ടമായി താമസമുറപ്പിക്കയും ചെയ്തു. പത്മനാഭപുരം, തിരുവിതാംകോട്ട്, തിരുവനന്തപുരം, കൊല്ലം, മാവേലിക്കര മുതലായ സ്ഥലങ്ങൾ ഇതിനു

**1921-ലെ സെൻസസ്സനുസരിച്ച് ആകെയുള്ള ജനങ്ങൾ 40,06,062 ആകുന്നു.**

+, ഒരു ലക്ഷം.





അടിയിലുള്ള രേഖ, 1 ഇഞ്ച് = 2000 ചതുരശ്രമൈൽ.





×, 20000 ജനങ്ങൾ.

അടിയിലുള്ള രേഖ $\frac{1}{10}$ ഇഞ്ച് = 100 ചതുരശ്രമൈൽ.




1) തിരുവല്ലാ 2) നെയ്യാററിൻകര 3) കൊല്ലം 4) കുന്നത്തുനാട്ട് 5) തിരുവനന്തപുരം 6) കോട്ടയം 7) കൽക്കുളം 8) അമ്പലപ്പുഴ 9) ചേർത്തല 10) മീനച്ചൽ 11) കരുനാഗപ്പള്ളി 12) ചിറയിൻകീഴ് 13) ചങ്ങനാശേരി 14) പറവൂർ 15) വിളവൻകോട്ട് 16) മാവേലിക്കര 17) അഗസ്തീശ്വരം 18) മൂവാററുപുഴ 19) വൈക്കം 20) കാർത്തികപ്പള്ളി 21) നെടുമങ്ങാട്ട് 22) കൊട്ടാരക്കര 23) പത്തനംതിട്ട 24) കുന്നത്തൂർ 25) പത്മനാഭപുരം 26) തൊടുപുഴ 27) ചെങ്കോട്ട 28) തോവാള 29) ദേവികുളം 30) പീരുമേട്ട്.


77°
10
10°
വ.
No. 15.
തിരുവിതാംകൂർ
ശരാശരി ജനസംഖ്യ.
ച: മൈ: 1-ന് 525 പേർ
1500 മേല്
1000 മു: 1500 വ:
750 – 1000 –
500 – 750 –
250 – 500 –
100 250 –
100-ന് താഴെ.
77°

ദൃഷ്ടാന്തമാണ്. 2) ക്ഷേത്രങ്ങളും, പള്ളികളും ഉണ്ടായിത്തുടങ്ങിയതോടുകൂടി അങ്ങിനെയുള്ള സ്ഥലങ്ങൾ പുറമെ നിന്ന് ജനങ്ങളെ ആകർഷിച്ച് അവിടത്തെ ജനസംഖ്യയെ വർദ്ധിപ്പിച്ചു തുടങ്ങി. കന്യാകുമാരി, ശുചീന്ദ്രം, നാഗർകോവിൽ, തിരുവട്ടാർ, വർക്കല, അമ്പലപ്പുഴ, ഏറ്റുമാനൂർ, വൈക്കം, ഇവ മേല്പറഞ്ഞ രീതിയിൽ പട്ടണങ്ങളായിത്തീർന്നതാണ്. 3) ജനസംഖ്യ വർദ്ധിക്കുംതോറും രാജ്യവിഭാഗം ചെറുതായിരിക്കുമെന്നുള്ളതു് പടത്തിൽ നിന്ന് മനസ്സിലാക്കാം. ഇപ്രകാരം അനേകം വിഭാഗങ്ങളുണ്ടാകുകയും അവയുടെ ഭരണസൗകര്യത്തിനും ജനക്ഷേമത്തിനുമായി ഒരു സ്ഥലത്തുതന്നെ പലതരം കച്ചേരികൾ ഏർപ്പെടുത്തേണ്ടിവരികയും ചെയ്തു. ഇത്തരം സ്ഥലങ്ങളിൽ ഉപജീവനമാർഗ്ഗം അന്വേഷിച്ച് പലതരം ആളുകൾ വന്നുചേർന്ന് കാലക്രമേണ ജനസംഖ്യ വർദ്ധിച്ചിരിക്കണം. ഭൂതപ്പാണ്ടി, ഇരണിയൽ, കുഴിത്തുറ, നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റുങ്ങൽ, കൊട്ടാരക്കര, പുനലൂർ, ചെങ്കോട്ട, കൊല്ലം, കരുനാഗപ്പള്ളി, അരിപ്പാട്, മാവേലിക്കര, തിരുവല്ലാ, അമ്പലപ്പുഴ, ചേർത്തല, വൈക്കം, കോട്ടയം, ചങ്ങനാശ്ശേരി, പാലാ, പറവൂർ ഇവ മേല്പറഞ്ഞ രീതിയിൽ അഭിവൃദ്ധിപ്പെട്ട് പട്ടണങ്ങളായി തീർന്നിട്ടുള്ളവയാകുന്നു. 4) ചുറ്റുമുള്ള കൃഷിസാധനങ്ങളെ ശേഖരിച്ച് വിദേശങ്ങളിലേയ്ക്കു് അയയ്ക്കുന്നതിന് സൌകര്യമുള്ള സ്ഥാനങ്ങൾ പട്ടണങ്ങളായിത്തീരും. കുളച്ചൽ, ആലപ്പുഴ, കോട്ടയം, പാലാ, അച്ചൻപുതൂർ ഇവ ഇത്തരത്തിലും അഭിവൃദ്ധിപ്പെട്ടിട്ടുള്ളതാണ്. 5) ഒരു നാട്ടിൽ എത്രത്തോളം വ്യവസായശാലകൾ ഏർപ്പെടുന്നുവൊ അത്രത്തോളം വേഗം അതു് പട്ടണമായിത്തീരും. കൊല്ലം, ആലപ്പുഴ, കുളച്ചൽ, ഇവ മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് ധാരാളം തൊഴിൽശാലകളെക്കൊണ്ടു് അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ള പട്ടണങ്ങളാണ്. 6) സുഖപ്രദമായ ദേശാവസ്ഥയോടുകൂടിയ സ്ഥലങ്ങളിൽ കുടിപാർപ്പ് ക്രമത്തിലധികം വർദ്ധിച്ച് പട്ടണങ്ങളായിത്തീരാറുണ്ട്. ആലുവാ, വർക്കല, കന്യാകുമാരി, മുതലായ സ്ഥലങ്ങൾ ഇത്തരത്തിൽ പട്ടണങ്ങളായി ഭവിച്ചു. (ഒരു പട്ടണം ഏതേതു വകുപ്പുകൾകൊണ്ടു് അഭിവൃദ്ധിപ്പെട്ടുവോ അതാതിന്റെ നേർക്ക് ആ പട്ടണത്തിന്റെ പേരും കൊടുത്തിട്ടുണ്ട്.)

ഇവിടെ പട്ടണങ്ങളെന്നു പറയത്തക്കവണ്ണം (മുൻസിപ്പാലിറ്റി ഏർപ്പാടുള്ളതായി) 19 എണ്ണമേയുള്ളൂ. അവ– 16–ാം നമ്പർ പടത്തിനടിയിൽ കൊടുത്തിട്ടുള്ളവയുടെ താഴെ വരയിട്ട് പ്രത്യേകം കാണിച്ചിട്ടുണ്ട്. ശേഷമുള്ള 19 പട്ടണങ്ങൾ സാനിട്ടറിയും പോലീസും സംബന്ധിച്ചുള്ളവയാകുന്നു. ഒരു ലക്ഷത്തിനുമേൽ ജനസംഖ്യയുള്ള പട്ടണങ്ങളെ ഒന്നാംതരമായി ഗണിച്ചിരിക്കുന്നു. അങ്ങനെയുള്ള പട്ടണങ്ങൾ തിരുവിതാംകൂറിലില്ല– പട്ടണങ്ങളെ കാണിക്കുന്ന 16–ാം നമ്പർ പടം നോക്കി ഇവിടത്തെ പട്ടണങ്ങളെ ഏതു കണക്കനുസരിച്ച് എത്രതരമായി ഭാഗിച്ചിരിക്കുന്നു എന്നും ഓരോ തരത്തിൽ എത്ര വീതമുണ്ടെന്നും അവ ഏതേതു താലൂക്കുകളിലാണെന്നും മനസ്സിലാക്കുക.)

**പ്രധാന മതങ്ങൾ–** മുൻ പട്ടികയിൽ നിന്ന് ഇവിടെ ഹിന്തുക്കളും ക്രിസ്ത്യാനികളും മുഹമ്മദീയരുമാണ് ധാരാളമുള്ളതെന്ന് നിങ്ങൾക്കു മനസ്സിലായിരിക്കുമല്ലൊ. സംഖ്യയിൽ ഇരുപത്തഞ്ചര ലക്ഷത്തോളമുള്ള ഹിന്തുക്കളിൽ പല അവാന്തരവിഭാഗങ്ങളുമുണ്ട്. പ്രധാനമായി 1) മലയാളബ്രാഹ്മണർ 2) തമിൾബ്രാഹ്മണർ 3) മലയാള ക്ഷത്രിയർ 4) അമ്പലവാസികൾ 5) നായന്മാർ 6) വെള്ളാളർ 7) ഈഴവർ 8) ചാന്നാന്മാർ 9) വാലന്മാർ 10) പുലയർ 11) പറയർ മുതലായ ജാതിക്കാരാകുന്നു.

ഓരോ നാട്ടുകാരുടെ വിശ്വാസവും പരിഷ്കാരവുമനുസരിച്ച് പലതരം ക്ഷേത്രങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. സാധാരണ അമ്മൻകോവിൽ മുതൽ മഹാക്ഷേത്രങ്ങൾവരെയുള്ളതെല്ലാം ഒരേ ഉദ്ദേശത്തോടുകൂടി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. ആര്യന്മാരുടെയും ദ്രാവിഡരുടെയും മതബോധങ്ങൾ കൂടികലർന്ന രീതി ഇന്നും തെക്കൻതാലൂക്കുകളിൽ അധികമായിക്കാണാം. ഗൗരി ലക്ഷ്മിഭായി റാണിയുടെ കാലത്തിനു മുൻപ് മിക്ക ക്ഷേത്രങ്ങളും ഊരാണ്മക്കാരുടെ വകയായിരുന്നു. റസിഡണ്ടും ദിവാനുമായിരുന്ന കർണ്ണൽ മണ്ട്റോ, ദേവസ്വങ്ങളെ സർക്കാരിലേക്ക് ചേർക്കുകയും, നിത്യപൂജാദികൾക്ക് പതിവുകൾ ഏർപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ ഏകദേശം രണ്ടുകോടിയിൽപരം രൂപയുടെ സ്വത്ത് സർക്കാരിലടങ്ങുകയും ദേവസ്വങ്ങളുടെ ഭരണം നന്നാകുകയും ചെയ്തു.

**പ്രസിദ്ധക്ഷേത്രങ്ങൾ– 1. തിരുവനന്തപുരം,** (അനന്തശയനം) ബഹു പുരാതനവും, അതിപൂജ്യവും, ഭാരതഖണ്ഡമൊട്ടുക്ക് പ്രസിദ്ധവും, തിരുവിതാംകൂറിനു് ധർമ്മരാജ്യമെന്ന മറെറാരു പേരുകൂടിയുണ്ടാകുന്നതിന് പ്രധാന കാരണവുമായ ശ്രീപത്മനാഭസ്വാമിക്ഷേത്രം ഇവിടത്തെ മറ്റു ഹിന്തുദേവാലയങ്ങളിൽവച്ച് ഒന്നാമത്തെ സ്ഥാനത്തെ അർഹിക്കുന്നു. വിശേഷിച്ച് നമ്മുടെ രാജകുടുംബത്തിന്റെ പരദേവതയാകയാൽ അതാതുകാലം രാജ്യഭാരം ചെയ്യുന്ന തിരുമേനിമാരുടെ ഭക്തിബഹുമാനങ്ങൾക്ക് പ്രത്യേകം പാത്രമാകുന്നതുകൊണ്ട് നാൾക്കുനാൾ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ആധുനിക തിരുവിതാംകൂറിന്റെ അസ്ഥിവാരമുറപ്പിച്ച മാർത്താണ്ഡവർമ്മമഹാരാജാവ്, തന്റെ രാജ്യത്തെ (പിടിച്ചടക്കിയതും, മേലിൽ പിടിച്ചടക്കുന്നതുമുൾപ്പെടെ) ശ്രീപത്മനാഭനു് അർപ്പിച്ചിരിക്കുന്നതായി സംകല്പിച്ച് തന്റെ ഉടവാളിനെ തൃപ്പടിയിൽവച്ച്, അദ്ദേഹത്തിന്റെ ദാസനെന്ന നിലയിൽ രാജ്യം ഭരിക്കുന്നതിനായി വീണ്ടും അതിനെ സ്വീകരിച്ചു. ഈ ഏർപ്പാട് പാരമ്പര്യമായി അനുഷ്ഠിച്ചുപോരുന്നതിനാലാണ് നമ്മുടെ മഹാരാജാക്കന്മാർക്ക് "ശ്രീപത്മനാഭദാസൻ" എന്നുള്ള സ്ഥാനപ്പേരു കിട്ടുന്നതിന് കാരണം.

2 **ശുചീന്ദ്രം**, ഇതു കൊല്ലവർഷത്തിൻെറ ഉത്ഭവകാലത്തിനു മുൻപേയുണ്ടായിരുന്ന ഒരു മഹാക്ഷേത്രമാണ്. ദ്രവ്യപുഷ്ടികൊണ്ടും മാഹാത്മ്യംകൊണ്ടും ഈ ശിവക്ഷേത്രം (സ്ഥാണുമൂർത്തി) ഇവിടത്തെ രണ്ടാമത്തെ സ്ഥാനത്തെ അർഹിക്കുന്നു. ക്ഷേത്രവും, കുളവും, തേരുവീഥിയും, തെരുവുകളും ആകെക്കൂടി കാഴ്ചയ്ക്കു് അതിമനോഹരമാണ്. ധനുമാസത്തിലെ തേരോട്ടം വളരെ വിശേഷമായി കരുതിപ്പോരുന്നു. തേരു് നഗരപ്രദക്ഷിണം കഴിഞ്ഞു് പഴേസ്ഥാനത്തു വന്നുനിന്നതായി അറിഞ്ഞെങ്കിൽ മാത്രമേ നമ്മുടെ മഹാരാജാക്കന്മാർ ആ ദിവസം ആഹാരം കഴിക്കയുള്ളു.

3. **വർക്കല**, ഇൻഡ്യയൊട്ടുക്കു് ജനാർദ്ദനം എന്നു് പേരു കേട്ടിട്ടുള്ള ഈ വിഷ്ണു ക്ഷേത്രത്തിൽ അനവധി തീർത്ഥയാത്രക്കാർ ദിവസംപ്രതി വന്നുകൊണ്ടേ ഇരിക്കുന്നു. ഏകദേശം 250 അടിക്കുമേൽ പൊക്കമുള്ള കുന്നിൻെറ അടിവാരത്തിൽനിന്നു് (സമുദ്രക്കരയിൽ) അനവധി ഊററുകൾ നിർഗ്ഗമിക്കുന്നു. ഈ ജലത്തിലെ കുളിയും അവിടത്തെ താമസവും ആരോഗ്യപ്രദമാകയാലും, (ഇതിലെ പ്രധാന ഊററുകൾ അവിടെയുള്ള തീർത്ഥമാകുന്നു.) ശ്രീനാരായണ ഗുരുസ്വാമികളുടെ (ശിവഗിരിയും, അവിടെയുള്ള ശാരദാമഠവും, അതിനോടു ചേർന്ന മററു സ്ഥാപനങ്ങളും) പ്രധാനസ്ഥാനമാകയാലും (ഇപ്പോൾ ഇവിടെ റയിൽവെ സ്റ്റേഷൻകൂടിയുണ്ടു്.) ഇതു് നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടേയിരിക്കുന്നു. വർക്കലക്ഷേത്രം, ഉമയമ്മറാണിയുടെകാലത്തു് സർക്കാർ വകയായിത്തീർന്നു.

4. **വൈക്കം**, ഭക്തന്മാർ ദക്ഷിണകൈലാസമായിക്കരുതിപ്പോരുന്ന വൈക്കം ഇവിടത്തെ രണ്ടാമത്തെ ശിവക്ഷേത്രമാണ്. തിരുവനന്തപുരം കഴിഞ്ഞാൽ ഇത്ര വളരെ വഴിപാടുകളും സദ്യകളും നടക്കുന്ന ക്ഷേത്രം മറെറാന്നുംതന്നെയില്ല. വൃശ്ചികം, കുംഭം ഈ മാസങ്ങളിലെ അഷ്ടമികൾ വളരെ പ്രധാനപ്പെട്ട ദിവസങ്ങളാണ്. ടി. ദിവസങ്ങളിൽ സ്വാമിദർശനത്തിനായിക്കൂടുന്ന ജനങ്ങൾക്കു് സംഖ്യയില്ല. (തിരുവിതാംകൂറിലെ പബ്ളിക്ക റോഡുകളിൽക്കൂടി എല്ലാ ജാതിക്കാർക്കും സഞ്ചാര സൌകര്യത്തിനായി സത്യാഗ്രഹമാരംഭിച്ചതു് ആദ്യമായി ഈ ക്ഷേത്രസന്നിധിയിലാണ്) ഈ ക്ഷേത്രം കൊല്ലം 504-ൽ തിരുവിതാംകൂർ സർക്കാരിലേക്കു് വിട്ടുകൊടുത്തു.

5. **ഏററുമാനൂർ**, ഇവിടത്തെ ശിവൻ ഉഗ്രമൂർത്തിയാകയാൽ പലതരം ദേഹപീഡകളുടെ ശമനത്തിനായി അനേകമാളുകൾ ദിവസന്തോറും ഈ ക്ഷേത്രത്തെ ശരണംപ്രാപിക്കുന്നുണ്ടു്. ടിപ്പുസുൽത്താനുമായുള്ള യുദ്ധത്തിൽ ജയംകിട്ടിയതുകൊണ്ടു രാമവർമ്മമഹാരാജാവു് ഏഴരത്തുലാം സ്വർണ്ണംകൊണ്ടു് "ഏഴരപ്പൊന്നാനയെ" (അരയാനയെന്നു് ഇവിടെ പറയുന്നതു്, ഒരുതുലാം സ്വർണ്ണംകൊണ്ടുണ്ടാക്കിയ ആനയുടെ പകുതി വലിപ്പത്തിലുള്ള ഒരാനയാകുന്നു.) ഉണ്ടാക്കി നടയ്ക്കുവച്ചു. ആറാട്ടുദിവസം ഈ ആനകളെ വെളിയ്ക്കു് എഴുന്നള്ളിക്കുന്നുണ്ടു്. 987-ാമാണ്ടു് ഈ ക്ഷേത്രം സർക്കാരിൽ ചേർത്തു.

6. **അമ്പലപ്പുഴ** കൃഷ്ണസ്വാമിക്ഷേത്രം, ചെമ്പകശ്ശേരിരാജ്യം തിരുവിതാംകൂറിനോടു ചേർത്തപ്പോൾ ഈ ക്ഷേത്രവും നമ്മുടെ ഗവമ്മെണ്ടു വകയായിത്തീർന്നു.

7. **കന്യാകുമാരി**, ഭാരതഖണ്ഡത്തിലെ അഞ്ചാമത്തെ തീർത്ഥവും പ്രധാന ഭഗവതിക്ഷേത്രവും (ഇവിടെ പാറ പൊടിഞ്ഞു് പലതരം അരിയുടെ രൂപത്തിൽ മണൽ കാണുന്നു.)

8. **ചെങ്ങന്നൂർ**, പാർവ്വതീസമേതനായ പരമേശ്വരനെ ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നു. (ഇവിടെ 28 ദിവസത്തെ ഉത്സവമുണ്ടു്.)

9. **അരിപ്പാട്ടു്**, വേലായുധസ്വാമിക്ഷേത്രം.

10. **കുമാരനല്ലൂർ**, പ്രസിദ്ധ ഭഗവതിക്ഷേത്രം. (ഊരാണ്മ വക)

**മററു പ്രധാന ക്ഷേത്രങ്ങൾ**, 1) ഭൂതപ്പാണ്ടി 2) തൃപ്പതിസാരം 3) മണ്ടക്കാട്ടു് 4) തൃപ്പരപ്പു് 5) കുമാരകോവിൽ 6) തിരുവട്ടാർ 7) തിരുവല്ലം 8) ശ്രീകണ്ഠേശ്വരം 9) ഉള്ളൂർ 10) ശാർക്കര 11) കൊട്ടാരക്കര 12) വെട്ടിക്കവല 13) മണ്ണടി 14) അയ്യൻകാവു് 15) അച്ചൻകോവിൽ 16) കുളത്തൂപ്പുഴ 17) കണ്ടിയൂർ 18) ശബരിമല 19) ആറൻമുള 20) തിരുവാർപ്പു് 21) തിരുനക്കര 22) കിടങ്ങൂർ (ഊരാണ്മ) 23) ചേർത്തല 24) തൃക്കാരിയൂർ 25) തിരുവാലൂർ 26) പെരുവനം.

**ക്രിസ്തുമതം**, തിരുവിതാംകൂറിലെ ജനങ്ങളിൽ നാലിലൊരുഭാഗത്തിലധികം ക്രിസ്ത്യാനികളാണ്. ക്രിസ്തുദേവൻെറ ഒരു പ്രധാന ശിഷ്യനായ സെൻറു് തോമസ് ഏകദേശം ൧൯ നൂററാണ്ടുകൾക്കു മുമ്പു് തിരുവിതാംകൂറിലും വന്നിരുന്നു എന്നും, നിരണംപള്ളി അദ്ദേഹത്താൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണെന്നും വിശ്വസിക്കപ്പെട്ടുവരുന്നു. അതിനുശേഷം പല ക്രിസ്തുമതപ്രചാരകന്മാരും ഇവിടെ വന്നു് തങ്ങളു

ജോലി നിർവ്വിഘ്നം നടത്തിപ്പോന്നു. നാട്ടുകാരുടെ സമഭാവനയും, രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും ഔദാര്യവും, മതപോഷണത്തിനു സഹായിച്ചിട്ടുണ്ടെന്നു ചരിത്രം ഘോഷിക്കുന്നു. ഏകദേശം 4 നൂററാണ്ടിനു മുമ്പ്, ഫ്രാൻസീസ് സേവ്യർ ദക്ഷിണ തിരുവിതാംകൂറിൽ പ്രവർത്തിയാരംഭിച്ചു. മധുര സൈന്യത്തെ ഓടിച്ചതോടുകൂടി അദ്ദേഹത്തിന്റെ പ്രസിദ്ധിയും പ്രയത്നഫലവും വർദ്ധിച്ചു. ഇക്കാലത്ത് അനേകം പള്ളികൾ ഉണ്ടായി. ക്രമേണ പോർട്ടുഗീസുകാരും ലന്തക്കാരും സ്വമതസ്ഥരെ സഹായിക്കുകയും ഈസ്റ്റിൻഡ്യാക്കമ്പനി പ്രബലമായിത്തീരുകയും ചെയ്തതോടുകൂടി മതവും ധാരാളമായി പ്രചരിച്ചു. റസിഡണ്ടന്മാരായിരുന്ന കർണ്ണൽ മക്കാളെ, കർണ്ണൽ മൺറോ തുടങ്ങിയുള്ളവരുടെ സഹായവും പ്രത്യേകം പ്രസ്താവയോഗ്യമാണ്.

ഇപ്പോൾ ഇവിടെ സുറിയാനിക്കാർ, റോമൻകത്തോലിക്കർ, സി. എം. എസ്. (ആംഗ്ലിക്കൻ) കാർ, രക്ഷാസൈന്യക്കാർ, യൂയോമതക്കാർ മുതലായ അനേകം വിഭാഗക്കാരുണ്ട്.

അഗസ്തീശ്വരം താലൂക്കിൽ, നാഗർകോവിലിലും അതിനു ചുററുമുള്ള പ്രദേശങ്ങളിലും, തിരുവല്ലാ, ചങ്ങനാശേരി, കോട്ടയം, മീനച്ചൽ, മൂവാററുപുഴ ഈ താലൂക്കുകളിലും ക്രിസ്ത്യാനികൾ അധികമായുണ്ട്.


1) നാഗർകോവിൽ, 2) മുളമൂട്, 3) കുളച്ചൽ; 4) പാറശ്ശാല, 5) കാഞ്ഞിരംകുളം, 6) തിരുവനന്തപുരം, 7) അഞ്ചുതെങ്ങ്, 8) കൊല്ലം, 9 കോഴിത്തോട്ടം (ചവറസ്സ സമീപം) 10) തേവലക്കര, 11) കടമ്പനാട്, 12) തുമ്പമൺ, 13) പുതിയകാവ്, 14) പുത്തൻകാവ് (മാവേലിക്കരയിൽ) 15) നിരണം, 16) തിരുവല്ലാ, 17) അയിരൂർ, 18) ഇടത്വാ, 19) കാഞ്ഞിരപ്പള്ളി, 20) ചങ്ങനാശേരി, 21) പുതുപ്പള്ളി. 22) കോട്ടയം, 23) അതിരമ്പുഴ, 24) മാന്നാനം, 25) പാലാ, 26) കുറവിലങ്ങാട്, 27) പുത്തൻകുരിശ്, 28) കോതമംഗലം, 29) വരാപ്പുഴ മുതലായ സ്ഥലങ്ങളിൽ വലിയ പള്ളികളും, മതസംബന്ധമായ മററു സ്ഥാപനങ്ങളുമുണ്ട്.

**മഹമ്മദുമതം**— ഏകദേശം രണ്ടായിരം വർഷത്തിനു മുൻപുതന്നെ ഈ മതം കൊല്ലം മുതലായ കച്ചവടസ്ഥലങ്ങളിൽ വ്യാപിച്ചിരുന്നു. യൂറോപ്യന്മാരുടെ പ്രാബല്യകാലത്തിനുമുൻപ് മലബാറുമായി കച്ചവടം ചെയ്തിരുന്ന അറബികൾവഴി മഹമ്മദുമതം മലയാളത്തിൽ പ്രചരിച്ചിട്ടുള്ളതായി വിശ്വസിക്കുന്നു. മുകിലന്റെ ആക്രമണംനിമിത്തം തെക്കൻതിരുവിതാംകൂറിലും, ടിപ്പുവിന്റെ മലബാർ ആക്രമണകാലത്ത് വടക്കൻ തിരുവിതാംകൂറിലും ഈ മതം പരക്കുന്നതിനിടയായി. രാമവർമ്മ മഹാരാജാവ് അനേകം കച്ചവടക്കാരായ മുഹമ്മദീയരെ അന്യരാജ്യങ്ങളിൽനിന്നു വരുത്തി ആലപ്പുഴെ താമസമുറപ്പിച്ചു. ഇപ്പോൾ രണ്ടുലക്ഷത്തി എഴുപതിനായിരത്തിൽപരം ജനങ്ങൾ ഈ വർഗ്ഗത്തിലുണ്ട്.

1) കുളച്ചൽ, 2) തിരുവിതാംകോട്, 3) കളിയിക്കാവിള, 4) പൂവാറ് 5) വിഴിഞ്ഞം, 6) തിരുവനന്തപുരം, 7) ആലംകോട് (ആററുങ്ങലിനു വടക്ക്) 8) വെമ്പായം, (നെടുമങ്ങാടു താലൂക്കിൽ) 9) കൊല്ലം, 10) കൊട്ടാരക്കര, 11) കായങ്കുളം, 12) ആലപ്പുഴ, 13) ഈരാററുപേട്ട, 14) പറവൂർ ഈ സ്ഥലങ്ങളിൽ പ്രധാനമായി താമസിക്കുന്നു. മേല്പറഞ്ഞ പ്രധാന മതങ്ങൾക്കുടാതെ 12600—ൽപരം ബുദ്ധാരാധകന്മാരും, ഏതാനും ജൂതന്മാരും ഇവിടത്തെ താമസക്കാരാണ്.

**ഭാഷ**— ഇവിടത്തെ പ്രധാന ഭാഷ മലയാളമാണെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ല. ചെങ്കോട്ടത്താലൂക്കിൽ അതിരുമലയ്ക്കു കിഴക്കുഭാഗങ്ങളിലും, തോവാള, അഗസ്തീശ്വരം ഈ രണ്ടു താലൂക്കുകളിലും, കല്ക്കുളം താലൂക്കിന്റെ ഏതാനും ഭാഗങ്ങളിലും തമിഴാണ് സാധാരണയായി സംസാരിക്കുന്നത്. കച്ചവടത്തിനായും മററു തൊഴിലുകൾക്കായും വിദേശങ്ങളിൽനിന്നു വന്നുതാമസിക്കുന്നവർ, കൊങ്കിണി, തെലുങ്ക, മഹാരാഷ്ട്രം, ഹിന്ദുസ്ഥാനി, മുതലായ ഭാഷകൾ സംസാരിക്കുന്നു.

**വിദ്യാഭ്യാസം**— വിദ്യാസമ്പന്നരായ പ്രജകളെ ഭരിക്കുന്ന ഗവമ്മെൻറിനു ഭരണവിഷയത്തിൽ വളരെ സഹായങ്ങൾ ഉണ്ടാകുന്നുണ്ട്. അതിനാൽ എല്ലാ ഗവമ്മെൻറുകളും തങ്ങളുടെ പ്രജകളെ വിദ്യ അഭ്യസിപ്പിക്കുന്നതു ഭരണകാര്യങ്ങളിൽ ഏററവും പ്രാധാന്യമുള്ളതായി കരുതിപ്പോരുന്നു. വിദ്യാഭിവൃദ്ധിമൂലം ഓരോരുത്തരും അനുഭവിക്കുന്ന സുഖസൗകര്യങ്ങൾ നമുക്കു അറിവുള്ളതാണല്ലോ. തിരുവിതാംകൂർ ഗവമ്മെൻറ് ഈ വിഷയത്തിൽ വളരെ ദ്രവ്യം ആണ്ടോടാണ്ടു ചെലവാക്കുന്നുണ്ട്. നമ്മുടെ രാജ്യത്ത് സാമാന്യ വിദ്യാഭ്യാസമില്ലാത്തവരായി ആരും ഉണ്ടായിരിക്കരുതെന്നു കരുതിയാണ് പ്രാഥമിക വിദ്യാഭ്യാസം ധർമ്മമായി നൽകുന്നത്. ഉയന്ന തരത്തിലായി അനേകം നാട്ടുഭാഷാ പാഠശാലകളും അനവധി ഇംഗ്ലീഷ് പള്ളിക്കൂടങ്ങളും ഇവിടെയുണ്ട്. ഗവമ്മെൻറു വകയായി തിരുവനന്തപുരത്ത് ആർട്ട്സ് കോളേജ് എൽ. ടി. കോളേജ്, ലാകോളേജ്, ഗറൽസ് കോളേജ് (സെക്കൻഗ്രേഡ്) ഇവയും, ഒരു സംസ്കൃത കോളേജും, ഒരു ആയുർവ്വേദ കോളേജുമുള്ളതുകൂടാതെ ക്രിസ്ത്യാനികളുടെ വകയായി നാഗർകോവിൽ, ചങ്ങനാശേരി, കോട്ടയം, ആലുവാ എന്നി സ്ഥലങ്ങളിൽ ഓരോ സെക്കൻഗ്രേഡ് കോളേജുകളുമുണ്ട്. ഈ രാജ്യത്തിലെ വിദ്യാഭ്യാസത്തിൽ മുന്നിട്ടുനിന്നു പ്രവർത്തിച്ചിട്ടുള്ളതും ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും ക്രിസ്ത്യാനികളാണെന്ന് അന്നും ഇന്നുമുള്ള അംഗീകൃതപാഠശാലകളുടെ സംഖ്യ പരിശോധിച്ചാൽ നമുക്കു മനസ്സിലാകും. സംസ്കൃതം പഠിപ്പിക്കുന്നതിനു അവിടവിടെ കുടിവക പാഠശാകളുണ്ടെങ്കിലും ഒന്നും ഇതേവരെ ഉയന്ന നിലയെ പ്രാപിച്ചിട്ടില്ല. ആയുർവ്വേദ സ്കൂളുകളിൽ ചങ്ങൻകുളങ്ങര, ഏററുമാനൂർ ഈ രണ്ടു സ്ഥലത്തുമുള്ളവ മാത്രമേ പ്ര




1) കന്യാകുമാരി 2) ശുചീന്ദ്രം 3) നാഗർകോവിൽ 4) ഭൂതപ്പാണ്ടി 5) കുളച്ചൽ 6) ഇരണിയൽ 7) തിരുവിതാംകോട് 8) പത്മനാഭപുരം 9) തിരുവട്ടാർ 10) കുഴിത്തുറ 11) പാറശ്ശാല 12) നെയ്യാറ്റിൻകര 13) ബാലരാമപുരം 14) തിരുവനന്തപുരം 15) നെടുമങ്ങാട് 16) ആറ്റുങ്ങൽ 17) വർക്കല 18) കൊല്ലം 19) കൊട്ടാരക്കര 20) പുനലൂർ 21) ചെങ്കോട്ട 22) അച്ചൻപുതൂർ 23) കരുനാഗപ്പള്ളി 24) കായംകുളം 25) മാവേലിക്കര 26) തിരുവല്ലാ 27) അരിപ്പാട് 28) അമ്പലപ്പുഴ 29) ആലപ്പുഴ 30) ചേർത്തല 31) ചങ്ങനാശേരി 32) കോട്ടയം 33) ഏറ്റുമാനൂർ 34) പാലാ 35) വൈക്കം 36) മൂവാറ്റുപുഴ 37) ആലുവാ 38) പറവൂർ

ഠത്തിന ഹൈസ്കൂൾ ഒരു കോളേജായിത്തീരത്തക്കവണ്ണം
സ്ഥാപിക്കത്തക്ക നിലയിൽ എത്തീട്ടുള്ള ഏററുമാനൂരിലെ ഹൈസ്കൂൾ ഒരു കോളേജായിത്തീരത്തക്കവണ്ണം
സ്ഥാപിക്കത്തക്ക നിലയിൽ എത്തീട്ടുള്ള ഏററുമാനൂരിലെ അപേക്ഷിച്ച് തിരുവി
അഭിവൃദ്ധിയെ പ്രാപിച്ചിരിക്കുന്നു. സ്ത്രീവിദ്യാഭ്യാസത്തിൽ മററു നാട്ടുരാജ്യങ്ങളെ
താംകൂറിനു മെച്ചമുണ്ടെന്നുള്ള സംഗതി നമുക്ക് അഭിമാനകരംതന്നെ.

## X.

രാജ്യവിഭാഗം— ജനസംഖ്യയുടെ കൂടുതൽകുറവനുസരിച്ചാണ, രാജ്യവിഭാഗങ്ങളും പട്ടണ
ങ്ങളുമുണ്ടാകുന്നതെന്ന് മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ഭരണസൌകര്യത്തിനായി നമ്മുടെ രാജ്യത്തെ 4 ഡിവിഷ
നായും 30 താലൂക്കുകളായും ഭാഗിച്ചിരിക്കുന്നു.

18-ാം നമ്പർ പടത്തിൽ കൊടുത്തിട്ടുള്ളതനുസരിച്ച് ഓരോ താലൂക്കിലേയും പ്രധാന സ്ഥലങ്ങളെ
അടിയിൽ വിവരിക്കുന്നു. ഇതിനു മുൻപിൽ പറഞ്ഞിട്ടില്ലാത്തവയേപ്പററി മാത്രമേ ഇവിടെ വിവരിക്കു
ന്നൊള്ളൂ. ഓരോ സ്ഥലത്തിന്റേയും സ്ഥാനം പടംനോക്കി മനസ്സിലാക്കേണ്ടതാണ്.

തിരുവിതാംകൂറിനകത്ത് കൊച്ചി വകയായി, കുന്നത്തുനാട്, പറവൂർ, ഈ താലൂക്കുകളിലായും,
വൈക്കം, ചേർത്തല ഇവയ്ക്കു വടക്കായും, ഏഴ പ്രത്യേക സ്ഥലങ്ങളും; ബ്രിട്ടീഷ്കാരുടെ വകയായി അഞ്ചുതെ
ങ്ങ്, തങ്കച്ചേരി എന്നീ രണ്ടു സ്ഥലങ്ങളുമുണ്ട്. (മൺറോ സായ്പ്പ് തിരുവിതാംകൂറിനു ചെയ്തിട്ടുള്ള ഗു
ണങ്ങൾക്കുവേണ്ടി കിഴക്കേകല്ലട എന്ന സ്ഥലം മൺറോ സായ്പ്പിനു വിട്ടുകൊടുത്തിട്ടുള്ളതും അതിന് ഇ
പ്പോൾ, മൺറോത്തുരുത്ത് എന്നുപേർ പറഞ്ഞുവരുന്നതുമാകുന്നു.) തിരുവിതാംകൂർ വകയായി കൊച്ചിയി
ൽ പുത്തൻ ചിറയും, കോയമ്പത്തൂരിൽ അഞ്ചുനാടും, തിരുനൽവേലിയിൽ ചെങ്കോട്ടയുടെ ഏതാനും സ്ഥല
ങ്ങളും കയറിക്കിടക്കുന്നു.

**തിരുവനന്തപുരം ഡിവിഷൻ— 1. തോവാള;** (1) ഭൂതപ്പാണ്ടി—കച്ചേരിസ്ഥലവും
ഭൂതനാഥക്ഷേത്രത്താൽ പ്രസിദ്ധിയേറിയതുമാണ്. 2) തിട്ടുവിള 3) താഴക്കുടി 4) തോവാള ഒരു പ്രധാനക്ഷേ
ത്രവും സത്രവുമുണ്ട്. 5) ആരുവാമൊഴി, തിരുനൽവേലിയിലേക്കുള്ള പ്രധാന പാത ഇവിടത്തെ വിടരത്തിൽ
കൂടി പോകുന്നു. 6) അഴകിയപാണ്ടിപുരം (ഇവിടത്തേ പ്രധാന കൃഷിസ്ഥലം, നിലങ്ങൾക്ക് പ്രസിദ്ധി
നേടിയ തൃപ്പതിസാരമാണ്.)

2. **അഗസ്തീശ്വരം—** 1) നാഗർകോവിൽ, ഇതു തിരുവിതാംകൂറിലെ രണ്ടാമത്തെ പട്ട
ണമാണ്. ഇതിനോടു ചേന്ന് 2) വടശേരി 3) കോട്ടാർ, വടിവീശ്വരം, ഒഴുകിണശ്ശേരി മുതലായ സ്ഥല
ങ്ങൾ കിടക്കുന്നു. ഇടലാക്കുടിയും 4) ശുചീന്ദ്രവും ഈ പട്ടണം തുടന്ന് സ്ഥിതിചെയ്യുന്നു. 5) രാജാക്കമംഗലം,
6) അഗസ്തീശ്വരം 7) കന്യാകുമാരി 8) മഹാദാനപുരം 9) മയിലാടി (ഇതിൽ മിക്ക സ്ഥലങ്ങളേയുംപററി
ഒരു യാത്ര എന്ന ഭാഗത്തിൽ വിവരിച്ചിട്ടുണ്ട്.) രാജാക്കമംഗലത്തിനടുത്ത ഈത്താംവഴി എന്ന സ്ഥലത്താണ്
പ്രസിദ്ധനായ കോംബസ്വാമികളുടെ സമാധികോവിൽ. അതിമാനുഷനായ ഇദ്ദേഹം കാണിച്ചുകൊടുത്ത സ്ഥ
ലത്ത് സമുദ്രതീരത്തിൽ വെട്ടിച്ചിട്ടുള്ള കുളത്തിൽ ശുദ്ധജലമാണുള്ളത്.

3. **കൽക്കുളം—** 1) പത്മനാഭപുരം ഇതു ഇവിടത്തെ 14-ാമത്തെ പട്ടണമാകുന്നു. (മററുവി
വരങ്ങൾ ഒരു യാത്ര എന്ന ഭാഗംനോക്കുക.) പടിഞ്ഞാറുള്ള തക്കല കച്ചേരി സ്ഥലമാണ്. 2) ഇരണിയൽ ച
രിത്രപ്രധാനമായ പട്ടണം, തിരുവിതാംകൂർ മഹാരാജാക്കന്മാർ മുടിവയ്ക്കുന്നതു ഇവിടത്തെ കൊട്ടാരത്തിൽവ
ച്ചാണ്. ഇരണിയൽ കസവുതരങ്ങൾക്കു പ്രസിദ്ധിനേടിയതാണ്. (അനവധി ആളുകളുടെ ബഹുമാനത്തി
നു പാത്രമായിട്ടുള്ള മിഷ്യൻ ആശുപത്രി സ്ഥാപിച്ചിട്ടുള്ള നെയ്യൂരും ഒരു കാലത്ത് ദിവാനായിരുന്ന നാണ
പിള്ള അവർകളുടെ സ്ഥലമായ നെയ്യൂരും രണ്ടു പ്രത്യേക സ്ഥലമാണ്.) (3) കുളച്ചൽ ആലപ്പുഴയും കൊല്ല
വും കഴിഞ്ഞാൽ അടുത്ത തുറമുഖം കുളച്ചൽ [illegible]യാണ്. തിരുവിതാംകൂറിലെ പ്രാചീന തുറമുഖം ഇതൊ
ന്നുതന്നെ. ഇവിടത്തെ പ്രധാന കയററുമതി രണ്ടു കമ്പനിക്കാർ ശേഖരിക്കുന്ന തുമ്പും, മണവാളക്കുറിച്ചി ക
മ്പനിക്കാർ കൊണ്ടുവരുന്ന മോണോസൈററും, മാത്രമാകുന്നു. (ഉണക്കു മത്സ്യം, കയറു്, എന്നിവ വണ്ടിവഴിക്ക്
തിരുനൽവേലിക്കും തോണ്ടു് തലച്ചുമടായി തേങ്ങാപ്പട്ടണത്തിലേയ്ക്കും പോകുന്നു.) ഇവിടെക്കൂടെ ഒഴുകുന്ന ഒരു
പ്രധാന തോടിനു് പാമ്പൂരിയാറെന്നു പറയുന്നു. ഇതു് ഇരുകരകളിലുമുള്ള നിലങ്ങളേയും ഉപ്പളത്തേയും വെ
ള്ളക്കെട്ടു പ്രദേശമാക്കിത്തീർക്കുന്നു. ഇവിടത്തെ താമസക്കാർ മുഹമ്മദീയരും, ചെട്ടികളും, മത്സ്യംപിടുത്തക്കാ
രുമാണ്. മത്സ്യം ഉണക്കുന്ന തെരുവുകൾ വൃത്തിഹീനതയുടെയും തന്നിമിത്തം ചില രോഗങ്ങളുടെയും കേ
ന്ദ്രസ്ഥാനമായിരിക്കുന്നു. 4) മുട്ടം സമുദ്രത്തിന്റെ ഉള്ളിലുള്ള മുതലപ്പാറയെ കാണിക്കുന്നതിനായി ഇവിടെ
ഒരു ദീപസ്തംഭം സ്ഥാപിച്ചിരിക്കുന്നു. 5) പൊന്മന, 6) കുലശേഖരം, 7) തിരുവട്ടാർ.

4. **വിളവൻകോട്—** 1) കുഴിത്തുറ (ഈ പട്ടണത്തെപ്പററി പിറകേ വിവരിക്കും). 2) വി
ളവൻകോട്, 3) മഞ്ചിറ— ധാരാളം തെങ്ങുള്ള സ്ഥലം, 4) തേങ്ങാപ്പട്ടണം, 5) അരുമന, 6) കളിയൽ.

5. **നെയ്യാറിൻകര**— 1) നെയ്യാററിൻകര— 17-ാമത്തെ പട്ടണവും കച്ചേരി സ്ഥലവും, 2) പൂ
വാറു, 3) വിഴിഞ്ഞം— മത്സ്യം പിടിക്കുന്നതിനു പ്രസിദ്ധ തുറമുഖമായിരുന്നു. 4) ബാലരാമപുരം. 5) പാറശ്ശാ
ല— ഇവിടെ ധാരാളം വണ്ടികളുണ്ട്. 6) വിളപ്പിൽ, 7) മാരായമുട്ടം.

6. **തിരുവനന്തപുരം**— 1) തിരുവനന്തപുരം, ഒന്നാമത്തെ പട്ടണവും രാജധാനിയും തിരുവി
താംകൂറിന്റെ തലസ്ഥാനവുമാണ്. വലിയതുറയിൽ ഒരു കടൽപ്പാലം കെട്ടിയിരിക്കുന്നു. (തിരുവനന്തപുരം ടൌ
ണിന്റെ പടം നോക്കി മററു വിവരങ്ങൾ മനസ്സിലാക്കണം.) 2) ഉള്ളൂർ, 3) കഴക്കൂട്ടം, 4) പള്ളിപ്പുറം, 5) ക
ളത്തൂർ, 6) പാങ്ങോട്ട്— പുത്തൻപട്ടാളം കിടക്കുന്ന ലയിൻ ഇവിടെയാകുന്നു. സമീപത്തുള്ള മരുതംകുഴി എന്ന
സ്ഥലത്തു കിള്ളിയാററിൽ അണകെട്ടി വെള്ളം കൊച്ചാർവഴി പത്മതീർത്ഥത്തിലേക്കു കൊണ്ടുവരുന്നു.

7. **നെടുമങ്ങാട്ട്**— 1) നെടുമങ്ങാട്ട്— കച്ചേരിസ്ഥലം. ഉഴമലയ്ക്കൽ എന്ന സ്ഥലത്തിനു തെക്കുമാ
റി കരമനയാററിൽ ഒരു അരുവിയും (അരുവിക്കര) ക്ഷേത്രവുമുണ്ട്. ഈ അരുവിയുടെ മുകളിലായി ധാരാളം
മത്സ്യങ്ങളെ സൂക്ഷിച്ചുവരുന്നു. അടുത്തുള്ള വെള്ളനാട്ടുനിന്നു് ഈയമണ്ണ് എന്ന ധാതുപദാർത്ഥം വെട്ടിയെടുത്തു
വരുന്നു. 2) കരകുളം— ധാരാളം കൃഷിയുള്ള സ്ഥലം. 3) വാമനപുരം, 4) പച്ച, 5) പൊൻമുടി— മലസംബ
ന്ധിച്ച സുഖവാസസ്ഥലം ഇവിടെ കൊട്ടാരവും ബംഗ്ലാവുകളും ധാരാളം തോട്ടങ്ങളുമുണ്ട്. 6) ആര്യനാട്ട്— പ
ണ്ടു പാണ്ടിയുമായി കച്ചവടം നടന്നിരുന്നു. 7) കാട്ടാക്കട.

8. **ചിറയിൻകീഴ്**— 1) ആററുങ്ങൽ— 12-ാമത്തെ പട്ടണവും കച്ചേരിസ്ഥലവും. (ആററു
ങ്ങൽ മൂത്തതമ്പുരാന്റെ കൊട്ടാരം ഇവിടെയാണ്.) 2) ചിറയിൻകീഴ്— ധാരാളം തെങ്ങുള്ള സ്ഥലം. 3) കി
ളിമാനൂർ— കോയിത്തമ്പുരാക്കന്മാരുടെ വക സ്ഥലം. (ചിത്രമെഴുത്തുകോയിത്തമ്പുരാന്റെ ജന്മദേശം.) 4) മ
ടവൂർ, 5) നാവായിക്കുളം.

**കൊല്ലം ഡിവിഷൻ**— **കൊല്ലം**, 1) കൊല്ലം ഡിവിഷന്റെയും താലൂക്കിന്റെയും തലസ്ഥാ
നം. (ഇതൊരു തുറമുഖമാണെന്നും ധാരാളം വ്യവസായം നടക്കുന്നു എന്നും മുൻ പറഞ്ഞിട്ടുണ്ട്. ഓടുണ്ടാക്കു
ക, തടിയറക്കുക, എണ്ണയാട്ടുക, വസ്ത്രം നെയ്യുക, പായുണ്ടാക്കുക, മത്സ്യം ഉണക്കുക മുതലായവയാകുന്നു പ്രധാ
ന വ്യവസായങ്ങൾ.) അടുത്തു് അഷ്ടമുടിക്കായൽ കിടക്കുന്നതിനാൽ ജലമാർഗ്ഗമായും റയിലുള്ളതിനാൽ കരമാർഗ്ഗ
മായും കച്ചവടത്തിനു വളരെ സൌകര്യമുണ്ട്. ഉത്തരതിരുവിതാംകൂർ റയിൽവേ തീരുന്ന കാലത്തു ഈ പ
ട്ടണം തിരുവിതാംകൂറിലെ ഒരു വലിയ ജംഗ്ഷനായിത്തീരുന്നതാണ്. ഒരുകാലത്തു് യൂറോപ്പുമായുള്ള കച്ചവ
ടത്തിനു് ഈ പട്ടണം പ്രസിദ്ധിനേടിയതായിരുന്നു. ഇപ്പോൾ തിരുവിതാംകൂറിലെ നാലാമത്തെ പട്ടണമാ
യ കൊല്ലം ഇനിയും അഭിവൃദ്ധിപ്പെടുന്നതിനുള്ള പല മാർഗ്ഗങ്ങളും കണ്ടുതുടങ്ങീട്ടുണ്ട്. 2) കിളികൊല്ലൂർ,
3) ആദിച്ചനല്ലൂർ, 4) ചാത്തന്നൂർ— ഇതിനു പടിഞ്ഞാറുള്ള നെടുങ്ങോലത്തു് ഒരു മിഷ്യൻ ആശുപത്രിയു
ണ്ട്. 5) പരവൂർ.


2. **കൊട്ടാരക്കര**— 1) കൊട്ടാരക്കര— താലൂക്കിന്റെ പ്രധാന സ്ഥലവും ഒരു ചെറിയ പട്ടണ
വുമാണ്. ഇതിനുസമീപം ബ്രഹ്മനിഷ്ഠാമഠം ചിത്സഭയുടെ പ്രധാന സ്ഥലമായ തെററിയോട്ട്. 2) കുളക്കട,
3) വെട്ടിക്കവല— ക്ഷേത്രപ്രധാനം. 4) വെളിനല്ലൂർ, 5) ചടയമംഗലം.

3. **പത്തനാപുരം**— 1) പുനലൂർ— താലൂക്കിന്റെ തലസ്ഥാനം. ദക്ഷിണ ഇൻഡ്യയിലേക്ക്
ഏററവും പ്രസിദ്ധപ്പെട്ട ഒരു തൂക്കുപാലം ഇവിടെയുണ്ട്. 2) പത്തനാപുരം, 3) പട്ടാഴി— ക്ഷേത്രപ്രധാനം.
4) അഞ്ചൽ, 5) ഏരൂർ— നല്ല റിസർവ്വ് വനം.

4. **ചെങ്കോട്ട**— 1) ചെങ്കോട്ട— അതിരുമലയ്ക്കു കിഴക്കുവശത്തു ചെങ്കോട്ടയിലെ കച്ചേരിസ്ഥ
ലവും ഈ രാജ്യത്തിലെ 11-ാമത്തെ പട്ടണവുമാണ്. ആര്യങ്കാവ് വിടവഴി പണ്ടുപണ്ടേ കച്ചവടം നട
ത്തിവരുന്നതിനാൽ ഇതൊരു പ്രധാന ചരക്കുസ്ഥലമാണ്. 2) അച്ചൻപുതൂർ— ഇതൊരു പട്ടണത്തിന്റെ
നിലയിൽ എത്തീട്ടുണ്ട്. 3) ആയിക്കുടി, 4) പുളിയറ, 5) കുളത്തൂപ്പുഴ ശാസ്താക്ഷേത്രത്തിനും ധാരാളം വൃക്ഷ
ങ്ങളുള്ള റിസർവ്വിനും പ്രസിദ്ധം. 6) മേക്കര— അച്ചൻകോവിലേക്കു ഈ വഴി പോകുന്നു. 7) അച്ചൻകോവിൽ
ഗഹനമായ പർവ്വതപ്രദേശത്തിനുള്ളിൽ ശാസ്താക്ഷേത്രത്തിനു പ്രസിദ്ധം. ധനുമാസത്തിലെ മണ്ഡലപൂജയ്ക്കു
ധാരാളം ആളുകൾ വന്നുചേരുന്നു. 8) ആര്യങ്കാവ്— ശാസ്താക്ഷേത്രത്തിനും റയിൽവേ തുരപ്പിനും കീർത്തിപ്പെ
ട്ടിരിക്കുന്നു.


5. **കുന്നത്തൂർ**— 1) അടൂർ— കച്ചേരിസ്ഥലം, 2) കുന്നത്തൂർ, 3) കൊടുമൺ, 4) നെടുമൺ,
5) പടിഞ്ഞാറെകല്ലട— നല്ല കൃഷിസ്ഥലം.

6. **കരുനാഗപ്പള്ളി**— 1) പടനായർകുളങ്ങര— കച്ചേരിസ്ഥലം, 2) കരുനാഗപ്പള്ളി, 3)
തഴവാ, 4) തേവലക്കര, 5) ഓച്ചിറ, 6) ചവറ.




കോട്ടക്കകം— 1. ശ്രീപത്മനാഭസ്വാമിക്ഷേത്രം, 2. വലിയ കൊട്ടാരം, 3. ഗോവരു കോയിക്കൽ, 4. വടക്കേ കൊട്ടാരം, 5. പത്മവിലാസം, 6. ഡിവിഷൻ കച്ചേരിയും, താലൂക്കകച്ചേരിയും, 7. ഗ്യാസ് ഹൌസ്, 8. പത്മതീർത്ഥം, (9) ഉത്സവമഠം.

1. പോലീസ് ഹെഡ് ക്വാട്ടേഴ്സ് ആഫീസ്, 2. ജില്ലാക്കോട്ട്, 3 പുത്തൻകച്ചേരി, (ഹജൂർ കച്ചേരി–ഹൈക്കോടതി) 4. ഗവൺമെന്റു അച്ചുക്കൂടം, 5. രാജാ സർ ടി മാധവരായരുടെ പ്രതിമ (സ്റ്റാറ്റ്യൂ) 6. ലാകാളേജ്, 7. ആർട്ട്സ് കാളേജ്, 8. ഗേൾസ് കാളേജ്, 9. ജൂബിലി ടൗൺ ഹാൾ, 10. കന്നിമാറാ മാർക്കറ്റ്, 11. സ്കൂൾ ഓഫ് ആർട്ട്സ് 12. പബ്ളിക് ലൈബ്രറി, 13. ഫാർമ്മബംഗ്ലാവ്, 14. നക്ഷത്രബംഗ്ലാവ്, 15. ബ്രിഗേഡ് (നായർപട്ടാളം കിടക്കുന്ന സ്ഥലം) 16. ചീഫ് എഞ്ചിനീയർ ആഫീസ്, 17. ആയുർവ്വേദ വൈദ്യശാല, 18. ജനറൽ ആശുപത്രി, 19. കമ്മട്ടം, (നാണയം, സ്റ്റാമ്പ് ഇവയടിക്കുന്ന സ്ഥലം) 20. സാനിട്ടറി കമ്മീഷണരുടെ ആഫീസ്, 21. ചാക്കയിൽ കടവ്, 22. റയിൽവെസ്റ്റേഷൻ, 23. ശംഖിൻമുഖം, 24. വലിയതുറ, (ഇവിടെയാണ് ഉപ്പുപണ്ടകശാല) 25. കല്ലാലക്കടവ്, 26. അമ്മവീട്ടുകൾ, 27. മണക്കാട്ടുചന്ത, 28. കൊട്ടാരംവക ലായം, 29. ടൌൺ മജിസ്ട്രേട്ടുകോട്ട്, 30. സെൻട്രൽ ജയിൽ, 31. പബ്ളിക് ഇൻസ്റ്റ്രക്ഷൻ ഡയറക്ടരുടെ ആഫീസ്, (മിഞ്ചിൻ ലാഡ്ജ്) 32. ബ്രിട്ടീഷ് പട്ടാളക്കാരുടെ ലയിൻ, 33. ട്രാവലേഴ്സ് ബംഗ്ലാവ്, 34. റസിഡൻസി, (പൊളിറ്റിക്കൽ ഏജൻറിന്റെ താമസസ്ഥലം) 35. ട്രെയിനിംഗ് കാളേജ് 36. ഡർബാർഫിസിഷന്റെ ആഫീസ്, 37. ഭക്തിവിലാസം, (ദിവാന്റെ താമസസ്ഥലം) 38. സർവ്വെ ആഫീസ്, 39. ഫാറസ്റ്റ് ആഫീസ്, 40. ഗസ്റ്റ് ഹൌസ്, (അതിഥിമന്ദിരം) 41. ശ്രീകണ്ഠേശ്വരം, 42. ശ്രീമൂലവിലാസം ഇംഗ്ലീഷ് ഹൈസ്കൂൾ, 43. സംസ്കൃതകാളേജ്.


77°
10°
10°
വ.
No. 18.
തിരുവിതാംകൂർ
പ്രധാന സ്ഥലങ്ങൾ.
1 ഇഞ്ച് $18\frac{1}{2}$ മൈൽ.
0 $9\frac{1}{4}$ $18\frac{1}{2}$ 37
77°

**7. കാർത്തികപ്പള്ളി—** തിരുവിതാംകൂറിലെ ഏററവും ചെറിയ താലൂക്ക്. 1) അരിപ്പാട്ട് താലൂക്കിൻെറ തലസ്ഥാനവും 16-ാമത്തെ പട്ടണവുമാണ്. 2) വീയപുരം— പ്രധാന തടിഡിപ്പോ. (ഏതെല്ലാം നദികൾ യോജിക്കുന്ന സ്ഥലത്താണെന്നും തടിഡിപ്പോവിനുള്ള സൌകര്യമെന്തെന്നും പറയുക.) 3) കാർത്തികപ്പള്ളി— കച്ചവടസ്ഥലം, 4) കിരിക്കാട്ട്, 5) കായങ്കുളം— 13-ാമത്തെ പട്ടണം. തിരുവിതാംകൂറിലെ ഒരു പ്രധാന കമ്പോളം.

**8. മാവേലിക്കര—** 1) മാവേലിക്കര— കച്ചേരിസ്ഥലവും 7-ാമത്തെ പട്ടണവും, സമീപമുള്ള പുതിയകാവ് ഒരു കച്ചവടസ്ഥലവും ചന്തയുമാണ്. ഇവിടെ അനേകം പള്ളികളുണ്ട്. പടിഞ്ഞാറു മാറിയുള്ള കണ്ടിയൂർ ഏററവും പുരാതനമായ ശിവക്ഷേത്രംകൊണ്ട് പ്രസിദ്ധപ്പെട്ടിരിക്കുന്നു. 2) പള്ളിക്കൽ, 3) നൂറനാട്ട്, 4) പന്തളം— ഇതിനു കിഴക്കുമാറിയുള്ള കടയ്ക്കാട്ട് ധാരാളം മഹമ്മദീയരുള്ള സ്ഥലം. തുമ്പമൺ അഭിവൃദ്ധിയെ പ്രാപിച്ചുവരുന്ന സ്ഥലമാണ്.

**9. പത്തനംതിട്ട—** തിരുവിതാംകൂറിലെ ഏററവും വലിയ താലൂക്ക്. 1) പത്തനംതിട്ട— കച്ചേരസ്ഥലം. 2) ഓമല്ലൂർ, 3) കോന്നിയൂർ, 4) റാന്നി, 5) പെരുനാട്ട് 6) വടശ്ശേരിക്കര, ) നിലയ്ക്കൽ.

**10 തിരുവല്ലാ—** 1) തിരുവല്ലാ— കച്ചേരിസ്ഥലവും 8-ാമത്തെ പട്ടണവും. 2) മാന്നാറു— തെങ്ങും നെല്ലും ധാരാളമുണ്ടാകുന്ന സ്ഥലം. 3) നിരണം, 4) ആലാ, 5) ചെങ്ങന്നൂർ, 6) ആറന്മുള— അടുത്തു പമ്പാനദിയിലെ മാലക്കര നെട്ടായം— വള്ളംകളിക്കു പ്രസിദ്ധം. ഇതു നദീതീരത്തു ഒരു സുഖവാസസ്ഥലമാണു. 7) കോഴഞ്ചേരി— കച്ചവടസ്ഥലം. 8) അയിരൂർ, കല്ലൂപ്പാറ.

**11. അമ്പലപ്പുഴ—** 15-ാമത്തെ പട്ടണവും കച്ചേരിസ്ഥലവും, 2) ആലപ്പുഴ 3-ാമത്തെ പട്ടണം. 3) തകഴി— ശാസ്താക്ഷേത്രത്താൽ പ്രസിദ്ധം. സമീപത്തു ധാരാളം പുഞ്ചപ്പാടമുണ്ട്. 4) പുളിങ്കുന്നു, 5) തലവടി.

**കോട്ടയം ഡിവിഷൻ—** 1. ചേർത്തല— കായലിനും സമുദ്രത്തിനും മദ്ധ്യേ മണൽകൊണ്ടു നിറഞ്ഞിരിക്കുന്ന പ്രദേശമാണ്. അതിനാൽ ഗതാഗതമാർഗ്ഗങ്ങൾ പരിഷ്കരിച്ചു റോഡാക്കുന്നതിനോ ധാരാളം തോടുകൾ വെട്ടുന്നതിനോ ഇവിടെ നിവൃത്തിയില്ലാതിരിക്കുന്നു എങ്കിലും തെങ്ങുവൃക്ഷത്തിൻെറ സമൃദ്ധികൊണ്ടു മുതലെടുപ്പിൽ ഇതു് ഏററവും പ്രധാനപ്പെട്ട താലൂക്കാണ്. 1) ചേർത്തല— കച്ചേരിസ്ഥലം. ഇവിടത്തെ ഭഗവതിക്ഷേത്രം പ്രസിദ്ധമാണ്. 2) തണ്ണീർമുക്കം, 3) തൈക്കാട്ടുശേരി, 4) അരൂക്കററി— പ്രധാന ചവുക്കസ്ഥലം, 5) മാരാരിക്കുളം, 6) തുറവൂർ.

**2. വൈക്കം—** 1) വൈക്കം— 10-ാമത്തെ പട്ടണവും കച്ചേരിസ്ഥലവും. 2) വെച്ചൂർ— ധാരാളം പുഞ്ചപ്പാടങ്ങൾ ഉണ്ട്. 3) കുലശേഖരമംഗലം, 4) തലയോലപ്പറമ്പ്, 5) കടുത്തുരുത്തി— ക്ഷേത്രം 6) മുളക്കുളം.

**3. കോട്ടയം—** ഈ താലൂക്കിൻെറ പടിഞ്ഞാറുഭാഗം മുഴുവൻ പുഞ്ചപ്പാടങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. 1) കോട്ടയം, ഡിവിഷൻെറയും താലൂക്കിൻെറയും തലസ്ഥാനം 6-ാമത്തെ പട്ടണം, പീരുമേട് മുതലായ സ്ഥലങ്ങളിലെ മലഞ്ചരക്കുകൾ ഈ വഴി ആലപ്പുഴയ്ക്കു പോകുന്നതിനാൽ കച്ചവടസംബന്ധമായ ഒരു പ്രധാനസ്ഥാനം ഈ പട്ടണം അർഹിക്കുന്നു. 2) കുമരകം 3) ഏററുമാനൂർ 4) അതിരമ്പുഴ 5) പാമ്പാടി 6) വിജയപുരം, 7) വള്ളം, ധാരാളം പുഞ്ചകൃഷിയുള്ള പ്രദേശം.

**4. ചങ്ങനാശേരി—** 1) ചങ്ങനാശേരി, കച്ചേരിസ്ഥലവും 5-ാമത്തെ പട്ടണവും, 2) വാഴപ്പള്ളി, 3) പുതുപ്പള്ളി, 4) കാഞ്ഞിരപ്പള്ളി, 5) മണിമല, 6) മുണ്ടക്കയം.

**5. മീനച്ചൽ—** 1) പാലാ, കച്ചേരിസ്ഥലം, 2) ഉാലം, 3) ഇലക്കാട്ട്, 4) രാമപുരം, 5) ഭരണങ്ങാനം, 6) ഈരാററുപേട്ട, 7) പൂഞ്ഞാറു്, 8) മീനച്ചൽ.

**6. തൊടുപുഴ—** 1) തൊടുപുഴ, കച്ചേരിസ്ഥലം. 2) കാരിക്കോട്ട്, 3) മണക്കാട്ട്, 4) നേരിയമംഗലം, 5) മഹാളിത്താവളം, 6) നരകമ്പാറത്താവളം, 7) നെടുമ്പാറത്താവളം.

**7. മൂവാററുപുഴ—** 1) മൂവാററുപുഴ, കച്ചേരിസ്ഥലം, 2) കോതമംഗലം, 3) തൃക്കാരിയൂർ, 4) കൃന്താട്ടുകുളം, 5) രാമമംഗലം.

**8. കുന്നത്തുനാട്ട്—** 1) പെരുമ്പാവൂർ, കച്ചേരിസ്ഥലം. 2) കുന്നത്തുനാട്ട്, 3) കോതകുളങ്ങര, 4) അശമന്നൂർ, 5) തൃക്കാക്കര— ക്ഷേത്രപ്രധാനം. (ആലുവാ— സുഖവാസസ്ഥലം. വേനൽക്കാലത്ത് ഇവിടെ കുളിച്ചുതാമസിക്കുന്നതിനു് അനവധി ആളുകൾ കൂടുന്നു.)

**9. പറവൂർ—** 1) പറവൂർ— 9-ാമത്തെ പട്ടണവും, കച്ചേരിസ്ഥലവും. 2) ആലങ്ങാട്ട്, 3) [illegible]ാക്കടവ്— പറവൂർ തമ്പുരാക്കന്മാരുടെ താമസസ്ഥലം. 4) വടക്കേക്കര, 5) ഇടപ്പള്ളി. [illegible]രം)

**ദേവികുളം ഡിവിഷൻ— 1. പീരുമേട്ട്,** 1) പീരുമേട്ട് കച്ചേരിസ്ഥലവും സുഖവാസസ്ഥലവും, 2) പെരുവന്താനം, 3) വണ്ടമേട്ട്, 4) രാമക്കൽ, 5) കുമിളി, മധുരജില്ലയിലേക്ക് ഈ വഴി, റോഡ് പോകുന്നു. ചവുക്കസ്ഥലം, 6) മ്ളാപ്പാറ.

**2. ദേവികുളം—** 1) ദേവികുളം കച്ചേരിസ്ഥലം, ഇവിടെ ധാരാളം ഫാക്ടറികളുണ്ട്. 2) മൂന്നാറ് ഇവിടെ യൂറോപ്യൻ ഷാപ്പുണ്ട്. ഇവിടെനിന്ന് തേയില, റബ്ബർ, കാപ്പി ഇവ കയററി അയക്കുന്നു. 3) പള്ളിവാസൽ, ഇവിടത്തെ അരുവിയിൽനിന്ന് കിട്ടുന്ന ഇലക്ട്രിസിററികൊണ്ട് കണ്ണൻദേവൻ കമ്പനിക്കാർ പല ജോലിയും നടത്തുന്നു. 4) തലയാറ്, 5) നാച്ചിവയൽ, 6) മറയൂർ, ചവുക്കസ്ഥലം, 7) ഏലപ്പട്ടി, മൂന്നാറിൽനിന്നുള്ള ലൈററ് റയിൽവെ ഇവിടെ പന്നവസാനിക്കുന്നു. (ഈ റയിൽവെ തോട്ടക്കാരുടെ വകയാണ്.) 8) ബോഡിനായ്ക്കന്നൂർ, ചവുക്കസ്ഥലം, 9) പൂപ്പാറ, 10) ഉടുമ്പൻചോല.

## പേരുകൾ.

നമുക്കറിവുള്ള സകലതിനും പേരുകളുണ്ട്. പേരില്ലാത്ത ഒന്നിനെപ്പററി ധരിക്കുകയെന്നുള്ളത് മനുഷ്യബുദ്ധിക്ക് ശക്യമല്ല. അനേകമെണ്ണത്തിൽനിന്ന് ഒന്നിനെ തിരിച്ചറിയുന്നതും പേരുകൊണ്ടുതന്നെയാണ്. ഇക്കാരണത്താൽ വിസ്താരമേറിയ ഭൂതലത്തിൽ ഒരംശം തിരിച്ചറിയേണ്ടതിനു പ്രത്യേകമായ ഒരു പേരു അതിനുണ്ടായിരിക്കതന്നെവേണം. ഒരു പേരുതന്നെ ഒന്നിലധികം സ്ഥലങ്ങൾക്കുണ്ടായിരുന്നാൽ പല കുഴപ്പത്തിനും ഇടയായിത്തീരുന്നു. താമരക്കുളം, കുന്നത്തൂർ, പുതുപ്പള്ളി, പള്ളിക്കൽ, മണക്കാട്ട്, മുട്ടം, തുടങ്ങിയുള്ള സ്ഥലങ്ങളിലേക്കു് എഴുത്തയക്കുന്നവർ നിശ്ചിത സ്ഥലത്തുതന്നെ കത്തു കിട്ടുവാൻവേണ്ടി എന്തു ലക്ഷ്യംകൂടി എഴുതിച്ചേർക്കാറുണ്ടെന്ന് അന്വേഷിക്കണം. കുലശേഖരമംഗലത്തേക്കുള്ള എഴുത്തിന്റെ പുറത്തു്, കുലശേഖരപുരമെന്നോ, കുലശേഖരമെന്നോ എഴുതിയാൽ ഉദ്ദിഷ്ട സ്ഥലത്തു് അതു് ചെന്നുചേരുകയില്ല. ഇത്രയും പറഞ്ഞതിൽനിന്ന് പേരിന്റെ ആവശ്യവും അതിന്റെ പ്രാധാന്യവും നിങ്ങൾക്കു മനസ്സിലായിരിക്കും. ഇനി ഈ പേരുകളുടെ ഉത്ഭവത്തെപ്പററിയാണ് അല്പം ചിന്തിക്കാനുള്ളത്. കാര്യകാരണങ്ങൾകൊണ്ടു മാത്രമേ ഒരു സ്ഥലത്തിനു് ഒരു പേരുണ്ടാകയുള്ളോ? എന്നുള്ള ചോദ്യം തൽക്കാലം വിസ്മരിച്ചുകൊണ്ട് താഴെ കാണുന്ന പേരുകൾ എങ്ങിനെയുണ്ടായതായിരിക്കാമെന്ന് പരിശോധിക്കുക!

1. എ) മലയാററൂർ, മലയിൻകീഴ്, കാട്ടൂർ, നെടുംകുന്നം, മലമേൽ, ബി) കുന്നത്തൂർ, കുന്നത്തുനാട്ട്, പൊൻകുന്നം, നെടുംകുന്നം, കുന്നുകുഴി, സി) കുഴിത്തുറ, പള്ളം, കുഴിമതികാട്ട്, അണ്ടിയിറക്കം. ഡി) പാറശ്ശാല, പാറപ്പള്ളി, പാറക്കടവ്, ചെങ്കൽ, കരിങ്കൽ, ഇ) മണ്ണൂർ, മണലിക്കര, മണ്ണുക്കനാട്ട്, മണക്കാട്ട്, കരിമണ്ണൂർ, എഫ്) ആററൂർ, ആററുങ്ങൽ, ആറൻമുള, തിരുവട്ടാർ, പൂവാറ്, ജി) ചെങ്കുളം, കരിങ്കുളം, അറക്കുളം, തലക്കുളം, പൈങ്കുളം, എച്ച്) തുലയാവട്ട, നീണ്ടൂർ, നീണ്ടകര, ഐ) വെച്ചൂർ, വയയ്പ്പ്.

2. എ) അഗസ്ത്യകൂടം, ശബരിമല, കുമരുട്ടി, ബി) കന്യാകുമാരി, ശുചീന്ദ്രം, വർക്കല, പേച്ചിപ്പാറ, വൈക്കം, കടുത്തുരുത്തി, സി) കുമാരമംഗലം, രാമമംഗലം, കോതമംഗലം, പുത്തൻകരിശ്ശ്.

3. ബാലരാമപുരം, കുലശേഖരപുരം, വീരകേരളപുരം, (വീരളം) ശ്രീമൂലപുരം, ഉദയമാർത്താണ്ഡപുരം.

4. തേങ്ങാപ്പട്ടണം, പുല്ലുവിള, തോവാളക്കര.

5. പറകോട്ട്, കറവർകോട്ട്, ചെരിപ്പാൻകോട്ട്, പുലയനാർകോട്ട, കൊച്ചുവേലൻകുടി.

6. അറക്കുളം, കടുവാക്കോണം, പന്നിപിഴ, കിളിമാനൂർ, കിളികൊല്ലൂർ.

7. എ) പോരുവഴി, കീഴ്പോരൂർ, പോരുർക്കര, പരശുവയ്ക്കൽ, വാഴ്ത്തിച്ചതോട്ടം, (വാൾവച്ചഗോഷ്ടം) ബി) ശൂരൻകുടി, ശൂരനാട്ട്, പടനായർകുളങ്ങര.

മേൽപ്പറഞ്ഞവയെപ്പററി ചിന്തിച്ചുനോക്കുകയാണെങ്കിൽ പ്രകൃതിവിശേഷം, ഐതിഹ്യം, ദേവാലയം, സ്മാരകം, വിളവ്, ജാതി, ജീവികൾ, ചരിത്രസംഭവം മുതലായവയെ അടിസ്ഥാനമാക്കി ധാരാളം പേരുകൾ ഉണ്ടായിട്ടുണ്ടെന്ന് നിങ്ങൾക്കു ബോധപ്പെടും. (പേരുകൾ ആഗമനം പരിശോധിച്ചു നോക്കുന്നവഷം വകുപ്പുകളുടെ എണ്ണം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാവുന്നതാണ്. എല്ലാ പേരുകളും മുൻപട്ടികകളിൽ ഉൾപ്പെടുമെന്നോ അവ അനപത്ഥമായിട്ടു തന്നെയിരിക്കുമെന്നോ ഒരിക്കലും വിചാരിക്കരുത്.)

## XI.

## ഗതാഗത മാർഗ്ഗങ്ങൾ.

ജനങ്ങൾ ഏതേതു ഭാഗങ്ങളിൽ തിങ്ങി കുടിപാർക്കുന്നുവോ ആ ഭാഗങ്ങളിൽ ധാരാളം ഗതാഗതമാർഗ്ഗങ്ങളുമുണ്ടായിരിക്കുമെന്ന് ഒരു നല്ല പടം നോക്കിയാൽ നിങ്ങൾക്കു ബോധപ്പെടും. വ്യവസായാഭിവൃദ്ധിയുണ്ടാകുന്നതോടുകൂടി സമയത്തിന്റെ വില മനുഷ്യൻ ഗ്രഹിക്കുകയും കുറഞ്ഞ സമയംകൊണ്ടു കൂടുതൽ കാര്യ


സാധിക്കുന്നതിന് യത്നിക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലങ്ങളിൽ ഒന്നാണ് ഗതാഗതമാർഗ്ഗത്തിന്റെയും വാഹനങ്ങളുടെയും പരിഷ്കാരം. നമ്മുടെ സംസ്ഥാനത്തു് ഇപ്പോൾ കരമാർഗ്ഗമായും, ജലമാർഗ്ഗമായും, സഞ്ചരിക്കാവുന്ന അനേകം പരിഷ്കൃത വാഹനങ്ങളുണ്ട്. ഗതാഗത മാർഗ്ഗങ്ങളിൽ ഒന്നാമത്തേതു് സ്ഥലമാർഗ്ഗവും, രണ്ടാമത്തേതു് ജലമാർഗ്ഗവുമാകുന്നു.

**സ്ഥലമാർഗ്ഗം—** 1) തെക്കൻ മെയിൻറോഡ് തിരുവനന്തപുരത്തുനിന്ന് ആരുവാമൊഴി അതിർത്തിവരെ നീളം 53 മൈൽ.

**ഒരു യാത്ര—** നമുക്കു തെക്കൻ മെയിൻറോഡുവഴി കിഴക്കോട്ടു തിരിക്കാം. (തിരുവനന്തപുരത്തുനിന്നും സാധാരണ കിഴക്കോട്ടു പോകയെന്നാണ് പറയുക.) തിരുവിതാംകൂറിലുള്ള എല്ലാ റോഡുകളുടേയും കേന്ദ്രസ്ഥാനം കിഴക്കേ കോട്ടവാതിലാണ്. ഇവിടെനിന്നും ഒന്നു വടക്കോട്ടും, പിന്നൊന്ന് നേരെ തെക്കോട്ടും, മറ്റൊന്നു നേരെ കിഴക്കോട്ടും പോകുന്നു. കിഴക്കോട്ടുള്ള റോഡിൽകൂടിയാണ് യാത്ര ആരംഭിക്കേണ്ടതു്. റോഡ് ആരംഭിക്കുന്ന സ്ഥലംമുതൽ ഏകദേശം കിള്ളിയാററിലെ പാലംവരെ ഇരു വശങ്ങളിലും, ശാഖാറോഡുകളിലും, പീടികകൾ തിങ്ങിയിരിക്കുന്നതു കാണാം. ഇതാണ് ഇവിടത്തെ പ്രധാന കച്ചവടസ്ഥലമായ ചാല. കിള്ളിയാറു കഴിഞ്ഞു കിഴക്കോട്ടു കാണുന്ന സ്ഥലത്തിനു കരമനയെന്നു പേർപറയുന്നു. ഇവിടെക്കൂടിയാണ് കരമനയാറു് ഒഴുകുന്നതു്. കരമനയാറു് ഒഴിയുന്നതോടുകൂടി നാം നെയ്യാററിൻകരത്താലൂക്കിലായിത്തീരുന്നു. കരമനപ്പാലം ഇഷ്ടികകൊണ്ടു കെട്ടിയുണ്ടാക്കീട്ടുള്ളതും വളരെ പഴക്കമുള്ളതുമാണ്. ഇതിനു കിഴക്കുള്ള നേമം കഴിഞ്ഞാൽ നാം ബാലരാമപുരത്തെത്തും. ഇരുവശവും ഞെരുങ്ങിയ കടകൾ, പരിശ്രമികളായ ചാലിയന്മാരുടെ തെരുവു. (നെയ്ത്തു് — തൊഴിൽ, നേരിയതു്) ഒരു വലിയ ചന്ത, (ആറാലുംമൂട്) കരിങ്കൽകൊണ്ടു പണിചെയ്തിട്ടുള്ള ഒരു പള്ളിക്കൂടം ഇവ അടുത്തുതന്നെ കാണാം. ഇവിടെനിന്നും വടക്കോട്ട് കാട്ടാക്കട എന്ന ചന്തസ്ഥലത്തേക്കും തെക്കോട്ടു വിഴിഞ്ഞം, പൂവാറു് ഈ സ്ഥലങ്ങളിലേക്കും തിരിവുറോഡുകളുണ്ട്. ബാലരാമപുരത്തുനിന്നും 3 മൈൽ യാത്രചെയ്താൽ നെയ്യാററിൻകരെ എത്താം. ഇതു് താലൂക്കിന്റെ പ്രധാന സ്ഥലമാണ്. (ഒരു താലൂക്കിന്റെ പ്രധാന സ്ഥലത്തിന് വേണ്ട സകല സ്ഥാപനങ്ങളും ഇവിടെയുണ്ട്, ഇവിടെനിന്നും നെയ്യാററിലെ പാലവും നെയ്ത്തിനു പ്രസിദ്ധമായ അമരവിളയും കഴിഞ്ഞാൽ പാറശ്ശാലയിൽ എത്തും. ഇവിടെനിന്നും തെക്കോട്ടുള്ള റോഡ്, തെങ്ങിനു പ്രസിദ്ധമായ മുഞ്ചിറ, നെയ്ത്തിനു പ്രസിദ്ധമായ ഉണ്ണാവിളക്കട, തെങ്ങിൻതോട്ടങ്ങളെക്കൊണ്ടു നിറഞ്ഞ തേങ്ങാപ്പട്ടണം ഇവയെ പാറശ്ശാലയോടു യോജിപ്പിക്കുന്നു. വീണ്ടും 2 മൈൽ നടന്നാൽ കരിപ്പെട്ടി, പുളി, കലം ഇവ കയററിക്കൊണ്ടു പോകുന്നതിനുള്ള ചക്കിടാവണ്ടികൾ നിറഞ്ഞ കളിക്കാവിള കാണാം. ഇവിടെനിന്നു 3 മൈൽകൂടി യാത്രചെയ്യുന്നപക്ഷം വിളവൻകോട്ടു താലൂക്കിന്റെ തലസ്ഥാനത്തെത്തും. ഇവിടം ശരിയായ ഒരു താവള സ്ഥലമാകുന്നു. കുഴിത്തുറ (തിരുവനന്തപുരത്തുനിന്നു 23 മൈൽ) താമ്രവർണ്ണിയുടെ സാമീപ്യത്താൽ മനോഹരമായിത്തീർന്നിട്ടുള്ള ഒരു സ്ഥലമാണ്. ഇവിടെ നദിയിൽ ഒരു ചപ്പാത്തും, (നദിയിൽ കരിങ്കൽ പാകി ഉറപ്പിച്ചിരിക്കുന്ന സ്ഥലം. വെള്ളക്കുറവുള്ളപ്പോൾ വണ്ടികൾ സഞ്ചരിക്കുന്നു. വേനൽക്കാലത്തു് ഇതിൽനിന്നുള്ള കുളി വളരെ സൌഖ്യമായിരിക്കും) തിരുവിതാംകൂറിലേക്കു് ഏററവും നീളമുള്ളതും, ഉറപ്പുള്ളതുമായ ഒരു പാലവും കെട്ടിയിട്ടുണ്ട്. ഒരു മൈൽകൂടി വീണ്ടും യാത്രചെയ്താൽ തൊടുവെട്ടി (മാർത്താണ്ഡം) എന്ന കച്ചവടസ്ഥലത്തു ചെല്ലും. ഇനി നമുക്ക് അല്പദൂരം തെക്കൻ മെയിൻറോഡു വിട്ടു സഞ്ചരിക്കേണ്ടിയിരിക്കുന്നു.

മാർത്താണ്ഡത്തുനിന്നും ഇടത്തോട്ടുള്ള ശാഖാറോഡുവഴി തിരിച്ചാൽ ഫലഭൂയിഷ്ഠവും ജനാഭിവൃദ്ധിയുള്ളതും, ആദികേശവസ്വാമിക്ഷേത്രംകൊണ്ടും അരുവികൊണ്ടും പ്രസിദ്ധവും, കേരളവർമ്മരാജാവിന്റെ പരാക്രമത്തിനും, തിരുവിതാംകൂറുകാരുടെ യുദ്ധനൈപുണ്യത്തിനും സാക്ഷ്യവും, വളഞ്ഞുതിരിഞ്ഞുള്ള താമ്രവർണ്ണിയുടെ ഗതികൊണ്ട് മനോഹരവും മൂന്നാററുമുഖത്തുവച്ച് ഊടുകൂട്ടുകൂടി ഇതിൽ വന്നുചേരുന്ന കോതയാററിന്റെ പ്രവാഹംകൊണ്ട് ഗംഭീരവുമായ തിരുവട്ടാററിൽ എത്താം. തിരുവിതാംകോട്ടുകാരെ അകമാനം വിറപ്പിച്ച്, ഉമയമ്മറാണിയെ ഭയവിഹ്വലയാക്കിത്തീർത്ത മുഗൾ സർദാർ നിര്യാണം ചെയ്യുന്ന ശവകുടീരം കാണപ്പെടുന്നതിനു സമീപം കാണാം. ഇവിടെനിന്നും നേരെ വടക്കുകിഴക്കായി തിരിച്ചാൽ കുലശേഖരത്തെത്താം. എൻജിനിയർ ഡിപ്പാർട്ടുമെൻറുകാരുടെ ഒരു പ്രധാന സ്ഥലമാണിതു്. ഇതിനെ പേച്ചിപ്പാറ, നാഗർകോവിൽ, ഭൂതപ്പാണ്ടി, ചുരുളകോട്, തുടങ്ങിയ ഈ സ്ഥലങ്ങളുമായി ടെല്ലിഫോൺകൊണ്ടു യോജിപ്പിച്ചിരിക്കുന്നു. ഇവിടെനിന്നും 6 മൈൽ യാത്രചെയ്താൽ തിരുനന്തിക്കര, തൃപ്പരപ്പു ഈ വഴി പേച്ചിപ്പാറയിൽ എത്താം. (പേച്ചിപ്പാറ അണയെപ്പററി പിറകേ വിവരിക്കുന്നതാണ്.) തൃപ്പരപ്പിൽനിന്നു നെട്ടമങ്ങാട്ടേക്കുള്ള മല സംബന്ധിച്ച റോഡിനു 30 മൈൽ നീളമുണ്ട്.

നമുക്കു മെയിൻറോഡിൽനിന്ന് തിരിച്ചു് തൊടുവെട്ടിയിൽ എത്തിയതെന്നെ എളുപ്പവഴിക്ക് പത്മനാഭപുരത്തു വന്നുചേരാം. ഇവിടം പുരാതനകാലത്തെ രാജധാനിയായിരുന്നുവെന്നും, ഒരു രാജധാനിക്കു വേണ്ട സകല രക്ഷകളും ഇവിടെ ബുദ്ധിപൂർവ്വം ചെയ്തിട്ടുണ്ടെന്നും, കാണുന്ന മാത്രയിൽ ഗ്രഹിക്കാവുന്നതാണ്. ഒരു വശത്ത് ഉന്നതമായ വേളിമലകൊണ്ടും, മററു ഭാഗങ്ങൾ കരിങ്കൽ കൊത്തളങ്ങളാലും കിടങ്ങുകളാലും സുരക്ഷിതമാക്കിയിരിക്കുന്നു. അകത്തിരുന്ന് വെടിവെയ്ക്കുന്നതിനും വേണ്ട സൌകര്യങ്ങൾ വരുത്തീട്ടുള്ള പ്രധാന കോട്ടയുടെ ദ്വാരങ്ങൾ അതിശയത്തെ ഉണ്ടാക്കുന്നതാണ്. ഈ വലിയ കോട്ടയുടെ അകത്തു പ്രാചീനമായ പല കെട്ടിടങ്ങളും ഇപ്പോഴുമുണ്ട്. ഇതിനെ കല്ക്കുളം താലൂക്കിന്റെ പ്രധാന കച്ചേരിസ്ഥലമായി ഉപയോഗിച്ചുവരു



No. 19
തിരുവിതാംകൂർ
പ്രധാന റോഡുകൾ
1 ഇഞ്ച് = 18½ മൈ:
0
9¼
18½
വ.
റോഡ്
താലൂക്ക്
10°
10°
77°
ചിന്നാറ്
മറയൂർ
തലയാറ്
മൂന്നാറ്
ആലുവാ
പെരുമ്പാവൂർ
കാലടി
എറണാകുളം
മൂവാറ്റുപുഴ
തൊടുപുഴ
പൂപ്പാറ
ഉടുമ്പൻചോല
വണ്ടൻമേട്
കുമിളി
പാലാ
വൈക്കം
ചേർത്തല
കോട്ടയം
പെരിയാർ
പീരുമേട്
ആലപ്പുഴ
ചങ്ങനാശ്ശേരി
അമ്പലപ്പുഴ
തിരുവല്ലാ
റാന്നി
ചെങ്ങന്നൂർ
തോട്ടപ്പള്ളി
അരിപ്പാട്
മാവേലിക്കര
പന്തളം
കായംകുളം
കരുനാഗപ്പള്ളി
അടൂർ
പത്തനാപുരം
ചെങ്കോട്ട
കൊല്ലം
ചാത്തന്നൂർ
പരവൂർ
ചടയമംഗലം
കുളത്തൂപ്പുഴ
വർക്കല
ആറ്റിങ്ങൽ
വാമനപുരം
കല്ലാർ
വിതുര
നെടുമങ്ങാട്
ആര്യനാട്
തിരുവനന്തപുരം
ബാലരാമപുരം
നെയ്യാറ്റിൻകര
വിഴിഞ്ഞം
കളിയിക്കാവിള
തക്കല
കന്യാകുമാരി

[illegible]

[illegible]

[illegible]